33rd Year of Service 2025

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 15, 2025 Vol. XXXIII No. 38

3 വന്യമൃഗഭീഷണി: ഭേദഗതി ബില്ലിന്റെ കരട് ...
4 ലണ്ടനിൽ കുറ്റൻ കുടിയേറ്റ വിരുദ്ധ റാലി
11 വയനാട് ഫണ്ട് സർക്കാർ തിരിച്ചെടുത്തു
12 ബെൻസൻവിൽ ഇടവകയിൽ മരിയൻ സംഗമം
15 കെ.സി.എസ്. ചിക്കാഗോ ഓണം 2025

## വഖഫ് നിയമഭേദഗതിക്ക് സുപ്രീം കോടതിയുടെ ഭാഗിക സ്റ്റേ

ന്യൂഡൽഹി: വഖഫ് നിയമത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഭേദഗതിക്ക് ഭാഗിക സ്റ്റേ അനുവദിച്ച് സുപ്രീംകോടതി. നിയമവുമായി ബന്ധപ്പെട്ട ചില വ്യവസ്ഥകളിൽ മാത്രമാണ് സ്റ്റേ അനുവദിക്കാൻ കോടതി തയ്യാറായത്. വഖഫ് സമർപ്പണത്തിനെക്കുറിച്ചുള്ള നിയമ ഭേദഗതിയായിരുന്നു ഇതിൽ പ്രധാനം. വഖഫ് സമർപ്പിക്കുന്നയാൾ ഇസ്‌ലാം മതം അഞ്ച് വർഷമായി പിന്തുടരുന്നയാൾ ആയിരിക്കണം എന്ന ഭേദഗതിയിലെ വ്യവസ്ഥ സുപ്രീം കോടതി സ്റ്റേ ചെയ്തു. ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരുകൾ നിയമങ്ങൾ രൂപീകരിക്കുന്നതു വരെയാണ് കോടതി സ്റ്റേ നല്കിയത്. ഏകപക്ഷീയമായ അധികാരം പ്രയോഗിക്കുന്നതിലേക്ക് ഈ വ്യവസ്ഥ കാരണമാകും എന്നുകണ്ടാണ് സ്റ്റേ അനുവദിച്ചത്.

വഖഫ് ബോർഡുകളിലേക്കുള്ള നിയമനങ്ങളിലും സുപ്രീം കോടതി ശ്രദ്ധേയമായ നിരീക്ഷണം നടത്തിയിട്ടുണ്ട്. ബോർഡുകളിൽ അമുസ്‌ലിം അംഗങ്ങളെ നാമനിർദേശം ചെയ്യാനുള്ള വ്യവസ്ഥ ഏറെ വിവാദമായിരുന്നു. എന്നാൽ, ഇത് സ്റ്റേ ചെയ്യാൻ കോടതി തയ്യാറായില്ല. അതേസമയം കേന്ദ്ര വഖഫ് കൗൺസിലിൽ നാലും സംസ്ഥാന വഖഫ് ബോർഡിൽ മൂന്നും അമുസ്‌ലിമുകളിൽ കൂടുതൽ പേർ പാടില്ലെന്നു കോടതി നിരീക്ഷിച്ചു. അതേസമയം ബോർഡിലെ എക്സ് ഒഫീഷ്യോ അംഗം മുസ്‌ലിം ആയിരിക്കണമെന്നും കോടതി നിർദേശത്തിലുണ്ട്.



വഖഫ് സ്വത്തിൽ തർക്കം ഉയർന്ന് അന്വേഷണം തുടങ്ങിയാൽ ആ ഭൂമിക്ക് വഖഫ് പദവി ഇല്ലാതാകും എന്ന വ്യവസ്ഥയിലും കോടതി ഇടപെട്ടു. തർക്കം തീർപ്പാക്കാൻ കളക്ടർ ഉദ്യോഗസ്ഥനെ അനുവദിക്കുന്നതിലും കോടതി ഇടപെടലുണ്ട്. ഈ വ്യവസ്ഥയും കോടതി ഭാഗിക സ്റ്റേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധികാര വിഭജനത്തിന്റെ ലംഘനമെന്ന് കണ്ടാണ് കോടതിയുടെ ഇടപെടൽ. വ്യക്തിപരമായ പൗരന്മാരുടെ അവകാശങ്ങൾ വിധിക്കാൻ കളക്ടർക്ക് അധികാരമില്ലെന്ന് കോടതി നിരീക്ഷിച്ചു. നിയമ ഭേദഗതിയുടെ സെഷൻ 3സി പ്രകാരം തർക്കപ്രദേശങ്ങളിൽ കളക്ടർ ചുമതലപ്പെടുത്തിയ സംഘം അന്വേഷണം തുടങ്ങിയാൽ അതുടൻ വഖഫ് ഭൂമി അല്ലാതാവും എന്ന വ്യവസ്ഥയും സുപ്രീം കോടതി സ്റ്റേ ചെയ്തു. അതേസമയം, ഭേദഗതിയുടെ മുഴുവൻ വ്യവസ്ഥകളും സ്റ്റേ ചെയ്യാൻ കോടതി തയ്യാറായില്ല. ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ്, ജസ്റ്റിസ് അഗസ്റ്റിൻ ജോർജ് മസീഹ് എന്നിവരുൾപ്പെട്ട ബെഞ്ചാണ് ഭാഗിക സ്റ്റേ അനുവദിച്ചത്. (ശേഷം 34-ാം പേജിൽ)

## രാഹുൽ മാങ്കൂട്ടത്തിൽ നിയമസഭയിലെത്തി

തിരുവനന്തപുരം: ലൈംഗികാരോപണങ്ങൾക്കു പിന്നാലെ കോൺഗ്രസിൽനിന്ന് സസ്പെൻഡ് ചെയ്ത പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടത്തിൽ നിയമസഭയിലെത്തി.



വിവാദങ്ങളെത്തുടർന്ന് ഏറെ നാളായി പൊതുപരിപാടികളിൽനിന്ന് വിട്ടുനിന്ന പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടത്തിൽ സെപ്റ്റംബർ 15-ന് നിയമസഭയിലെത്തി. രാവിലെ 9.20-ഓടെയാണ് അദ്ദേഹം സഭയിലെത്തിയത്.

ഒരു സുഹൃത്തിന്റെ ഇന്നോവ കാറിൽ യൂത്ത് കോൺഗ്രസ് ജില്ല അദ്ധ്യക്ഷനോടൊപ്പമാണ് രാഹുൽ സഭയിലെത്തിയത്. രാഹുൽ എത്തുമോ എന്ന സസ്പെൻസ് നിലനിൽക്കെയാണ് ഔദ്യോഗിക വാഹനം ഒഴിവാക്കി രാഹുൽ നിയമസഭയിലെത്തിയത്. വിവാദങ്ങളെ തുടർന്ന് കോൺഗ്രസ് പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽനിന്നും സസ്പെൻഡ് ചെയ്യപ്പെട്ട രാഹുലിനോട് സഭ സമ്മേളനത്തിൽ പങ്കെടുക്കരുതെന്ന് നിർദേശം നൽകിയിരുന്നു. ഭരണപക്ഷത്തിനെതിരെ ഉയർത്തുന്ന പോരാട്ടങ്ങളുടെ മുനയൊടിക്കാൻ രാഹുലിന്റെ സാന്നിധ്യം ഭരണപക്ഷം ആയുധമാക്കുമെന്ന് പ്രതിപക്ഷ നേതാവ് വ്യക്തമാക്കിയിരുന്നു. എന്നാൽ പാർട്ടിയിലെ ഒരു വിഭാഗം നേതാക്കൾ രാഹുൽ സഭയിലെത്തുന്നത് വിലക്കേണ്ടതില്ലെന്ന നിലപാടാണ് സ്വീകരിച്ചത്. സഭയിലെത്തിയ രാഹുൽ പ്രത്യേക ബ്ലോക്കിലാണ് ഇരുന്നത്. സിപിഎം ബന്ധം അവസാനിപ്പിച്ചതിനു ശേഷം (ശേഷം 34-ാം പേജിൽ)

## മന്ത്രിമാർക്കും എംഎൽഎമാർക്കും തൽക്കാലം ശമ്പളവർദ്ധനയില്ല

തിരുവനന്തപുരം: മന്ത്രിമാരുടെയും എംഎൽഎമാരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള ബിൽ ഈ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കില്ലെന്ന് സൂചന.

ഹൈക്കോടതി റിട്ട. ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷന്റെ ശിപാർശ അടങ്ങിയ ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്കു എത്തിയെങ്കിലും തൽക്കാലം നടപടി വേണ്ടെന്ന് മുഖ്യമന്ത്രി നിർദ്ദേശിക്കുകയായിരുന്നു.

ഇപ്പോൾ ശമ്പളവർദ്ധന വേണ്ടെന്ന് മുഖ്യമന്ത്രി യോഗത്തിൽ പറഞ്ഞു. തദ്ദേശ-നിയമസഭാ തെരഞ്ഞെടുപ്പുകൾ അടുത്തിരിക്കെ ശമ്പളം വർദ്ധിപ്പിക്കുന്നത് പൊതുജനാഭിപ്രായം എതിരാക്കുമെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി.

രാഷ്ട്രീയ കക്ഷികൾ എല്ലാം ശമ്പളവർദ്ധനയ്ക്ക് അനുകൂലമാണ്. ഇതു സംബന്ധിച്ച ബിൽ കൊണ്ടുവരുന്നതിനോട് യോജിക്കുമെന്ന് പ്രതിപക്ഷം സ്പീക്കറെ അറിയിച്ചിരുന്നു. നിലവിലെ ശമ്പളവും ആനുകൂല്യവും മണ്ഡലത്തിലെ ചെലവുകൾക്ക് തികയുന്നില്ലെന്നാണ് എംഎൽഎമാരുടെ പക്ഷം.

2018-ൽ എംഎൽഎമാരുടെ ശമ്പളം, മണ്ഡലം അലവൻസ്, ടെലിഫോൺ അലവൻസ്, യാത്രാബത്ത തുടങ്ങിയവ 39,500 രൂപയിൽ നിന്ന് 70,000 രൂപയാക്കി ഉയർത്തിയിരുന്നു.

മന്ത്രിമാരുടെ ശമ്പളം 55,012-ൽനിന്ന് 97,429 രൂപയായും ഉയർത്തിയിരുന്നു. മന്ത്രിമാർക്ക് ശമ്പളത്തിനു പുറമെ കിലോമീറ്റർ അടിസ്ഥാനത്തിൽ പരിധിയില്ലാതെ യാത്രാബത്ത ലഭിക്കും. മന്ത്രിമാർക്ക് വാഹനവും വസതിയും പേഴ്സനൽ സ്റ്റാഫ് അംഗങ്ങളും ഉണ്ടാകും. തിരുവനന്തപുരത്തിനു പുറത്ത് ഗവ. ഗസ്റ്റ്ഹൗസുകളിൽ താമസിക്കാം.

മന്ത്രിമാർക്കും നിയമസഭാംഗങ്ങൾക്കും വീട് നിർമിക്കുന്നതിനും വാഹനം വാങ്ങുന്നതിനും പലിശരഹിത വായ്പ ലഭിക്കും. രോഗം വന്നാൽ വിദേശത്തുൾപ്പെടെ ചികിത്സിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കും. ഇതിനും പരിധിയില്ല. ജീവിതപങ്കാളിക്കും ചികിത്സാച്ചെലവ് ലഭിക്കും. മുൻ നിയമസഭാംഗങ്ങൾക്കും ചികിത്സാച്ചെലവിന് അർഹതയുണ്ട്.

കാലാവധി കഴിഞ്ഞ നിയമസഭാംഗങ്ങൾക്കു പെൻഷനും ലഭിക്കും. മന്ത്രിമാരുടെ പേഴ്സണൽ സെക്രട്ടറി, സ്പെഷൽ പ്രൈവറ്റ് സെക്രട്ടറി എന്നിവർക്ക് 1.45 ലക്ഷം രൂപയാണ് ശരാശരി ശമ്പളം.

അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിക്ക് 1.3 ലക്ഷം ലഭിക്കും.

## ജാർഖണ്ഡിൽ മാവോയിസ്റ്റ് നേതാവ് ഉൾപ്പെടെ മൂന്നുപേരെ വധിച്ചു

റാഞ്ചി: ജാർഖണ്ഡിലെ ഹസാരിബാഗ് ജില്ലയിൽ സെപ്റ്റംബർ 15-ന് സുരക്ഷാസേനയുമായുള്ള ഏറ്റുമുട്ടലിൽ, തലയ്ക്ക് ഒരു കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ച മാവോയിസ്റ്റ് നേതാവ് ഉൾപ്പെടെ മൂന്നുപേർ കൊല്ലപ്പെട്ടു.

ഗോർഹാർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പന്തിത്രിവനത്തിൽ രാവിലെ ആറോടെ നിരോധിത സിപിഐ (മാവോയിസ്റ്റ്) നേതാവായ സഹദേവ് സോറന്റെ സംഘവും സുരക്ഷാസേനയും തമ്മിൽ ഏറ്റുമുട്ടൽ ഉണ്ടായതായി മുതിർന്ന പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു. ഒരു കോടി രൂപ ഇനാം പ്രഖ്യാപിച്ചിരുന്ന സഹദേവ് സോറന്റെയും മറ്റ് രണ്ട് മാവോയിസ്റ്റുകളുടെയും മൃതദേഹങ്ങൾ തെരച്ചിലിനിടെ കണ്ടെടുത്തതായും ഉദ്യോഗസ്ഥൻ അറിയിച്ചു. മേഖലയിൽ ഇപ്പോഴും തെരച്ചിൽ തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു.

BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY

SUNNY
FINANCIAL STRATEGIES, LLC

**Tom Sunny, CFP®, CLU®, RICP®**
**Financial Advisor & Planner**
847-414-9116 tom@sunnyfinancial.com

- Comprehensive Financial Planning
- Risk Management & Insurance: Life/Disability/Long Term Care/Health/Medicare
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Professional Investment Management & Guidance
- Business Plans/Employee Benefits/Pension
- Retirement Income/Retirement Savings
- Tax Planning Strategies
- Estate Planning: Trusts/Wills
- Education Funds



www.sunnyfinancial.com

475 N Martingale Rd, Suite 1250, Schaumburg, IL 60173

Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.


## 26th Death Anniversary

**9-23-2025**



## THOMAS KURIAN

**VARIKKATTU**

**MIAMI**

Inserted by: Sorrowing Family


## SEEKING A SENIOR PASTOR

**IPC ORLANDO, FLORIDA**

**The India Pentecostal Church** of Central Florida in Orlando, Florida is seeking a Senior Pastor to lead the congregation. IPC Orlando is a vibrant and growing church with a membership that consists of both English and Malayalam speaking adults of diverse age groups, as well as both children and young adults.

The Senior Pastor at a minimum must have a Bachelor's Degree in Christian Theology with fifteen years of ministry experience in leading a similar multi-lingual congregation in the U.S. or Canada.

As the congregation continues to experience consistent growth during the last thirty-eight years, the leader is primed and ready to continue the expansion by relating to a wide variety of people and ages.

Has a desire to disciple our congregation toward depth and service to our Lord and Savior, Jesus Christ.

A U.S. or Canada citizen or permanent resident.

Please contact no later than 20 September 2025 with a current biodata addressed to:
**Pastor Search Committee, IPC Orlando,**
**11551 Winter Garden Vineland Road, Orlando, FL 32836**

(407) 484-8838 psc@ipcorlando.org www.ipcorlando.org



## YOUTH PASTORAL VACANCY

**Bethel Pentecostal Assembly, Bay Area, California**

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.

## കെഎസ്‌യു പ്രവർത്തകരെ മുഖംമൂടി ധരിപ്പിച്ച സംഭവം; വടക്കാഞ്ചേരി എസ്എച്ച്ഒയെ സ്ഥലംമാറ്റി

വടക്കാഞ്ചേരി: കെഎസ്‌യു പ്രവർത്തകരെ മുഖംമൂടി ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ സംഭവത്തിൽ വടക്കാഞ്ചേരി എസ്എച്ച്ഒ യു.കെ. ഷാജഹാന് സ്ഥലംമാറ്റം. പോലീസ് ആസ്ഥാനത്തേക്കാണ് സ്ഥലം മാറ്റിയത്.



എസ്എഫ്ഐ-കെഎസ്‌യു സംഘട്ടനക്കേസിൽ അറസ്റ്റിലായ മൂന്ന് കെഎസ്‌യു പ്രവർത്തകരെയാണു കൊടുംകുറ്റവാളികളെപ്പോലെ കറുത്ത തുണികൊണ്ടു തലമൂടിയും കൈവിലങ്ങ് അണിയിച്ചും പോലീസ് കോടതിയിലെത്തിച്ചത്. പോലീസ് നടപടിയെ വിമർശിച്ച മജിസ്ട്രേട്ട് നസീബ് എ. അബ്ദുൽ റസാഖ്, ഇതു സംബന്ധിച്ചു വടക്കാഞ്ചേരി എസ്എച്ച്ഒ ഷാജഹാനോട് ജില്ലാ പോലീസ് മേധാവി വഴി റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചിരുന്നു.

കെഎസ്‌യു ജില്ലാ വൈസ് പ്രസിഡണ്ട് ഗണേശ് ആറ്റൂർ, ജില്ലാ കമ്മിറ്റിയംഗം അൽ അമീൻ, കിള്ളിമംഗലം ആർട്സ് കോളജ് യൂണിറ്റ് പ്രസിഡണ്ട് കെ.എ. അസ്‌ലം എന്നിവരെയാണു കറുത്ത തുണികൊണ്ടു മൂടി മജിസ്ട്രേട്ട് കോടതിയിൽ എത്തിച്ചത്. ഇങ്ങനെ തുണികൊണ്ടു തലമൂടേണ്ട സാഹചര്യം എന്തെന്നു കോടതി ആരാഞ്ഞിരുന്നു. തിരിച്ചറിയൽ പരേഡ് വേണ്ടതിനാലാണു മുഖംമൂടിയത് എന്നായിരുന്നു വിശദീകരണം.

എന്നാൽ, എഫ്ഐആറിൽ പേരു രേഖപ്പെടുത്തിയ പ്രതികളെയാണു കോടതിയിൽ ഹാജരാക്കിയത് എന്നതിനാൽ ഈ നടപടി ദുരൂഹമായി. ഇവരെ വൈദ്യപരിശോധനയ്ക്കു കൊണ്ടുപോയതും മുഖം മൂടിയാണ്. കഴിഞ്ഞമാസം 19-നു വൈകിട്ടു മുള്ളൂർക്കരയിൽ നടന്ന അടിപിടിയെത്തുടർന്നാണ് പോലീസ് കെഎസ്‌യു പ്രവർത്തകർക്കെതിരെ മാത്രം കേസെടുത്തത്.

## വന്യമൃഗഭീഷണി: ഭേദഗതി ബില്ലിന്റെ കരട് പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: ജനവാസമേഖലയിലിറങ്ങി, പൊതുസ്ഥലത്തോ താമസസ്ഥലത്തോ കാണപ്പെടുന്ന വന്യമൃഗത്തെയും അപകടകാരിയായി കണക്കാക്കാമെന്ന് വന്യജീവി സംരക്ഷണം (കേരള ഭേദഗതി) കരടു ബില്ലിൽ വ്യവസ്ഥ. ഇത്തരം സന്ദർഭങ്ങളിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന് തൽക്ഷണ ഉത്തരവിലൂടെ വന്യമൃഗത്തെ വെടിവെച്ചു കൊല്ലാം.

വന്യമൃഗത്തെ മയക്കുവെടി വെക്കാനോ, പിടികൂടാനോ, മാറ്റിപ്പാർപ്പിക്കാനോ അനുമതി നൽകാമെന്നും സെപ്റ്റംബർ 14-ന് പ്രസിദ്ധീകരിച്ച കരടുബില്ലിൽ പറയുന്നു. മൃഗം അപകടകാരിയാണെന്നും മനുഷ്യരെ ആക്രമിച്ച് ഗുരുതര പരുക്കേൽപിച്ചുവെന്നും ചൂണ്ടിക്കാട്ടി കളക്ടറോ മുഖ്യ വന സംരക്ഷണ അധികാരിയോ ചീഫ് വൈൽഡ് ലൈഫ് വാർഡന് റിപ്പോർട്ട് നൽകണമെന്നും ബില്ലിലുണ്ട്.

1972-ലെ കേന്ദ്ര വന്യജീവി (സംരക്ഷണം) നിയമത്തിൽ ഭേദഗതി വരുത്താൻ സംസ്ഥാന വനംവകുപ്പ് തയാറാക്കിയ കരടുബില്ലിന് 13-ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിരുന്നു. ഇതിനു പിന്നാലെയാണ് ബിൽ നിയമസഭ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്. സ്വകാര്യഭൂമിയിൽ നട്ടുവളർത്തിയ എല്ലാ ചന്ദനമരവും വനം വകുപ്പിന്റെ അനുമതിയോടെ മുറിക്കാൻ സാധിക്കുന്ന കേരള വന (ഭേദഗതി) കരടുബില്ലും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വന്യജീവി ആക്രമണത്തിൽ ആർക്കെങ്കിലും ഗുരുതര പരുക്കേറ്റാൽ ജില്ലാ കളക്ടറോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോ ചീഫ് വൈൽഡ് ലൈഫ് വാർഡനെ അറിയിക്കണം. മറ്റ് നടപടിക്രമങ്ങൾക്കായി സമയം പാഴാക്കാതെ, അക്രമകാരിയായ വന്യമൃഗത്തെ കൊല്ലാനുൾപ്പെടെ ഉത്തരവിടാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരമുണ്ടാകും. പട്ടിക രണ്ടിൽ ഉൾപ്പെടുന്ന വന്യമൃഗങ്ങളുടെ എണ്ണം വർധിച്ചാൽ ജനനനിയന്ത്രണനടപടിക്കും മറ്റിടങ്ങളിലേക്കു മാറ്റാനും ബില്ലിൽ വ്യവസ്ഥയുണ്ട്. അതിനു കേന്ദ്രാനുമതി വാങ്ങേണ്ടതില്ല.

പട്ടിക രണ്ടിലെ ഏത് വന്യമൃഗത്തെയും ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ ഇപ്പോൾ കേന്ദ്രസർക്കാരിനാണ് അധികാരം. അതിനു പകരം സംസ്ഥാനസർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥയാണു ബില്ലിലുള്ളത്.

ക്ഷുദ്രജീവിയായി പ്രഖ്യാപിച്ച മൃഗത്തെ ആർക്കും ഏതുവിധത്തിലും കൊല്ലാം. ഭക്ഷണത്തിനായി മാംസം ഉപയോഗിക്കുന്നതിനും തടസമില്ല.

കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ സംസ്ഥാനസർക്കാർ നിവേദനത്തിലൂടെയും നിയമസഭ



പ്രമേയത്തിലൂടെയും കേന്ദ്രത്തോട് പലതവണ ആവശ്യപ്പെട്ടെങ്കിലും അനുമതി ലഭിച്ചില്ല. അതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായി സംസ്ഥാന സർക്കാർ നിയമിക്കുകയും കേന്ദ്രനിബന്ധനകൾക്കു വിധേയമായി ഉപദ്രവകാരികളായ കാട്ടുപന്നികളെ കൊന്ന് സംസ്കരിക്കുകയുമാണ് നിലവിൽ ചെയ്യുന്നത്.

നാട്ടുകുരങ്ങുകളെ പട്ടിക ഒന്നിൽ നിന്നു രണ്ടിലേക്കു മാറ്റാനും ബില്ലിൽ വ്യവസ്ഥയുണ്ട്. കേന്ദ്രനിയമപ്രകാരം അപകടകാരികളായ വന്യമൃഗങ്ങൾക്കെതിരെ നടപടിയെടുക്കാൻ തടസങ്ങളേറെയാണ്.

പിടികൂടാനോ മയക്കുവെടിവെക്കാനോ മറ്റൊരു സ്ഥലത്തേക്കു മാറ്റാനോ സാധ്യമല്ലെന്നു ചീഫ് വൈൽഡ് ലൈഫ് വാർഡന് ബോധ്യപ്പെട്ടതായി നടപടിക്കു മുമ്പ് കാര്യകാരണസഹിതം രേഖപ്പെടുത്തണം.

പിടികൂടുന്ന മൃഗങ്ങൾക്കു പരുക്കേൽക്കാനോ തടവിൽ പാർപ്പിക്കാനോ പാടില്ല. മനുഷ്യജീവൻ രക്ഷിക്കാൻ മറ്റ് നിവൃത്തിയില്ലെന്ന ഘട്ടത്തിലേ പട്ടിക ഒന്നിൽപ്പെട്ട വന്യജീവിയെ കൊല്ലാൻ കഴിയൂ.

## വികസന പാക്കേജുമായി നരേന്ദ്ര മോദി മണിപ്പൂർ സന്ദർശിച്ചു

ഇംഫാൽ: കലാപത്തിൽ എരിഞ്ഞ മണിപ്പൂരിൽ രണ്ടേകാൽ വർഷത്തിനു ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി സന്ദർശനം നടത്തി. ചുരാചന്ദ്പുരിലും ഇംഫാലിലും കലാപബാധിതരെ കണ്ട പ്രധാനമന്ത്രി അവർക്കുള്ള 500 കോടി രൂപ ഉൾപ്പെടെ 3000 കോടിയുടെ



മണിപ്പൂരിലെ ചുരാചന്ദ്പൂരിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി കുട്ടികളുമായി സംവദിക്കുന്നു.

പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചു. കലാപം അവസാനിപ്പിക്കുന്നതിനുള്ള രാഷ്ട്രീയ തീരുമാനങ്ങളൊന്നും പ്രഖ്യാപിച്ചിട്ടില്ല.

മെയ്തെയ്കളും കുക്കികളും ചർച്ച നടത്തുന്നത് ശുഭപ്രതീക്ഷ നൽകുന്നതാണെന്നും സമാധാനത്തിന്റെ പുതിയ പുലരി മണിപ്പൂരിനുണ്ടാകുമെന്നും പ്രധാനമന്ത്രി കുക്കി ഗോത്രമേഖലയായ ചുരാചന്ദ്പുരിൽ പറഞ്ഞു. ഇംഫാൽ താഴ്വരയിലെയും കുന്നുകളിലെയും ജനങ്ങൾ തമ്മിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കണമെന്നാണ് മെയ്തെയ് വിഭാഗക്കാർ പങ്കെടുത്ത ഇംഫാലിലെ കാഗ്ല കോട്ടയിലെ പൊതുയോഗത്തിൽ മോദി പറഞ്ഞത്. ചുരാചന്ദ്പുരിൽ 7300 കോടിയുടെ 14 പദ്ധതികൾക്ക് ശിലാസ്ഥാപനം നിർവഹിക്കുകയും ഇംഫാലിൽ 1200 കോടിയുടെ 17 പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. റോഡ്, ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയവയാണ് പ്രധാനമായും പുതിയ പദ്ധതികളിലുള്ളത്. കലാപത്തിന്റെ ഇരകളായ 7000 കുടുംബങ്ങൾക്ക് വീട് നിർമിക്കുന്നതും പദ്ധതികളിലുണ്ട്. ജിരിബാം-ഇംഫാൽ റെയിൽവേ ലൈനിനായി 22000 കോടി മുടക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

കനത്തമഴയെത്തുടർന്ന് ഹെലികോപ്റ്റർ ഒഴിവാക്കി ഇംഫാലിൽനിന്ന് റോഡ് മാർഗമാണ് പ്രധാനമന്ത്രി ചുരാചന്ദ്പുരിൽ എത്തിയത്. സന്ദർശനത്തിനെതിരെ ഇംഫാൽ താഴ്വരയിൽ പ്രതിഷേധം ഉണ്ടായിരുന്നു. കലാപനാളുകളിൽ എത്താതെ ഇപ്പോൾ നടത്തിയ സന്ദർശനം പ്രഹസനമാണെന്ന് ആരോപിച്ച് കോൺഗ്രസ് പ്രകടനം നടത്തി. മോദി ഗോ ബാക്ക് എന്ന മുദ്രാവാക്യവുമായി മെയ്തെയ് വനിതകൾ തൗബാലിൽ പ്രതിഷേധിച്ചു.

## ഛത്തീസ്ഗഡിൽ ക്രൈസ്തവർക്കുനേരേ വീണ്ടും ആക്രമണം

ന്യൂഡൽഹി: നിർബന്ധിത മതപരിവർത്തനം ആരോപിച്ച് ഛത്തീസ്ഗഡിൽ ക്രൈസ്തവർക്കുനേരെ വീണ്ടും ആക്രമണമുണ്ടായെന്നു പരാതി. ഛത്തീസ്ഗഡിലെ ദുർഗിലുള്ള ഷിലോ പ്രെയർ ടവറിൽ പ്രാർഥനായോഗം നടന്നുകൊണ്ടിരിക്കേ ഒരുസംഘം ബജ്രംഗ്ദൾ പ്രവർത്തകർ പ്രെയർ ടവറിനു ചുറ്റും മുദ്രാവാക്യം വിളിച്ചു പ്രതിഷേധിച്ചെന്നും സുവിശേഷ പ്രസംഗകരെ ആയുധങ്ങളടക്കം ഉപയോഗിച്ചു മർദിച്ചുവെന്നുമാണ് ആരോപണം. വിശ്വാസികളെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചെന്നും പരാതിയുണ്ട്.

ഛത്തീസ്ഗഡിലെ ദുർഗിൽ നിർബന്ധിത മതപരിവർത്തനം ആരോപിച്ചു രണ്ട് മലയാളി കന്യാസ്ത്രീകളെ കൈയേറ്റം ചെയ്തതിലൂടെ കുപ്രസിദ്ധയായ തീവ്ര ഹിന്ദു സംഘടനാ നേതാവ് ജ്യോതി ശർമയുടെ നേതൃത്വത്തിലായിരുന്നു ആക്രമണമെന്ന് നാട്ടുകാർ ആരോപിച്ചു. പ്രെയർ ടവറിൽ തങ്ങൾ സമാധാനപരമായി പ്രാർഥിച്ചുകൊണ്ടിരിക്കേ ബജ്രംഗ്ദൾ പ്രവർത്തകർ സംഘടിച്ചെത്തി ആക്രമണം അഴിച്ചുവിടുകയായിരുന്നുവെന്ന് സുവിശേഷപ്രസംഗകർ പറയുന്നു.

എന്നാൽ നിർബന്ധിത മതപരിവർത്തനം നടക്കുന്നുവെന്ന വിവരം ലഭിച്ചതിനെത്തുടർന്നാണു തങ്ങൾ സ്ഥലത്തെത്തിയതെന്ന് ബജ്രംഗ്ദൾ പ്രവർത്തകർ അവകാശപ്പെട്ടു. നിർബന്ധിത മതപരിവർത്തനം നടക്കുന്നുണ്ടോയെന്നു സ്ഥലത്തെത്തി പരിശോധിക്കാൻ ശ്രമിക്കുമ്പോൾ തങ്ങളെ തടഞ്ഞുവെന്നും പ്രാർഥിച്ചുകൊണ്ടിരുന്ന ക്രൈസ്തവർ തങ്ങളെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചുവെന്നും ബജ്രംഗ്ദൾ പ്രവർത്തകർ ആരോപിച്ചു.

സംഭവത്തിൽ ഇരുവിഭാഗങ്ങളുടെയും പരാതിയിൽ



പോലീസ് അന്വേഷണം തുടങ്ങി. മതപരിവർത്തനം നടന്നുവെന്ന ആരോപണത്തിൽ തെളിവൊന്നും ലഭിച്ചിട്ടില്ലെന്ന് പോലീസ് പറഞ്ഞു. പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടും ബജ്രംഗ്ദൾ പ്രവർത്തകർ പ്രെയർ ടവറിനുപുറത്ത് സുവിശേഷ പ്രസംഗകരെ ബലമായി കൈയേറ്റം ചെയ്യാൻ ശ്രമിക്കുന്നതിന്റെ ദൃശ്യങ്ങൾ പ്രചരിക്കുന്നുണ്ട്.

# ലണ്ടനിൽ കൂറ്റൻ കുടിയേറ്റ വിരുദ്ധ റാലി

ലണ്ടൻ: യുകെയിൽ ഒന്നരലക്ഷം പേർ പങ്കെടുത്ത കൂറ്റൻ കുടിയേറ്റവിരുദ്ധ റാലിയിൽ സംഘർഷം. സെപ്റ്റംബർ 13-ന് ശനിയാഴ്ച സെൻട്രൽ ലണ്ടനിൽ തീവ്ര വലതുപക്ഷ നേതാവ് ടോമി റോബിൻസൺ ആണ് റാലി സംഘടിപ്പിച്ചത്. ഇതിനെതിരെ 'സ്റ്റാൻഡ് അപ് ടു റേസിസം' എന്ന സംഘടന നടത്തിയ പ്രതിഷേധത്തിൽ 5,000 പേർ പങ്കെടുത്തു. കുടിയേറ്റവിരുദ്ധ റാലിയിൽ പങ്കെടുത്തവരും പോലീസും തമ്മിലുണ്ടായ സംഘർഷത്തിൽ 26 പോലീസുകാർക്കു പരുക്കേറ്റു. ഇവരിൽ നാലു പേരുടെ നില ഗുരുതരമാണ്. അക്രമവുമായി ബന്ധപ്പെട്ട് 24 പേരെ അറസ്റ്റ് ചെയ്തു. യൂണിയൻ ജാക്ക് (ബ്രിട്ടീഷ് ദേശീയ പതാക), സെന്റ് ജോർജ് പതാക, സ്കോട്ടിഷ്, വെൽഷ് പതാക എന്നിവയുമായാണു പ്രതിഷേധക്കാർ തെരുവിലിറങ്ങിയത്.

ബ്രിട്ടനിലെ കുടിയേറ്റവിരുദ്ധ പ്രതിഷേധത്തിനെതിരെ ശക്തമായ നിലപാടുമായി പ്രധാനമന്ത്രി കീയർ സ്റ്റാർമർ രംഗത്തെത്തി. അക്രമത്തിന്റെയും വിഭജനത്തിന്റെയും പ്രതീകമായി ബ്രിട്ടീഷ് പതാകയെ ഉപയോഗിക്കരുതെന്ന് സ്റ്റാർമർ പ്രതിഷേധക്കാർക്ക് മുന്നറിയിപ്പ് നല്കി. "സമാധാനപരമായി പ്രതിഷേധിക്കാൻ ജനങ്ങൾക്ക് അവകാശമുണ്ട്. അതു നമ്മുടെ രാജ്യത്തിന്റെ മൂല്യങ്ങളുടെ കാതലാണ്. എന്നാൽ, പോലീസ് ഉദ്യോഗസ്ഥരെ ആക്രമിക്കുന്നത് അംഗീകരിക്കാനാകില്ല. വൈവിധ്യമുള്ള നമ്മുടെ രാജ്യത്തെയാണു പതാക പ്രതിനിധീകരിക്കുന്നത്. ബ്രിട്ടന്റെ തെരുവുകളിൽ പശ്ചാത്തലമോ തൊലിയുടെ നിറമോ കാരണം ആരും ഭയപ്പെടുന്ന സാഹചര്യം അനുവദിക്കില്ല. സഹിഷ്ണുത, വൈവിധ്യം, പരസ്പരബഹുമാനം എന്നിവയാൽ കെട്ടിപ്പടുത്ത രാജ്യമാണ് ബ്രിട്ടൻ"- സ്റ്റാർമർ എക്സിൽ കുറിച്ചു.

അതേസമയം, കുടിയേറ്റവിരുദ്ധ റാലിയെ പിന്തുണച്ച് അമേരിക്കൻ ശതകോടീശ്വരൻ ഇലോൺ മസ്ക് രംഗത്തെത്തിയത് വിവാദമുയർത്തി. പോരാടുക അല്ലെങ്കിൽ മരിക്കുക എന്നായിരുന്നു മസ്ക് പറഞ്ഞത്.




സെൻട്രൽ ലണ്ടനിൽ തീവ്ര വലതുപക്ഷ നേതാവ് ടോമി റോബിൻസണ്ണിന്റെ നേതൃത്വത്തിൽ നടന്ന കുടിയേറ്റ വിരുദ്ധ റാലി.

# പി.പി. തങ്കച്ചൻ അന്തരിച്ചു



പെരുമ്പാവൂർ: കെപിസിസി മുൻ പ്രസിഡണ്ട് പി.പി. തങ്കച്ചൻ (88) അന്തരിച്ചു. നിയമസഭാ സ്പീക്കർ, മന്ത്രി, യുഡിഎഫ് കൺവീനർ എന്നീ നിലകളിലും കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്നിരുന്നു. ശ്വാസകോശ അണുബാധ മൂലം കഴിഞ്ഞമാസം 15 മുതൽ ആലുവയിലെ ആശുപത്രിയിലായിരുന്നു. സെപ്റ്റംബർ 11-ന് വ്യാഴാഴ്ച വൈകിട്ടു നാലരയ്ക്കായിരുന്നു അന്ത്യം. രണ്ടുദിവസങ്ങളിലായി പ്രമുഖർ ഉൾപ്പെടെ ആയിരക്കണക്കിനാളുകൾ പെരുമ്പാവൂരിലെ വസതിയിലെത്തി അന്ത്യോപചാരമർപ്പിച്ചു. പൊതുദർശനത്തിനുശേഷം സെപ്റ്റംബർ 13-ന് ഉച്ചയ്ക്ക് നടത്തിയ സംസ്കാര ശുശ്രൂഷകൾക്കുശേഷം മൂന്നുമണിയോടെ നെടുമ്പാശ്ശേരി അകപ്പറമ്പ് കുടുംബവീടിന് സമീപമുള്ള നെടുമ്പാശേരി അകപ്പറമ്പ് മാർ ശാബോർ അഫ്രോത്ത് യാക്കോബായ സുറിയാനി കത്തീഡ്രൽ പള്ളിയിൽ സംസ്കാരം നടത്തി.

അങ്കമാലി അകപ്പറമ്പ് പൈനാടത്ത് പരേതരായ ഫാ. പൗലോസിന്റെയും അന്നമ്മയുടെയും മകനായ തങ്കച്ചൻ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുമ്പോഴാണ് രാഷ്ട്രീയത്തിൽ സജീവമായത്. 1968-ൽ 31-ാം വയസ്സിൽ പെരുമ്പാവൂർ മുനിസിപ്പൽ ചെയർമാനായപ്പോൾ ആ പദവിയിലെത്തുന്ന ഇന്ത്യയിലെ പ്രായം കുറഞ്ഞയാളായി. 12 വർഷം നഗരസഭാദ്ധ്യക്ഷനായിരുന്നു. 1982 മുതൽ 2001 വരെ പെരുമ്പാവൂർ എംഎൽഎയായിരുന്നു. 1991-95-ൽ സ്പീക്കറായി. തുടർന്ന് 1995-96-ലെ എ.കെ. ആന്റണി സർക്കാരിൽ കൃഷിമന്ത്രിയായി. ചെറുകിട കർഷകർക്കു വൈദ്യുതി സൗജന്യമാക്കിയത് അക്കാലത്താണ്. 2001-2004-ൽ മാർക്കറ്റ് ഫെഡ് ചെയർമാനും കെപിസിസി വൈസ് പ്രസിഡണ്ടുമായിരുന്നു. കെ. മുരളീധരൻ 2004-ൽ കെപിസിസി പ്രസിഡണ്ട് സ്ഥാനമൊഴിഞ്ഞപ്പോൾ നാലര മാസം തങ്കച്ചൻ പ്രസിഡണ്ടായി. 2004-18 കാലത്ത് യുഡിഎഫ് കൺവീനറായിരുന്നു.

കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി എംപി തുടങ്ങിയവർ നിര്യാണത്തിൽ അനുശോചിച്ചു. കെപിസിസി മൂന്ന് ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചു. പിണറായി വിജയൻ പെരുമ്പാവൂരിലെ വീട്ടിലെത്തി ആദരാഞ്ജലിയർപ്പിച്ചു.

ഭാര്യ: ചേലാട് തക്കിരിക്കൽ പരേതനായ ടി.വി. തങ്കമ്മ. മക്കൾ: വർഗീസ് പി. തങ്കച്ചൻ (ബിസിനസ്), ഡോ. രേഖ പി. തങ്കച്ചൻ (മൗലാന ആശുപത്രി, എംഇഎസ് ഡെന്റൽ കോളജ്, പെരിന്തൽമണ്ണ), ഡോ. രേണു പി. തങ്കച്ചൻ (തോമസ് ഡെന്റൽ സെന്റർ, ഷാർജ). മരുമക്കൾ: ചെറുകുന്നം ചെല്ലിയാംപുറം ഡെമിന വർഗീസ്, തിരുവല്ല തട്ടാംകുന്നേൽ ഡോ. സാമുവൽ കോശി (മൗലാന ആശുപത്രി, പെരിന്തൽമണ്ണ), പാമ്പാടി പറപ്പിള്ളിൽ ഡോ. തോമസ് കുര്യൻ (തോമസ് ഡെന്റൽ സെന്റർ, ഷാർജ).

# ബ്രഹ്മപുത്രയിൽ ഇന്ത്യയുടെ അണക്കെട്ട് ഒരുങ്ങുന്നു

ന്യൂഡൽഹി: ബ്രഹ്മപുത്ര നദിയിൽ ചൈന അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതിനു പിന്നാലെ വലിയ അണക്കെട്ട് നിർമ്മിക്കാൻ ഇന്ത്യയും ഒരുങ്ങുന്നു. അരുണാചൽപ്രദേശിലെ ദിബാങ്ങിലാണ് അണക്കെട്ട് നിർമ്മിക്കാൻ ഒരുങ്ങുന്നത്. ഇതിനുള്ള നടപടികൾ ആരംഭിച്ചു. ബ്രഹ്മപുത്രയിൽ ചൈന വലിയ അണക്കെട്ട് നിർമ്മിക്കുന്നത് ഇന്ത്യക്ക് ഭീഷണിയാണ്. അണക്കെട്ട് നിർമ്മിച്ചശേഷം മുന്നറിയിപ്പില്ലാതെ തുറന്നുവിട്ടാൽ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകാം. ഈ ഭീഷണിയെ പ്രതിരോധിക്കാനാണ് പുതിയ അണക്കെട്ട് ഇന്ത്യ നിർമ്മിക്കുന്നത്. അണക്കെട്ടിന് 278 മീറ്റർ ഉയരമുണ്ടാകും. പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ കോർപറേഷനാണ് അണക്കെട്ട് നിർമ്മിക്കുന്നത്. 17,069 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായി, ആഗോള ടെൻഡർ വിളിച്ചു. അണക്കെട്ട് നിർമ്മാണം 2032-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. 2880 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന പദ്ധതിയും അണക്കെട്ടിന്റെ ഭാഗമായുണ്ടാകും.

ലോകത്തെ ഏറ്റവും വലിയ അണക്കെട്ടിന്റെ നിർമ്മാണമാണ് ബ്രഹ്മപുത്ര നദിയിൽ ചൈന ആരംഭിച്ചിട്ടുള്ളത്. ടിബറ്റിലെ ഇന്ത്യ-ചൈന അതിർത്തിയിൽ അരുണാചൽ പ്രദേശത്തിനടുത്തുള്ള നിങ്ചിയിലാണ് 16,700 കോടി ഡോളറിന്റെ നിർമ്മാണ പദ്ധതി ആരംഭിച്ചത്. 5 വൈദ്യുത പദ്ധതികൾ ഉൾക്കൊള്ളുന്നതാണ് അണക്കെട്ട്. ലോകത്തെ ഏറ്റവും വലിയ അണക്കെട്ടായ ചൈനയുടെ തന്നെ ത്രീ ഗോർജസ് ഡാം പദ്ധതിയെയും പിന്നിലാക്കുന്നതാണ് ബ്രഹ്മപുത്രയിലേത്. മാലയൻ നിരകളിലൂടെ ബ്രഹ്മപുത്ര നദി അരുണാചൽപ്രദേശിലേക്കു പ്രവേശിക്കുന്നതിനു മുൻപ് വളഞ്ഞൊഴുകുന്ന വൻ മലയിടുക്കിലാണ് പദ്ധതി വരുന്നത്. അരുണാചൽപ്രദേശ് കടന്ന് ബ്രഹ്മപുത്ര ഒഴുകുന്നത് ബംഗ്ലാദേശിലേക്കാണ്. ഈ മേഖല പരിസ്ഥിതി ലോലപ്രദേശമാണെന്നും തുടർച്ചയായി ഭൂചലനം ഉണ്ടാകാറുണ്ടെന്നും ഇന്ത്യ ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ, അണക്കെട്ട് ഇന്ത്യയിലേക്കും ബംഗ്ലാദേശിലേക്കും ഒഴുകുന്ന വെള്ളത്തിന്റെ അളവിനെ ബാധിക്കില്ലെന്നാണ് ചൈന മറുപടി നല്കിയത്.

# അനധികൃത കുടിയേറ്റ കുറ്റവാളികളോട് മൃദുസമീപനമില്ല: ട്രംപ്

വാഷിങ്ടൺ: അനധികൃത കുടിയേറ്റ കുറ്റവാളികളോട് മൃദുസമീപനം ഉണ്ടാകില്ലെന്ന് യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് മുന്നറിയിപ്പ് നല്കി. കർണാടകയിൽ നിന്നുള്ള ചന്ദ്രമൗലിയെ ക്യൂബ സ്വദേശി യോർദാനിസ് കോബോസ് മാർടിനെസ് എന്നയാൾ കഴുത്തറുത്തു കൊന്ന സംഭവത്തിൽ പ്രതികരിക്കുകയായിരുന്നു ട്രംപ്. രാജ്യത്ത് ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കാര്യമാണ് നടന്നതെന്നും കുറ്റവാളിക്ക് അർഹമായ ശിക്ഷ ലഭിക്കാൻ ഉചിതമായ നിയമമാർഗങ്ങൾ ഉപയോഗിക്കുമെന്നും ട്രംപ് വ്യക്തമാക്കി. ക്യൂബയിൽ നിന്നുള്ള അനധികൃത കുടിയേറ്റക്കാരൻ നേരത്തെയും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് ട്രംപ് പറഞ്ഞു. കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യൽ, വാഹനമോഷണം, നിയമവിരുദ്ധമായി തടവിൽ വെക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ അയാൾ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ, മുൻ പ്രസിഡണ്ട് ജോ ബൈഡന്റെ ഭരണകാലത്ത് അയാൾ പുറത്തിറങ്ങി. ക്യൂബയ്ക്ക് ഇങ്ങനെയൊരു ദുഷ്ടനായ ആളെ അവരുടെ രാജ്യത്തിന് ആവശ്യമില്ലായിരുന്നു. ഇത്തരം കുറ്റവാളികളെ യുഎസിൽ തുടരാൻ അനുവദിക്കില്ലെന്നും ട്രംപ് പറഞ്ഞു.

വാഷിങ് മെഷീനെച്ചൊല്ലിയുള്ള തർക്കത്തിന്റെ പേരിലാണ് യുഎസിലെ ടെക്സസിൽ ഇന്ത്യൻ വംശജനായ ഹോട്ടൽ മാനേജർ ചന്ദ്രമൗലിയെ ഭാര്യയുടെയും മകന്റെയും മുൻപിൽ ജീവനക്കാരൻ കഴുത്തറുത്ത് കൊന്നത്. സംഭവത്തിൽ ക്യൂബ സ്വദേശിയെ അറസ്റ്റ് ചെയ്തിരുന്നു. വാഷിങ് മെഷീൻ കേടായതുമായി ബന്ധപ്പെട്ട തർക്കമാണ് കൊലപാതകത്തിലെത്തിയത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 38
September 15, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**


ഉത്സാഹം മനുഷ്യന്റെ ഭാഗ്യശീലത്തിന്റെ ആരംഭമാകുന്നു.

**തിരുവള്ളുവർ**

ചെയ്തതെന്തൊക്കെ എന്ന് ഞാൻ നോക്കാറില്ല. ഇനി ചെയ്യാനുള്ളതെന്ത് എന്നേ നോക്കാറുള്ളൂ.

**ശ്രീബുദ്ധൻ**


Affordable Mortgages Made Easy!
ACHIEVE MORTGAGE GROUP, INC.
NMLS#2449193
SABU C. ACHETTU
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net
SMITHA JAMES
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com
THRESIAMMA JOB (THERESA)
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com
Achieve Real Estate
Achieve Your Dreams
Call us for All your Needs
Shawn S. Achettu
Realtor / Broker
847-529-7962
realtorachettu@gmail.com
Phone: 847-687-5100
834 E. Rand Road, Suite 6, Mount Prospect, IL 60056
Scanned with CamScanner


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# അയൽരാജ്യത്ത് ജനാധിപത്യം പുനഃസ്ഥാപിക്കണം

നേപ്പാളിൽ ചില സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ നിരോധിച്ചതിനെതിരെ തുടങ്ങിയ യുവജനപ്രക്ഷോഭം ആ വിലക്കു പിൻവലിച്ചിട്ടും അഴിമതിവിരുദ്ധ പോരാട്ടമായി ആളിപ്പടരുകയാണ്. നിരോധനം പിൻവലിക്കാനാവശ്യപ്പെട്ട് 'ജെൻ സി' (ജനറേഷൻ സെഡ്) ബാനറുമായി പാർലമെന്റ് മന്ദിരത്തിനു മുന്നിൽ പ്രതിഷേധിച്ച ചെറുപ്പക്കാർ അതിന്റെ തുടർച്ചയായി പുതിയൊരു മാറ്റത്തിന്റെ വാതിൽ തള്ളിത്തുറക്കുന്നതായിവേണം കരുതാൻ. പ്രക്ഷോഭത്തിന്റെ അലയൊലിയിൽ പ്രധാനമന്ത്രി കെ.പി. ശർമ ഒലി രാജിവെച്ചതിലും പാർലമെന്റ് സമുച്ചയത്തിലടക്കം പ്രക്ഷോഭകാരികൾ തീയിട്ടതിലും എത്തിനിൽക്കുകയാണു കാര്യങ്ങൾ.

വാട്സാപ്, ഫെയ്സ്ബുക്, ഇൻസ്റ്റഗ്രാം, എക്സ്, യുട്യൂബ് എന്നിവയടക്കം 26 സമൂഹമാധ്യമ സെറ്റുകളാണ് സർക്കാർ നിരോധിച്ചത്. വ്യാജവാർത്തകളും വിദ്വേഷപ്രചാരങ്ങളും തടയാനുള്ള നടപടികളുടെ ഭാഗമായി സമൂഹമാധ്യമങ്ങളെ ചട്ടവിധേയമാക്കാനാണു രജിസ്ട്രേഷൻ നിർബന്ധമാക്കിയതെന്നായിരുന്നു സർക്കാർ വിശദീകരണം. എന്നാൽ, ഇത് അഭിപ്രായസ്വാതന്ത്ര്യം നിയന്ത്രിക്കാനും സെൻസർഷിപ് ഏർപ്പെടുത്താനുമുള്ള നീക്കമാണെന്നു വിമർശിച്ചു രംഗത്തിറങ്ങിയ യുവജനങ്ങൾ വിലക്കു പിൻവലിച്ചിട്ടും പിൻമാറിയില്ല. കാരണം, അവരുടെ എതിർപ്പും പ്രക്ഷോഭവും ആ വിലക്കിനെതിരെ മാത്രമായിരുന്നില്ല. അധികാരത്തിന്റെ ദുഷ്ചെയ്തികൾക്കും ആവിഷ്കാര സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്ത നടപടികൾക്കും എതിരെയുമായിരുന്നു. ഭരണകൂട അഴിമതികൾ പുറത്തെത്താതെ നോക്കാനാണ് സമൂഹമാധ്യമങ്ങളുടെ പ്ലാറ്റ്ഫോമുകൾ നിരോധിച്ചതെന്ന് അവർ ആരോപിക്കുന്നു.

കാലത്തിന്റെ ചുവരെഴുത്തു തക്കസമയത്തു വായിക്കാതിരുന്നതിന്റെ ഭവിഷ്യത്ത് അനുഭവിക്കുകയാണിപ്പോൾ നേപ്പാൾ; ജനങ്ങൾ നൽകിയ അധികാരം എന്തും ചെയ്യാനുള്ള അധികാരമാണെന്നു തെറ്റിദ്ധരിച്ചതിന്റെ പരിണതഫലം! അധികാരത്തിന്റെ ദുരുപയോഗം ചോദ്യം ചെയ്യപ്പെട്ടതിന്റെ എത്രയോ ഉദാഹരണങ്ങൾ ചരിത്രം സൂക്ഷിക്കുന്നുണ്ട്. അധികാരത്തിന്റെ ദുർമേദസ്സും അപലപനീയ ചെയ്തികളും ജനം നിശ്ശബ്ദം പേറുന്ന കാലം കഴിഞ്ഞിരിക്കുന്നു; ക്ഷമയ്ക്കും പരിധിയുണ്ട് എന്ന് ലോകമെമ്പാടുമുള്ള ജനത വിളംബരം ചെയ്തുകൊണ്ടേയിരിക്കുന്നു. നേപ്പാൾ ബാക്കിയാക്കുന്ന പാഠങ്ങൾ ജനാധിപത്യവിരുദ്ധവും സ്വേച്ഛാധിപത്യപരവുമായ തീരുമാനങ്ങളെടുത്തുപോരുന്ന എല്ലാ ഭരണകൂടങ്ങൾക്കുംവേണ്ടിയാണ്.

സാമൂഹികമാധ്യമനിരോധനം പിൻവലിച്ചെങ്കിലും രാജ്യത്തെ അഴിമതിമുക്തമാക്കണം. സാമ്പത്തിക അസമത്വം ഇല്ലായ്മചെയ്യണം എന്നിവ ഉന്നയിച്ചുള്ള യുവജനപ്രക്ഷോഭം കെട്ടടങ്ങിയിട്ടില്ല. ലോക ബാങ്കിന്റെ കണക്കനുസരിച്ച് 20.8 ശതമാനമാണ് നേപ്പാളിൽ തൊഴിലില്ലായ്മ. 70 ലക്ഷത്തോളം പ്രവാസികൾ അയക്കുന്ന പണമാണ് നേപ്പാൾ ജിഡിപിയുടെ 33.1 ശതമാനവും.

നേപ്പാളിന്റെ ഹിന്ദുരാഷ്ട്രപദവി പുനഃസ്ഥാപിക്കണമെന്നും രാജഭരണം തിരികെക്കൊണ്ടുവരണമെന്നും ആവശ്യപ്പെട്ട് പ്രക്ഷോഭങ്ങൾ തലപൊക്കിയിരിക്കേ നടന്ന ജെൻസി വിപ്ലവം രാജവാഴ്ചാ അനുകൂലികൾക്ക് നനഞ്ഞിടം കുഴിക്കാനുള്ള അവസരമാകാൻ സാധ്യതയുണ്ട്. രാജ്യത്തെ രാഷ്ട്രീയ-സാമ്പത്തിക സ്ഥിരതയിലേക്ക് നയിക്കാനുതകുന്ന പുതിയ ജനാധിപത്യ ഭരണസംവിധാനം നേപ്പാളിൽ സ്ഥാപിക്കാൻ അയൽരാജ്യമെന്ന നിലയിൽ ഇന്ത്യയും ആഗോളസമൂഹവും മുൻകൈയെടുക്കണം.

മറ്റേതൊരു രാജ്യത്തിന്റേതുമെന്നപോലെ നേപ്പാളിന്റെയും ആഭ്യന്തരകാര്യത്തിൽ ഇന്ത്യ ഇടപെടാൻ ഉദ്ദേശിക്കുന്നില്ല. അതേസമയം അയൽരാജ്യത്തുണ്ടായ ഇപ്പോഴത്തെ പ്രതിസന്ധി സ്വാഭാവികമായും ഇന്ത്യയിലും പ്രതിഫലനങ്ങളുണ്ടാക്കിയേക്കാം. നേപ്പാളിലെ രാഷ്ട്രീയ പ്രതിസന്ധികൾ രമ്യമായി പരിഹരിക്കുന്നതിൽ ഇന്ത്യ ദശകങ്ങളായി നിർണായകപങ്കാണ് വഹിച്ചുവരുന്നത്. അതിനിടയിൽത്തന്നെ ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം പലകാരണങ്ങളാൽ പലതവണ ഉലയുകയുമുണ്ടായി. ഇപ്പോഴുണ്ടായ സാഹചര്യം അതീവ സങ്കീർണമാണെന്നതിൽ സംശയമില്ല.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം നയതന്ത്രവൈദഗ്ധ്യം വളരെ കരുതലോടെ, അതിസമർത്ഥമായി ഉപയോഗിക്കേണ്ട സന്ദർഭമാണിത്. നേപ്പാളിലെ ജനങ്ങളുടെ ജനാധിപത്യാഭിലാഷങ്ങൾ നാം മാനിക്കുകതന്നെ വേണം. അവിടെ ശാന്തി പുലരാൻ അങ്ങേയറ്റം ശ്രമിക്കുകയുംവേണം.

# കേരളത്തിൽ സമഗ്ര വോട്ടർപട്ടിക പരിഷ്കരണം തുടങ്ങി

തിരുവനന്തപുരം: കേരളത്തിലും വോട്ടർപട്ടികയിൽ തീവ്രപരിഷ്കരണം വരുന്നു. ഇതു സംബന്ധിച്ച് പ്രാഥമിക നടപടികൾ ആരംഭിച്ചതായും തെരഞ്ഞെടുപ്പ് കമ്മീഷൻ ഷെഡ്യൂൾ പ്രഖ്യാപിക്കുന്നത് അനുസരിച്ച് തുടർനടപടികൾ ഉണ്ടാകുമെന്നും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ അറിയിച്ചു. ബൂത്ത് ലെവൽ ഓഫീസർമാർ ഓരോ വീടുകളിലുമെത്തി വോട്ടർമാരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും സത്യവാങ്മൂലം ഒപ്പിട്ടു വാങ്ങുകയും ചെയ്യും. അനർഹരെ പൂർണമായും ലിസ്റ്റിൽനിന്നും ഒഴിവാക്കുമെന്നും അർഹതപ്പെട്ട മുഴുവൻ വോട്ടർമാരെയും പട്ടികയിൽ ഉൾപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. വോട്ടർപട്ടികയിലെ തീവ്രപരിഷ്കരണം സംബന്ധിച്ച് ആശങ്കകൾ ഒന്നും വേണ്ടെന്നും മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ വ്യക്തമാക്കി.

എസ്ഐആർ നടപ്പാക്കുന്നതിനു മുന്നോടിയായി രാഷ്ട്രീയ പാർട്ടികളുടെ യോഗം ഈ മാസം 20-ന് വിളിച്ചു ചേർത്തിട്ടുണ്ട്. അവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ചോദിച്ചറിയും. എസ്ഐആർ എന്നാൽ വോട്ടർ പട്ടിക പരിഷ്കരണമാണെന്നും വോട്ടർ പട്ടികയുടെ തീവ്രപരിഷ്കരണം ഇതിനു മുമ്പ് പലവട്ടം ഇന്ത്യയിൽ നടപ്പാക്കിയിട്ടുണ്ടെന്നും ഏറ്റവും ഒടുവിൽ 2002-ൽ 29 സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും എസ്ഐആർ നടപ്പാക്കിയതായും മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

കേരളത്തിൽ എസ്ഐആർ നടപ്പാക്കുന്നതിനു മുന്നോടിയായി പാലക്കാട് മണ്ണാർകാട് രണ്ട് ബൂത്ത് ലെവൽ ഓഫീസർമാർ വീടുകൾ കയറി ശേഖരിച്ച വിവരമനുസരിച്ച് 2002-ലെ വോട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതിൽ 80 ശതമാനം വോട്ടർമാരും 2025-ലെ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടതായി കണ്ടെത്താനായി.

നിലവിലെ സാഹചര്യത്തിൽ വോട്ടർ പട്ടിക തീവ്രപരിഷ്കരണം നടപ്പാക്കാൻ മൂന്നു മാസംവരെ വേണ്ടിവന്നേക്കാം. ബിഎൽഒമാർ നേരിട്ടുള്ള പരിശോധനയ്ക്ക് വീട്ടിൽ വരുന്ന സമയത്ത് വോട്ടറെ കാണാൻ കഴിഞ്ഞില്ലെങ്കിൽ നേരിൽ കാണാൻ വീണ്ടും അവസരമൊരുക്കും. 2002-ലെ പട്ടികയിൽ ഉൾപ്പെട്ടവർ ഇനി പ്രത്യേക രേഖകൾ നല്കേണ്ടതില്ല. അതിനു ശേഷം പേരു ചേർത്തവർ തെരഞ്ഞെടുപ്പ് കമ്മീഷണർ നിർദേശിച്ചിട്ടുള്ള 12 തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലുമൊന്ന് ഹാജരാക്കണം.

ബിഹാറിൽ പ്രതിപക്ഷ പ്രതിഷേധത്തിനും വിവാദത്തിനും ഇടയാക്കിയ സമഗ്ര വോട്ടർ പട്ടിക പരിഷ്കരണം (എസ്ഐആർ) കേരളത്തിൽ മുന്നറിയിപ്പില്ലാതെയാണ് ആരംഭിച്ചത്. കേരളത്തിൽ ഏറ്റവും ഒടുവിൽ ഇതേ പരിഷ്കരണം നടത്തിയ 2022-ലെ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടാണ് നടപടി തുടങ്ങിയത്. 2025-ലെ ഓഗസ്റ്റിലെ വോട്ടർ പട്ടികയിലെ 53.25 ലക്ഷം പേർ ഈ പട്ടികയിൽ ഇല്ല. ഇവരിൽ മരിച്ചവരെയും വിദേശത്തേക്കു കുടിയേറിയവരെയും ഒഴിവാക്കിയാലും ലക്ഷക്കണക്കിനു പേർ പൗരത്വം തെളിയിക്കാനുള്ള രേഖകൾ സമർപ്പിച്ച് എന്യൂമറേറ്റർ നടത്തിയാലെ ഇനി വോട്ടർമാരായി തുടരാനാകൂ.

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ കേരളത്തിലെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ (സിഇഒ) പോർട്ടലിൽ ഓഗസ്റ്റിൽ തന്നെ 2002-ലെ പട്ടിക പ്രസിദ്ധീകരിച്ചതായി വാർത്താസമ്മേളനത്തിലൂടെ കമ്മീഷന്റെ കേരളത്തിലെ പ്രതിനിധിയായ സിഇഒ ഡോ. രത്തൻ യു. ഖേൽക്കർ ആണ് അറിയിച്ചത്. പ്രാഥമിക നടപടികൾ മാത്രമാണ് ഇപ്പോൾ ആരംഭിച്ചതെന്നും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഷെഡ്യൂൾ പ്രഖ്യാപനം വരുന്നതോടെ യഥാർഥ നടപടികളിലേക്കു കടക്കുമെന്നും സിഇഒ പറഞ്ഞു. എസ്ഐആർ കഴിഞ്ഞു പ്രസിദ്ധീകരിക്കുക പുതിയ വോട്ടർ പട്ടികയായിരിക്കും.

ഇന്ത്യൻ പൗരത്വമുള്ളവർക്കും 18 വയസ്സു പൂർത്തിയായവർക്കും നിയമപ്രകാരം അയോഗ്യത ഇല്ലാത്തവർക്കും എസ്ഐആർ നടപടികൾ പൂർത്തിയാക്കി പട്ടികയിൽ പേര് ഉറപ്പാക്കാം. ബൂത്ത് ലെവൽ ഓഫീസർമാർ (ബിഎൽഒ) വീടുകളിലെത്തി വിവരങ്ങൾ ഉറപ്പാക്കും. പ്രവാസി വോട്ടർമാർക്കു ഓൺലൈനായി അപേക്ഷാഫോം പൂരിപ്പിച്ചു നൽകാം. തുടർന്ന് ബിഎൽഒ വീട്ടിൽ എത്തുമ്പോൾ വിവരങ്ങൾ വീട്ടുകാരിൽനിന്നു ശേഖരിക്കുന്ന രീതിയിലാണു സംവിധാനമൊരുക്കിയിരിക്കുന്നത്.

# ഏഴുപേർക്ക് പുതുജീവൻ പകർന്ന് ബിൽജിത്ത് യാത്രയായി

അങ്കമാലി: ബൈക്കപകടത്തെ തുടർന്ന് മസ്തിഷ്ക മരണം സംഭവിച്ച നെടുമ്പാശേരി മള്ളൂശേരി പാലമറ്റം വീട്ടിൽ ബിൽജിത്ത് ബിജു (18) ഇനി ഏഴു പേരിലൂടെ ജീവിക്കും. ബിൽജിത്തിന്റെ കരൾ, വൃക്കകൾ, ഹൃദയം, കണ്ണുകൾ, ചെറുകുടൽ എന്നിവയാണ് ഏഴു പേരിൽ ചേർത്തുവെക്കുന്നത്.



ബിൽജിത്തിന്റെ വേർപാടിന്റെ തീരാവേദനയിലും മകന്റെ അവയവങ്ങൾ ദാനം ചെയ്യാൻ വീട്ടുകാർ എടുത്ത തീരുമാനം ഏഴു പേർക്കാണ് പുതുജീവന്റെ പ്രത്യാശ പകരുന്നത്. ബിൽജിത്തിന്റെ ഹൃദയം ഇനി കൊല്ലം അഞ്ചൽ സ്വദേശിനി ആവണി (15) യിൽ തുടിക്കും.

എറണാകുളം ലിസി ആശുപത്രിയിൽ ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ നേതൃത്വത്തിൽ ബിൽജിത്തിന്റെ ഹൃദയം ആവണിക്ക് മാറ്റിവെച്ചു. കൊല്ലത്തുനിന്ന് ആവണിയെ വന്ദേഭാരതിലാണ് എറണാകുളത്ത് എത്തിച്ചത്. ഏഴു മണിയോടെ എറണാകുളം സൗത്ത് സ്റ്റേഷനിലെത്തിയ കുട്ടിയെ ആംബുലൻസിൽ ലിസി ആശുപത്രിയിലെത്തിച്ചു.

കാർഡിയാക് മയോപ്പതി രോഗം മൂലം ഹൃദയം ശരിയായി പ്രവർത്തിക്കാത്തതിനാലാണ് ആവണിക്ക് ഹൃദയം മാറ്റിവെക്കേണ്ടി വന്നത്.

നെടുമ്പാശേരി കരിയാട് ദേശീയ പാതയിൽ ഈ മാസം രണ്ടിന് രാത്രിയിൽ ബിൽജിത്ത് സഞ്ചരിച്ച ബൈക്കിൽ ലോറി ഇടിച്ചാണ് അപകടമുണ്ടായത്. ഉടൻ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ എത്തിച്ചെങ്കിലും വൈകാതെ മസ്തിഷ്കമരണം സംഭവിച്ചു.

തുടർന്ന് ബന്ധുക്കൾ അവയവദാനത്തിന് സമ്മതം നല്കുകയായിരുന്നു.

ശസ്ത്രക്രിയയ്ക്കുശേഷം അങ്കമാലി ആശുപത്രിയിൽ നിന്നും അവയവങ്ങൾ വിവിധ ആശുപത്രികളിലേക്കു കൊണ്ടുപോയി.



ശസ്ത്രക്രിയയ്ക്കായി അഞ്ചൽ സ്വദേശിനിയായ പതിമൂന്നുകാരിയെ ബന്ധുക്കൾ വന്ദേഭാരത് എക്സ്പ്രസിൽ എറണാകുളം സൗത്ത് സ്റ്റേഷനിൽ എത്തിച്ചപ്പോൾ.

കാലടി ആദിശങ്കര എൻജിനീയറിങ് കോളജിലെ ഒന്നാംവർഷ മെക്കാനിക്കൽ വിദ്യാർത്ഥിയായിരുന്ന ബിൽജിത്ത് ബിജുവിന്റെയും ലിന്റയുടെയും മകനാണ്. ബിവൽ സഹോദരനാണ്.

# FIRST DEATH ANNIVERSARY

## 9-20-2025



## JIMMY SIMON
## VETTUKATTIL
### CHICAGO / PUNNATHURA

Inserted By Family



# അമീബിക് മസ്തിഷ്കജ്വരം; പ്രതിരോധം പാളുന്നു

തിരുവനന്തപുരം: അമീബിക് മസ്തിഷ്കജ്വരംമൂലം കേരളത്തിൽ ഈ വർഷം 16 പേർ മരിച്ചെങ്കിലും പ്രതിരോധത്തിനും പഠനത്തിനും ഫലപ്രദമായ ഏകോപനമില്ലെന്ന് ആരോഗ്യവിദഗ്ധരുടെ വിലയിരുത്തൽ. 1971 മുതൽ ഇന്ത്യയിൽ അമീബിക് മസ്തിഷ്കജ്വരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുവരെയുള്ള കണക്കനുസരിച്ചു കേരളത്തിലാണ് ഏറ്റവും കൂടുതൽ കേസുകൾ.

മലിനജലത്തിൽ കുളിക്കുന്നവർക്കാണു രോഗം വരുന്നതെന്നാണ് ഇതുവരെ കരുതിയിരുന്നത്. പക്ഷേ, കുളിമുറിയിൽ കുളിക്കുന്നവർക്കും രോഗം ബാധിക്കുന്നതിനാൽ വിശദപഠനം വേണമെന്നാണ് ആരോഗ്യവിദഗ്ധരുടെ നിർദേശം.

തിരുവനന്തപുരം ജില്ലയിൽ മാത്രം രണ്ട് വർഷത്തിനിടെ 51 പേർക്കാണു രോഗം ബാധിച്ചത്. ഇതിൽ ആറ് പേർ മരിച്ചു. കേരളത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ജലസമൃദ്ധമായതാണു രോഗബാധിതർ കൂടാൻ കാരണമെന്നാണു വിശദീകരണം.

രോഗത്തിന്റെ രാജ്യാന്തര മരണനിരക്ക് 97 ശതമാനമായിരിക്കെ കേരളത്തിൽ ഇത് 24 ശതമാനമായി നിയന്ത്രിച്ചതു നേട്ടമെന്നാണു സർക്കാരിന്റെ അവകാശവാദം. മരുന്നു കൊടുത്തു ചികിത്സിക്കുന്നതല്ല, രോഗപ്രതിരോധത്തിലാണു വിജയിക്കേണ്ടതെന്നാണു വിദഗ്ധർ അഭിപ്രായപ്പെടുന്നത്.

അമീബ ശരീരത്തിൽ എത്താതിരിക്കാൻ എന്തൊക്കെ ചെയ്യണമെന്ന വിശദ മാർഗനിർദേശം തയാറാക്കണം. ജലവിഭവ വകുപ്പിന്റെ കണക്കനുസരിച്ചു കേരളത്തിൽ അരലക്ഷത്തോളം കുളങ്ങളുണ്ട്.

കിണറുകൾപോലെ കുളങ്ങൾ ക്ലോറിനേറ്റ് ചെയ്താൽ അത് ആവാസവ്യവസ്ഥയെ ബാധിക്കും. കുളങ്ങൾ കൃത്യമായ ഇടവേളകളിൽ ശുചീകരിക്കണമെന്നാണു വിദഗ്ധരുടെ അഭിപ്രായം.

കേരളത്തിലെ ശുചിമുറി മാലിന്യത്തിൽ 16 ശതമാനം മാത്രമേ ശാസ്ത്രീയമായി സംസ്കരിക്കുന്നുള്ളൂ. ബാക്കിയെല്ലാം മണ്ണിലേക്ക് ഒഴുക്കിവിടുകയാണ്. ബാക്ടീരിയ ഉള്ള സ്ഥലങ്ങളിൽ അമീബയുടെ സാന്നിധ്യം കൂടുതലായിരിക്കും. മാത്രമല്ല, കിണറുകളും മാലിന്യ ടാങ്കുകളും തമ്മിലുള്ള അകലം ഉറപ്പാക്കുന്നതിനും ഇടപെടൽ വേണം.

## ആഗോള അയ്യപ്പ സംഗമത്തിന് ഹൈക്കോടതിയുടെ അനുമതി

കൊച്ചി: തിരുവിതാംകൂർ ദേവസ്വം ബോർഡ് പമ്പാതീരത്ത് ഈ മാസം 20-നു നടത്തുന്ന ആഗോള അയ്യപ്പ സംഗമത്തിനു ഹൈക്കോടതിയുടെ അനുമതി.

സാധാരണക്കാരായ തീർത്ഥാടകരെ ഒരുതരത്തിലും ബുദ്ധിമുട്ടിക്കരുതെന്നും പമ്പാനദിയുടെയും തീരത്തിന്റെയും പവിത്രത കാത്തുസൂക്ഷിക്കണമെന്നും കോടതി നിർദേശിച്ചു.

പരിപാടി സംഘടിപ്പിക്കാൻ വാങ്ങുകയും ചെലവിടുകയും ചെയ്യുന്ന ഓരോ ചില്ലിക്കാശിനും കണക്ക് സൂക്ഷിക്കണം. സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കണമെന്നും കോടതി വ്യക്തമാക്കി.

പൊതു ഖജനാവിൽനിന്നു പണം ചെലവിട്ട് അയ്യപ്പ സംഗമം നടത്തുന്നതു തടയണമെന്ന് ആവശ്യപ്പെട്ടുള്ള ഒരുകൂട്ടം ഹർജികളിലാണു ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

ചെലവിനുള്ള തുക കണ്ടെത്തുന്നതു സ്പോൺസർഷിപ്പും സംഭാവനകളും വഴിയാണെന്നും അവിടെ നടക്കുന്ന ചർച്ചകൾ മൊത്തത്തിൽ ശബരിമലയുടെ വികസനത്തിന് ഉതകുമെന്നും സർക്കാർ വ്യക്തമാക്കിയ സാഹചര്യത്തിൽ സംഗമം തടയാൻ കാരണമില്ലെന്നു കോടതി വ്യക്തമാക്കി.

## മിസോറാം റെയിൽവേ ഭൂപടത്തിൽ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദി ബൈറാബി-സൈരാങ് റെയിൽപാത ഉദ്ഘാടനം ചെയ്യുന്നതോടെ മിസോറം റെയിൽവേ ഭൂപടത്തിൽ ഇടംപിടിക്കുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. മിസോറമിനെ സംബന്ധിച്ച് ചരിത്രപരമായ ഒരു നാഴികക്കല്ലാണിതെന്നും അദ്ദേഹം പറഞ്ഞു. 8000 കോടിയിലധികം രൂപ ചെലവഴിച്ചാണ് 51 കിലോമീറ്റർ പാത നിർമിച്ചത്. ഇതോടൊപ്പം മൂന്ന് പുതിയ ട്രെയിൻ സർവീസുകളും പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് ചെയ്യും. അതീവ ദുർഘടമായ ഭൂപ്രദേശങ്ങളിലൂടെയാണ് പാത കടന്നുപോകുന്നത്. 143 പാലങ്ങളും 45 തുരങ്കങ്ങളുമുണ്ട്. കുത്തബ്മിനാറിനേക്കാൾ ഉയരമുള്ളതാണ് ഒരു പാലം. ഹിമാലയൻ ഭൂപ്രകൃതിയിലെ പ്രായോഗികത കണക്കിലെടുത്ത്, ഒരു പാലം, തുടർന്ന് ഒരു തുരങ്കം, തുടർന്ന് ഒരു പാലം എന്നിങ്ങനെയാണ് പാത.

മിസോറമിൽനിന്ന് രാജധാനി എക്സ്പ്രസ് ആരംഭിക്കുന്നതോടെ, ഐസ്വാളിനും ഡൽഹിക്കും മധ്യേയുള്ള യാത്രാസമയം എട്ടു മണിക്കൂർ കുറയും. പുതിയ എക്സ്പ്രസ് ട്രെയിനുകൾ ഐസ്വാൾ, കൊൽക്കത്ത, ഗുവാഹത്തി എന്നിവിടങ്ങളിലേക്കുള്ള യാത്ര വേഗത്തിൽ പൂർത്തിയാക്കാനും സുഗമമാക്കാനും സഹായിക്കും.

ഇന്ത്യയെമ്പാടുമുള്ള റെയിൽവേ വികസനം റിക്കാർഡ് പരിവർത്തനത്തിന് സാക്ഷ്യംവഹിക്കുന്നുവെന്നും മന്ത്രി ചൂണ്ടിക്കാട്ടി. അടുത്തിടെ നൂറിലധികം അമൃത് ഭാരത് സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്തു. 1200 സ്റ്റേഷനുകൾ കൂടി വികസനപാതയിലാണ്. 150-ലധികം അതിവേഗ വന്ദേഭാരത് ട്രെയിനുകൾ യാഥാർത്ഥ്യമായി. 2014-ന് ശേഷം, 35,000 കിലോമീറ്റർ റെയിൽപാത പുതുതായി നിർമിച്ചുവെന്നും മന്ത്രി പറഞ്ഞു.

## സിപിഐ സംസ്ഥാന സമ്മേളനത്തിൽ സർക്കാരിന് രൂക്ഷ വിമർശനം

ആലപ്പുഴ: അടിസ്ഥാന ജനവിഭാഗങ്ങളെയും കർഷകരെയും പരിഗണിക്കാത്ത രീതി സർക്കാരിൽനിന്ന് ഉണ്ടാകുകയാണെന്ന കുറ്റപ്പെടുത്തലുമായി സിപിഐ. ആലപ്പുഴയിൽ 25-ാം സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച പ്രവർത്തനറിപ്പോർട്ടിലാണ് വിമർശനം.

സംഭരിച്ച നെല്ലിന്റെ പണംപോലും കൊടുക്കാനായിട്ടില്ല. കർഷകക്ഷേമ ബോർഡ് കടലാസിലൊതുങ്ങി. കാർഷിക കടാശ്വാസ കമ്മീഷൻ പണമില്ലാത്തതുകൊണ്ട് സ്തംഭിച്ചു. സർക്കാരിന്റെ മുൻഗണനകൾ മാറിപ്പോകുന്നു.

'ഈസ് ഓഫ് ഡൂയിങ് ബിസിനസി'ലൂടെ നിലവിലെ നിയമങ്ങൾ മറികടക്കുന്നുവെന്നും റിപ്പോർട്ട് വിമർശിച്ചു. ഇടതുമുന്നണിയുടെ ജനകീയ അടിത്തറ തൊഴിലാളി-കർഷക-പാവപ്പെട്ട ജനവിഭാഗങ്ങളാണ്. അവരുടെ പ്രശ്നങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകുന്നില്ലെന്ന വിമർശനം ഗൗരവമുള്ളതാണെന്നും റിപ്പോർട്ട് പറയുന്നു.




അടിസ്ഥാനവർഗത്തിന്റെ ആവശ്യങ്ങൾക്കു പരിഹാരം കാണാൻ കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്. മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കേണ്ട പദ്ധതികളാണ് എൽഡിഎഫിനെ പിന്തുണയ്ക്കുന്ന ജനങ്ങൾ ആഗ്രഹിക്കുന്നത്. മുന്നണിനിലപാട് ഉയർത്തിപ്പിടിക്കാനും സർക്കാരിന്റെ നിലപാടുകൾക്ക് നിരക്കാത്ത നടപടി ഉണ്ടാകുമ്പോൾ പാർട്ടിയുടെ നിലപാട് വ്യക്തമാക്കാനും സിപിഐ തയാറായിട്ടുണ്ടെന്നും റിപ്പോർട്ട് അവകാശപ്പെടുന്നു.










HEALING & DELIVERANCE RETREAT
3 OCT 10am to 5 OCT 2pm
GRACE OF HEAVEN RETREAT CENTRE
598 COUNTRY ROAD 2391, WINNSBORO, TX 75494, U S A
LEAD BY
CAPUCHIN FATHERS
Br. Sunil Moses (224 990 2097)
Br. George Patteri (914 320 5829)
Br. Boby Adappoor (845 649 9146)
Hassle-free airport transfers from DFW and Dallas Love Field
കുടുംബവൃക്ഷ സൗഖ്യശുശ്രൂഷ
കൗൺസലിങ് ശുശ്രൂഷ
രോഗശാന്തി ശശ്രൂഷ
വിടുതൽ ശുശ്രൂഷ
പരിശുദ്ധാത്മാഭിഷേക ശുശ്രൂഷ
വാഗ്ദത്ത ശുശ്രൂഷ
FOR LOCATION
For more details
Ajai : +1 (405) 898-7553
Thomas Baby : (914) 960-3192
Susan Roy : (224) 990-2097
To Register for the retreat
bit.ly/usretreat
വിദേശ രാജ്യങ്ങളിൽ നിന്നും ധ്യാനത്തിൽ പങ്കെടുക്കുവാൻ
ആഗ്രഹിക്കുന്നവർ ബെന്നിയച്ചനുമായി ബന്ധപ്പെടുക
Ph : +91 94463 30233
Fr. Benny Peter OFM Cap
Director
Gagultha Retreat Centre


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

# പ്രാദേശിക കറൻസിയിൽ വ്യാപാര ഇടപാടുകൾക്ക് മൊറീഷ്യസും ഇന്ത്യയും

ന്യൂഡൽഹി: ഉഭയകക്ഷി വ്യാപാര ഇടപാടുകൾ പ്രാദേശിക കറൻസിയിൽ നടത്തുന്നതിനുള്ള നീക്കങ്ങളുമായി ഇന്ത്യയും മൊറീഷ്യസും. ഇന്ത്യ സന്ദർശിക്കുന്ന മൊറീഷ്യസ് പ്രധാനമന്ത്രി നവീൻ റാംഗുലാമുമായി നടന്ന ഉഭയകക്ഷി ചർച്ചയ്ക്കു ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ഇക്കാര്യം വ്യക്തമാക്കിയത്. മൊറീഷ്യസിനു 680 മില്യൻ ഡോളറിന്റെ (ഏകദേശം 6005 കോടി രൂപ) സാമ്പത്തിക സഹായ പാക്കേജും ഇന്ത്യ ഉറപ്പു നൽകി. ഇതിൽ 25 മില്യൻ ഡോളർ (220 കോടി രൂപ) ബജറ്റ് സഹായമാണ്.



പ്രധാനമന്ത്രി നരേന്ദ്ര മോദിയും മൊറീഷ്യസ് പ്രധാനമന്ത്രി നവീൻ റാംഗുലാമും വാരാണസിയിൽ കൂടിക്കാഴ്ചയ്ക്കിടെ.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മണ്ഡലമായ വാരാണസിയിൽവെച്ചായിരുന്നു ഉഭയകക്ഷി ചർച്ച. 19-ാം നൂറ്റാണ്ടിൽ ബിഹാറിൽനിന്നും യുപിയിൽ നിന്നുമുള്ള തൊഴിലാളികൾ മൊറീഷ്യസിലേക്കു ജോലിക്കായി പോയിരുന്നു. ഇരു രാജ്യങ്ങളും തമ്മിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഈ ബന്ധം വ്യക്തമാക്കുന്നതിനുവേണ്ടിയായിരുന്നു കൂടിക്കാഴ്ച്ച ഇവിടെ ഒരുക്കിയിരുന്നത്.

സ്വതന്ത്രവും സുരക്ഷിതവും സ്ഥിരതയുള്ളതുമായ ഇന്ത്യൻ മഹാസമുദ്രമേഖല ഇരു രാജ്യങ്ങളുടെയും പ്രധാന പരിഗണനാ വിഷയമാണെന്നു പറഞ്ഞ പ്രധാനമന്ത്രി നരേന്ദ്ര മോദി മൊറീഷ്യസിന്റെ പ്രത്യേക സാമ്പത്തിക മേഖലയുടെ സുരക്ഷയും സമുദ്രശേഷിയും ശക്തിപ്പെടുത്തുന്നതിൽ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും വിശദീകരിച്ചു.

മൊറീഷ്യസ് നാഷണൽ ആശുപത്രി, ആയുഷ് സെന്റർ ഓഫ് എക്സലൻസ്, വെറ്ററിനറി സ്കൂൾ, ആശുപത്രി എന്നിവ നിർമിക്കാൻ പിന്തുണ നൽകും. ഹെലികോപ്റ്ററുകൾ വാങ്ങുന്നതിനും സാമ്പത്തിക സഹായം നൽകും. മൊറീഷ്യസിലെ പോർട്ട് നവീകരണം, ഷാഗോസ് മറൈൻ സംരക്ഷണമേഖലയുടെ വികസനം, നിരീക്ഷണം എന്നിവയ്ക്കും ഇന്ത്യ പിന്തുണ നൽകും.

## തൃശൂരിന്റെ പുലിമുഖങ്ങൾ കൊറിയൻ മ്യൂസിയത്തിലും

തൃശൂർ: തൃശൂരിന്റെ സ്വന്തം പുലിക്കളി -കുമ്മാട്ടിമുഖങ്ങൾ കടൽ കടന്നു കൊറിയയിലേക്കും. സൗത്ത് കൊറിയയിലെ പാജു- സിയിലുള്ള നാഷണൽ ഫോക്ക് മ്യൂസിയത്തിലാണ് ഇനി ഇവ സ്ഥിരമായി പ്രദർശനത്തിനുണ്ടാവുക. മ്യൂസിയം ക്യുറേറ്റർ ഹാങ് കി ജുന്നിന്റെ നേതൃത്വത്തിലുള്ള ആറംഗ സംഘം നേരിട്ടെത്തി പരിശോധിച്ചാണു കിഴക്കും പാട്ടുകാര സ്വദേശി സന്തോഷിന്റെ പക്കൽനിന്നു രണ്ടു പതിറ്റാണ്ടിലേറെ പഴക്കമുള്ള പുലിമുഖങ്ങളും അരമണിയും പുലിവേഷങ്ങളും കൈപ്പറ്റിയത്. ഇന്ത്യയിലെ നാടൻ കലാരൂപങ്ങളെക്കുറിച്ചു ഗവേഷണം നടത്തുന്നതിന്റെ ഭാഗമായിട്ടാണു കൊറിയൻ സംഘമെത്തിയത്. ആറുമുഖങ്ങൾ, രണ്ടു അരമണി, നാലു തൊപ്പി, രണ്ടു പുലിവേഷം എന്നിവയാണു കൊണ്ടുപോയതെന്നും പണം നൽകാൻ തയാറായിരുന്നെങ്കിലും ഏറെ സന്തോഷമുണ്ടാക്കുന്ന കാര്യമായതിനാൽ കൈപ്പറ്റിയില്ലെന്നും കരാർരേഖകൾ കൈമാറിയെന്നും സന്തോഷ് പറഞ്ഞു. കേരളത്തിൽ നിന്നു കുമ്മാട്ടി, പുലിമുഖങ്ങൾ മാത്രമാണു ഇവർ ശേഖരിക്കുന്നത്.

തൃശൂർ പുലിക്കളിയുമായി ബന്ധമില്ലെങ്കിലും 25 വർഷമായി കലാകൈരളി എന്ന പേരിൽ പുലിക്കളി, കുമ്മാട്ടി ഗ്രൂപ്പ് നടത്തുന്നയാളാണു സന്തോഷ്. തിരുവനന്തപുരത്ത് ഓണാഘോഷത്തോടനുബന്ധിച്ച് പുലിക്കളി, കുമ്മാട്ടി അവതരണം വർഷങ്ങളായി നടത്തുന്നതു സന്തോഷിന്റെ നേതൃത്വത്തിലുള്ള സംഘമാണ്. ശിവാജി, പോക്കിരിരാജ, കാര്യസ്ഥൻ സിനിമകളിലും ഇതേ ട്രൂപ്പിലെ അംഗങ്ങൾ വേഷമിട്ടു. കേരളത്തിലും ഇന്ത്യയ്ക്കു പുറത്തും ഇവർ ആഘോഷങ്ങളുടെ ഭാഗമായി പുലിക്കളി അവതരിപ്പിക്കാറുണ്ട്.

## 'ബ്ലൂ ടൈഡ്സ്': 29 യൂറോപ്യൻ രാജ്യങ്ങൾ പ്രതിനിധീകരിക്കും

തിരുവനന്തപുരം: സമുദ്രാധിഷ്ഠിത സാമ്പത്തിക വളർച്ചയിലൂടെയുള്ള സുസ്ഥിര വികസനവും പങ്കാളിത്തവും ലക്ഷ്യമിട്ടുള്ള 'ബ്ലൂ ടൈഡ്സ് - കേരള യൂറോപ്യൻ യൂണിയൻ കോൺക്ലേവി'ൽ 29 യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുമെന്ന് മന്ത്രി സജി ചെറിയാൻ, ഫിഷറീസ് വകുപ്പും കേന്ദ്ര സർക്കാരും യൂറോപ്യൻ യൂണിയനും ചേർന്ന് 'രണ്ട് തീരങ്ങൾ, ഒരേ കാഴ്ചപ്പാട്' എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന സമ്മേളനം 18, 19 തീയതികളിൽ കോവളം ലീല റാവിസിൽ നടക്കും.

ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ അംബാസഡർ ഹെർവ് ഡെൽഫിൻ പങ്കെടുക്കുന്ന പരിപാടിയിൽ ഇതുവരെ 17 യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കാളിത്തം സ്ഥിരീകരിച്ചു.

## കുട്ടനാട്ടിലെ വിദ്യാലയങ്ങളിൽ വെള്ളക്കെട്ട്; റിപ്പോർട്ട് തേടി കോടതി

കൊച്ചി: കുട്ടനാട് മേഖലയിലെ വിദ്യാലയങ്ങൾ മഴക്കാലത്ത് വെള്ളക്കെട്ടിലാകുന്നത് ഒഴിവാക്കുന്നതിന് സമഗ്ര പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഹൈക്കോടതി നിർദേശം.

കുട്ടനാട് പാക്കേജ്, ജലഗതാഗതം എന്നിവയുടെ ചുമതലയുള്ള ചീഫ് എഞ്ചിനിയറെയാണു ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് ചുമതലപ്പെടുത്തിയത്. റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കണമെന്നും ഇതിലെ ശിപാർശകൾ പരിശോധിച്ച് സർക്കാർ ഉചിതമായ നടപടിയെടുക്കണമെന്നും കോടതി നിർദേശിച്ചു. നാലു മാസത്തിനകം പ്രാഥമിക റിപ്പോർട്ടും തുടർന്ന് അന്തിമ റിപ്പോർട്ടും നൽകണം. പഠനം നടത്താൻ ആവശ്യമെങ്കിൽ ചീഫ് എഞ്ചിനിയർക്ക് അടിസ്ഥാനസൗകര്യങ്ങളും മാനവശേഷിയും സർക്കാർ ഒരുക്കിനൽകണമെന്നും കോടതി നിർദേശിച്ചു. കുട്ടമംഗലം എസ്എൻഡിപി ഹയർ സെക്കൻഡറി സ്കൂളിലെ വെള്ളക്കെട്ട് പ്രശ്നം ചൂണ്ടിക്കാട്ടി പ്രിൻസിപ്പൽ ബി.ആർ. ബിന്ദുവും വിദ്യാർത്ഥികളും അയച്ച കത്തിനെത്തുടർന്ന് സ്വമേധയാ സ്വീകരിച്ച ഹർജി തീർപ്പാക്കിയാണ് ഉത്തരവ്. ഹ്രസ്വകാല പരിഹാരങ്ങളുടെ ഭാഗമായി ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നിലവിലുള്ള അഡ്ഹോക് കമ്മിറ്റി തുടരാൻ കോടതി നിർദേശിച്ചു.

## പിഎഫ് ട്രസ്റ്റ് നിയമത്തിന്റെ പേരിൽ ഉയർന്ന പെൻഷൻ നിഷേധിക്കരുത്

ചെന്നൈ: ശമ്പളത്തിന് ആനുപാതികമായി ഉയർന്ന പെൻഷൻ ലഭിക്കാനുള്ള അർഹത നിശ്ചയിക്കുന്നതിൽ, സ്വന്തമായി പിഎഫ് ട്രസ്റ്റുകളുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ (ഇപിഎഫ്ഒ) ജനുവരി 18-ന് പുറപ്പെടുവിച്ച വിജ്ഞാപനം മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ച് റദ്ദാക്കി. ഇപിഎഫ് പദ്ധതിക്കു കീഴിലുള്ള ട്രസ്റ്റിന്റെ നിയമങ്ങൾ ഉയർന്ന പെൻഷൻ നിഷേധിക്കുന്നതിന് കാരണമായിക്കൂടെന്ന് കോടതി വ്യക്തമാക്കി.

ജീവനക്കാരുടെ പിഎഫ് വിഹിതം കൈകാര്യം ചെയ്യാൻ സ്വന്തമായി പിഎഫ് ട്രസ്റ്റുകൾ രൂപവത്കരിച്ചിട്ടുള്ള എക്സംപ്റ്റഡ് വിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഉയർന്ന പെൻഷനുള്ള അർഹത നിലവിലുള്ള ട്രസ്റ്റ് നിയമം അനുസരിച്ചായിരിക്കുമെന്നാണ് ഇപിഎഫ്ഒയുടെ വിജ്ഞാപനത്തിൽ പറയുന്നത്. പെൻഷൻ കേസിൽ സുപ്രീംകോടതി ഉത്തരവുവന്ന 2022 നവംബർ നാലിനുശേഷം മുൻകാല പ്രാബല്യത്തോടെ ട്രസ്റ്റ് നിയമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ അതു പരിഗണിക്കില്ലെന്നും വിജ്ഞാപനത്തിൽ പറഞ്ഞിട്ടുണ്ട്.

ഇപിഎഫ്ഒയുടെ വിജ്ഞാപനം ഉയർന്നപെൻഷനുള്ള അർഹത സംബന്ധിച്ചുള്ള സുപ്രീംകോടതി വിധിയുടെ ലംഘനമാകാൻ പാടില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. സ്വന്തമായി പിഎഫ് ട്രസ്റ്റുകളുള്ള സ്ഥാപനങ്ങൾക്ക് പ്രോവിഡന്റ് ഫണ്ടിന്റെ കാര്യത്തിലാണ് ഇളവുകൾ നൽകിയിട്ടുള്ളതെന്നും അത് പെൻഷന് ബാധകമല്ലെന്നും കോടതി വ്യക്തമാക്കി. തിരുച്ചിറപ്പള്ളിയിലെ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിൽനിന്നു വിരമിച്ച 86 ജീവനക്കാരുടെ ഹർജികൾ അനുവദിച്ചുകൊണ്ടാണ് ഹൈക്കോടതി ഉത്തരവ്. ഉയർന്ന പെൻഷനു വേണ്ടി ഇവർ നൽകിയ സംയുക്ത അപേക്ഷ പിഎഫ് ട്രസ്റ്റ് നിയമത്തിന്റെ പേരുപറഞ്ഞ് ഇപിഎഫ്ഒ തള്ളിയിരുന്നു. പെൻഷനല്ല, പിഎഫ് തുകയ്ക്കാണ് ട്രസ്റ്റ് നിയമം പ്രാമുഖ്യം നൽകുന്നത് എന്നായിരുന്നു ഇപിഎഫ്ഒയുടെ വാദം.






# നേപ്പാളിൽ സുശീല കാർക്കി ഇടക്കാല പ്രധാനമന്ത്രിയായി അധികാരമേറ്റു



കാഠ്മണ്ഡു: യുവജനപ്രക്ഷോഭത്തെത്തുടർന്ന് പ്രധാനമന്ത്രി കെ.പി. ശർമ ഒലി രാജിവെച്ചതോടെ നേപ്പാളിൽ നിലനിന്ന രാഷ്ട്രീയ അനിശ്ചിതത്വത്തിന് വിരാമം. ഇടക്കാല പ്രധാനമന്ത്രിയായി സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് സുശീല കാർക്കി (73) സെപ്റ്റംബർ 12-ന് വെള്ളിയാഴ്ച രാത്രി ഒൻപതിന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. നേപ്പാളിന്റെ ആദ്യ വനിതാ പ്രധാനമന്ത്രിയാണ് സുശീല. രാജ്യത്ത് ചീഫ് ജസ്റ്റിസ് പദവിയിലെത്തിയ ആദ്യവനിതയും.

സാമൂഹികമാധ്യമനിരോധനം, അഴിമതി, സ്വജനപക്ഷപാതം എന്നിവയ്ക്കെതിരെ ഉയർന്ന 'ജെൻ സീ' (1997-നും 2012-നുമിടയിൽ ജനിച്ചവർ) പ്രക്ഷോഭമാണ് നേപ്പാളിലെ കമ്യൂണിസ്റ്റ് സർക്കാരിനെ (സിപിഎൻ-യുഎംഎൽ) താഴെയിറക്കിയത്. ഇതേത്തുടർന്ന് രാജ്യത്തിന്റെ ക്രമസമാധാനച്ചുമതല ഏറ്റെടുത്ത സൈന്യവുമായും പ്രസിഡണ്ട് രാമചന്ദ്ര പൗഡേലുമായും പ്രക്ഷോഭകരുടെ പ്രതിനിധികൾ 12-ന് നടത്തിയ ചർച്ചയിലാണ് സുശീലയെ പ്രധാനമന്ത്രിയാക്കാമെന്ന തീരുമാനത്തിലെത്തിയത്.

ഇടക്കാല സർക്കാർ രൂപവൽകരിക്കുന്നതിനു മുന്നോടിയായി നേപ്പാൾ പാർലമെന്റിന്റെ അധോസഭ പ്രസിഡണ്ട് പിരിച്ചുവിട്ടു. ദേശീയ അടിയന്തരാവസ്ഥയും പ്രഖ്യാപിച്ചു. എട്ടിന് ആരംഭിച്ച പ്രക്ഷോഭത്തിനിടെയുണ്ടായ അക്രമസംഭവങ്ങളിൽ 51 പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്.

# വയനാട് ഫണ്ട് സർക്കാർ തിരിച്ചെടുത്തു

തിരുവനന്തപുരം: ഹൈക്കോടതി നിർദേശപ്രകാരം വയനാട് ചൂരൽമലയിലെ പുനർനിർമാണത്തിനു ചെലവിടാൻ അനുമതി ലഭിച്ച തുക സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് സർക്കാർ തിരിച്ചെടുത്തു.

ചീഫ് സെക്രട്ടറിയും വകുപ്പു സെക്രട്ടറിമാരുമടങ്ങിയ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി (എസ്ഇസി) തീരുമാനമെടുത്ത്, ഈ സാമ്പത്തിക വർഷം ചെലവഴിക്കണമെന്ന നിബന്ധനയിൽ അതോറിറ്റിയുടെ ട്രഷറി അക്കൗണ്ടിലേക്കു കൈമാറിയ 120 കോടിയിൽ 118.15 കോടിയാണ് എസ്ഇസിയുടെ അംഗീകാരമില്ലാതെ മൂന്നു മാസത്തിനകം സർക്കാർ തിരിച്ചെടുത്തത്. ദുരന്ത നിവാരണ വകുപ്പിന്റെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റിയതോടെ ഈ സാമ്പത്തിക വർഷം തന്നെ തുക പൂർണമായി ചെലവിടണമെന്നു നിർബന്ധമില്ല.

2006 മുതൽ വയനാട് ജില്ലയിൽ ദുരിതാശ്വാസ പ്രവർത്തനം നടത്തിയതിന്റെ കുടിശികയായി വ്യോമസേന 120 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും കേരളം നല്കിയില്ല. അതിനാൽ സംസ്ഥാന ദുരിത നിവാരണ നിധിയിൽ നിന്നും തുക ചെലവിടാൻ കേന്ദ്രാനുമതി ലഭിച്ചില്ല. തുക ചെലവിടാൻ കേന്ദ്രാനുമതി നിർബന്ധമാണ്. ഹൈക്കോടതിയിൽ കേന്ദ്രം താൽക്കാലികമായി അയഞ്ഞതോടെ ഈ തുക വിനിയോഗിക്കാൻ കോടതി കഴിഞ്ഞ ജനുവരിയിൽ ഉത്തരവിട്ടിരുന്നു.

ശാരദാ മുരളീധരൻ ചീഫ് സെക്രട്ടറിയായിരിക്കെ ചേർന്ന അതോറിറ്റിയുടെ ജനുവരി 31-ലെ എസ്ഇസി യോഗം തുക വിനിയോഗിക്കുന്നതിന് അതോറിറ്റി തയ്യാറാക്കിയ പദ്ധതികൾ അംഗീകരിച്ചു. പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് വിവിധ വകുപ്പുകൾക്ക് കൈമാറാനായി തുക അതോറിറ്റിയുടെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കാൻ ധനവകുപ്പിന്റെ കൂടി അംഗീകാരത്തോടെ ഉത്തരവുമിറക്കി. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഏപ്രിൽ അവസാനമാണ് അക്കൗണ്ടിലെത്തിയത്.

ഓരോ പദ്ധതിക്കും പണം ചെലവിടുമ്പോഴും ഒരു മാസത്തിനകം ആഭ്യന്തര മന്ത്രാലയത്തിന് കീഴിലെ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പോർട്ടലിൽ വിവരം നല്കണമെന്നതടക്കമുള്ള നിബന്ധനയുമുണ്ടായിരുന്നു. ഇതനുസരിച്ച് ദുരന്തനിവാരണ അതോറിറ്റി തുക ചെലവിട്ടു വരുമ്പോഴാണ് ഫണ്ട് അതോറിറ്റിയിൽ നിന്ന് തിരിച്ചെടുത്ത് സർക്കാരിന്റെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റുന്നതായി ഉത്തരവിട്ടത്.

3.86 കോടി രൂപ മാത്രമാണ് അതോറിറ്റി ഈ തുകയിൽ നിന്ന് ചെലവിട്ടതെന്നും ഉപയോഗിക്കാതെ കിടക്കുന്നതിനാൽ ബാക്കി 116.15 കോടി തിരിച്ചെടുക്കുന്നു എന്നുമാണ് ദുരന്ത നിവാരണ സെക്രട്ടറിയുടെ ഉത്തരവിലുള്ളത്.

# ഐപിസി ഹെബ്രോൺ റിവൈവ് – 2025




**നിബു വെള്ളവന്താനം**

ഫിലാഡൽഫിയ: ഐപിസി ഹെബ്രോൺ ഫിലാഡൽഫിയ സഭയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 15 മുതൽ ഒക്ടോബർ 5 വരെ 21 ദിവസത്തെ ഉണർവ് യോഗവും ഉപവാസ പ്രാർത്ഥനയും (റിവൈവ്-2025) നടത്തപ്പെടും. പാസ്റ്റർമാരായ ജോർജുകുട്ടി പുല്ലമ്പള്ളിൽ, സൈമൺ ചാക്കോ, ബിജു സി. എക്സ്, ജെയിംസ് മുളവന, മോനീസ് ജോർജ് എന്നിവർ വിവിധ ദിവസങ്ങളിൽ ദൈവവചനം ശുശ്രൂഷിക്കും. വിവരങ്ങൾക്ക്: +19729040994 എന്ന നമ്പറിൽ ബന്ധപ്പെടുക.

IPC HEBRON, 105 East Street Road, Warminster, PA 18974.

# വിമാനത്തിന്റെ ചക്രം ഊരിത്തെറിച്ചു; അടിയന്തര ലാൻഡിംഗ്

മുംബൈ: പറന്നുയരുന്നതിനിടെ വിമാനത്തിന്റെ ചക്രം ഊരിപ്പോയി. ഗുജറാത്തിലെ കണ്ട്‌ല വിമാനത്താവളത്തിൽനിന്ന് സെപ്റ്റംബർ 12-ന് ഉച്ചകഴിഞ്ഞ് 2.39-ന് 75 യാത്രക്കാരുമായി മുംബൈയിലേക്കു പുറപ്പെട്ട സ്പൈസ് ജെറ്റ് ക്യൂ 400 വിമാനത്തിന്റെ പിൻചക്രങ്ങളിൽ ഒരെണ്ണമാണ് ഊരിപ്പോയത്. കണ്ട്‌ലയിലെ റൺവേ 23-ൽനിന്ന് ടേക്ക് ഓഫ് ചെയ്യുന്നതിനിടെ ചക്രം ഊരിത്തെറിക്കുകയായിരുന്നു.

യാത്ര തുടർന്ന വിമാനം മുംബൈയിൽ സുരക്ഷിതമായി ലാൻഡിംഗ് നടത്തി. വിവരമറിഞ്ഞ് മുംബൈ വിമാനത്താവളത്തിൽ പൂർണ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്നു.

വിമാനം പറന്നുയർന്നപ്പോൾ ഒരു കറുത്ത വസ്തു താഴേക്കു വീഴുന്നത് കൺട്രോൾ ടവറിലെ ഉദ്യോഗസ്ഥർ ശ്രദ്ധിച്ചിരുന്നു. തുടർന്നു നടത്തിയ പരിശോധനയിലാണ് ടയർ കണ്ടെത്തിയത്. വിമാനത്തിലെ പൈലറ്റിനെ ഇക്കാര്യം അറിയിച്ചശേഷം മുംബൈ വിമാനത്താവളത്തിൽ ജാഗ്രതാ നിർദേശം നൽകി.

തുടർന്ന് വിമാനം സുരക്ഷിതമായി ലാൻഡ് ചെയ്യുകയായിരുന്നു. യാത്രക്കാർ സുരക്ഷിതരാണെന്നും മറ്റു പ്രശ്നങ്ങളില്ലെന്നും വിമാനക്കമ്പനി അറിയിച്ചു. സംഭവത്തിൽ ഡിജിസിഎ അന്വേഷണം ആരംഭിച്ചു.

# ചിക്കാഗോയിൽ അന്തരിച്ച നവീഷ് കണിയാംപറമ്പിലിന്റെ സംസ്കാരച്ചടങ്ങുകൾ സെപ്റ്റംബർ 15, 16 തീയതികളിൽ



ചിക്കാഗോ: ചിക്കാഗോയിൽ അന്തരിച്ച നവീഷ് ലൂക്ക് സിറിയക് കണിയാംപറമ്പിലിന്റെ (42) സംസ്കാരച്ചടങ്ങുകൾ സെപ്റ്റംബർ 15 (തിങ്കൾ), 16 (ചൊവ്വ) തീയതികളിൽ മോർട്ടൻ ഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. സെപ്റ്റംബർ 15-ന് തിങ്കളാഴ്ച വൈകുന്നേരം 5 മണി മുതൽ 8 മണി വരെ പൊതുദർശനം. 8 മണിക്ക് പ്രാർത്ഥനാശുശ്രൂഷകൾ ആരംഭിക്കും. സെപ്റ്റംബർ 16-ന് ചൊവ്വാഴ്ച രാവിലെ 8 മണി മുതൽ 10 മണി വരെ പൊതുദർശനം. 10 മണിക്ക് ദിവ്യബലിയും പ്രാർത്ഥനാ ശുശ്രൂഷകളും. തുടർന്ന് നൈൽസിലുള്ള മേരിഹിൽ കാത്തലിക് സെമിത്തേരിയിൽ സംസ്കാരം നടക്കും. സംസ്കാരത്തിനുശേഷം പള്ളിയിൽ വെച്ച് മന്ത്രാ ഉണ്ടായിരിക്കുന്നതാണ്.

ഓണംതുരുത്ത് കണിയാംപറമ്പിൽ പരേതനായ സിറിയക്കും മോളിയുമാണ് (ചെമ്മാച്ചേൽ, നീണ്ടൂർ) മാതാപിതാക്കൾ. ഭാര്യ ജീനു പിറവം വെള്ളാപ്പള്ളിൽ കുടുംബാംഗമാണ്. മക്കൾ: നെയ്തൻ, ജെയിംസ്, ജിയാന.

സഹോദരങ്ങൾ: നവീൻ & അനു കണിയാംപറമ്പിൽ, പ്രെറ്റി & ഡസ്റ്റിൻ മുടീക്കുന്നേൽ.



KERALA EXPRESS പ്രവാസി താളുകൾ

# ആത്മീയ ഉണർവേകി ബെൻസൻവിൽ ഇടവകയിൽ മരിയൻ സംഗമം





**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് മേരി നാമധാരികളുടെ മരിയൻ സംഗമം നടത്തപ്പെട്ടു. അന്നേദിവസം 160 വനിതകൾ ചേർന്ന് പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാൾ ഏറ്റെടുത്തു നടത്തി. പരിശുദ്ധ അമ്മയുടെ രൂപം വഹിച്ചുകൊണ്ട് നടത്തിയ മരിയൻ പ്രദക്ഷിണം ഏവർക്കും ഹൃദ്യമായ അനുഭവമായിരുന്നു. വിമൻസ് മിനിസ്ട്രി കോ-ഓർഡിനേറ്റർ മേഴ്സി ചെമ്മലക്കുഴിയിൽ സംഗമത്തിന് നേതൃത്വം നല്കി.

## സിഎംഎ വാർഷിക പൊതുയോഗവും ഫോമാ, ഫൊക്കാന പ്രതിനിധി തെരഞ്ഞെടുപ്പും ഒക്ടോ. 26-ന്

**ബിജു മുണ്ടക്കൽ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ (സിഎംഎ) വാർഷിക പൊതുയോഗവും ഫൊമാ, ഫോക്കാന പ്രതിനിധികളുടെ തെരഞ്ഞെടുപ്പും ഒക്ടോബർ 26-ന് വൈകിട്ട് 3-ന് അസോസിയേഷൻ ഹാളിൽ നടക്കും.

2025-26 കാലയളവിലെ ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതിനാൽ 2025-27-ലേക്കുള്ള ഭരണസമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞയും ചുമതല കൈമാറൽ ചടങ്ങും ഇതോടനുബന്ധിച്ച് നടക്കും.

ഫോമാ, ഫൊക്കാന പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ താല്പര്യമുള്ളവർ നിശ്ചിത ഫോറത്തിൽ അപേക്ഷാ ഫീസ് (50) സഹിതം ഒക്ടോബർ 18-ന് വൈകുന്നേരം 6 മണിക്കകം സെക്രട്ടറിക്ക് നോമിനേഷനുകൾ സമർപ്പിക്കേണ്ടതാണെന്ന് പ്രസിഡണ്ട് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട് എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറിയുമായി ബന്ധപ്പെടേണ്ടതാണ്.

പ്രസ്തുത ജനറൽബോഡി മീറ്റിങ്ങിലേക്ക് ചിക്കാഗോ മലയാളി അസോസിയേഷന്റെ എല്ലാ അംഗങ്ങളെയും ക്ഷണിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു.

## സുജ ജോർജിന്റെ സംസ്കാരം സെപ്റ്റംബർ 15-ന്



ന്യൂജേഴ്സി: ന്യൂജേഴ്സിയിൽ അന്തരിച്ച മെർക്ക് ഫാർമസ്യൂട്ടിക്കൽസ് അസോസിയേറ്റ് ഡയറക്ടർ സുജ ജോർജിന്റെ (58) സംസ്കാരം സെപ്റ്റംബർ 15-ന് തിങ്കളാഴ്ച റാൻഡോൾഫിലെ മാർത്തോമ്മാ ചർച്ച് ഓഫ് ന്യൂജേഴ്സിയിലെ ശുശ്രൂഷകൾക്കുശേഷം നടത്തും.

ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക, കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി, ചേംബർ ഓഫ് കൊമേഴ്സ് എന്നിവയുടെ മുൻ പ്രസിഡണ്ടും അമേരിക്കൻ മലയാളി, സംഗമം, എമേർജിംഗ് കേരള യുഎസ്എ എന്നിവയുടെ ചീഫ് എഡിറ്ററുമായിരുന്ന പന്തളം ചാലായിൽ കുടുംബാംഗം റെജി ജോർജിന്റെ ഭാര്യയും തുമ്പമൺ പേഴുംകാട്ടിൽ പരേതരായ പി.എം. ഉമ്മന്റെയും ഏലിയാമ്മയുടെയും പുത്രിയുമാണ്.

റാൻഡോൾഫ് മാർത്തോമ്മാ ചർച്ചിലെ സജീവാംഗമായിരുന്നു. സൺഡേ സ്കൂളിന്റെ റീജിയണൽതല ചുമതലവഹിച്ചിരുന്നു. മക്കൾ: രോഹിത് ജോർജ്, റോഷ്നി ജോർജ് (സ്റ്റോണി ബ്രൂക്ക് വിദ്യാർത്ഥിനി). പരേതനായ അലക്സാണ്ടർ ഉമ്മൻ ഏകസഹോദരനാണ്.

## സുജ ജോർജിന്റെ നിര്യാണത്തിൽ ഇന്ത്യ പ്രസ്ക്ലബ് അനുശോചിച്ചു

**അനിൽ ആറന്മുള**

ന്യൂയോർക്ക്: ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ മുൻ പ്രസിഡണ്ടും പ്രഥമ സെക്രട്ടറിയും ആയിരുന്ന റെജി ജോർജിന്റെ പത്നി സുജ ജോർജിന്റെ വേർപാടിൽ ഐപിസിഎൻഎ അഗാധമായ ദുഃഖം അറിയിച്ചു.

മെറിക്ക് ഫാർമസ്യൂട്ടിക്കൽസിൽ അസോസിയേറ്റ് ഡയറക്ടർ ആയിരുന്ന സുജ ജോർജിന്റെ അപ്രതീക്ഷിതമായ അന്ത്യം സംഘടനയിലെ സഹപ്രവർത്തകരെ ഏറെ ദുഃഖിപ്പിക്കുന്നു.

റെജി ജോർജും മക്കളായ രോഹിത് ജോർജ്, റോഷ്നി ജോർജ് എന്നിവരും ബന്ധുക്കളും കടന്നുപോകുന്ന മഹാവ്യസനത്തിൽ ഐപിസിഎൻഎയും പങ്കുചേരുന്നു.

വേർപിരിഞ്ഞുപോയ ആത്മാവിന് നിത്യശാന്തി നേരുന്നു. ഈ ദുഃഖം താങ്ങാൻ ബന്ധുമിത്രാദികൾക്ക് കെല്പ്പ് ഉണ്ടാകട്ടെയെന്ന് ഐപിസിഎൻഎ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ, നിയുക്ത പ്രസിഡണ്ട് രാജു പള്ളത്ത്, വൈസ് പ്രസിഡണ്ട് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രഷറർ റോയ് മുളകുന്നം, കോൺഫറൻസ് ചെയർമാൻ സജി ഏബ്രഹാം എന്നിവർ പ്രാർത്ഥനാപൂർവം അറിയിക്കുന്നു.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ഡാളസ് ക്നാനായ കത്തോലിക്കാ അസോസിയേഷൻ ഓണാഘോഷം 'ഓണം – 25' പ്രൗഢഗംഭീരമായി

ഡാളസ്: ക്നാനായ കത്തോലിക്കാ അസോസിയേഷൻ ഓഫ് ഡാളസ്-ഫോർത്ത് വർത്ത് (KCADFW) ഓണം-25 കേരളീയ സാംസ്കാരിക മികവോടെ ഗംഭീരമായി ആഘോഷിച്ചു. ക്രൈസ്റ്റ് ദി കിംഗ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ക്നായ് തോമ്മൻ ഹാളിൽ നടന്ന ചടങ്ങ് വൈകിട്ട് 6.30-ന് മഹാബലിയുടെയും താലപ്പൊലിയേന്തിയ മഹിളാമണികളുടെയും ചെണ്ടമേളവും ചുണ്ടൻവള്ളവും അണിനിരത്തിയ സാംസ്കാരിക ഘോഷയാത്രയോടെ വിശിഷ്ടാതിഥികളെ വരവേറ്റു.

പ്രധാനാതിഥിയായി പങ്കെടുത്തത് ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ സ്ഥിരം മിഷൻ കൗൺസിലർ എൽദോസ് മാത്യു പുന്നൂസ് IFS ആയിരുന്നു. മറ്റു മുഖ്യാതിഥികളായി സിനിമാ കലാകാരൻ ജോസുകുട്ടി വലിയകല്ലുങ്കൽ, കെ.സി.സി.എൻ.എ. ട്രഷറർ ജോജോ തറയിൽ, ക്രൈസ്റ്റ് ദി കിംഗ് പാരിഷ് വികാരി റവ.ഫാ. ഏബ്രഹാം കളരിക്കൽ എന്നിവരും പങ്കെടുത്തു.

KCADFW പ്രസിഡണ്ട് ബൈജു ആലപ്പാട്ട് സ്വാഗതപ്രസംഗം നടത്തി. 13 ഇവന്റ് സ്പോൺസർമാരുടെയും 7 മത്സര സമ്മാന സ്പോൺസർമാരുടെയും മഹത്തായ പിന്തുണ അദ്ദേഹം നന്ദിയോടെ ഓർത്തു. മുഖ്യാതിഥി എൽദോസ് മാത്യു ഹൃദയസ്പർശിയായ ഓണസന്ദേശം നല്കി. തുടർന്ന് ജോസുകുട്ടി വലിയകല്ലുങ്കൽ, ജോജോ തറയിൽ, റവ.ഫാ. ഏബ്രഹാം കളരിക്കൽ എന്നിവരും ആശംസകൾ പങ്കുവെച്ചു. ചിക്കാഗോയിലേക്ക് സ്ഥലംമാറി പോകുന്ന ഫാ. ഏബ്രഹാം കളരിക്കലിനും വിശിഷ്ടാതിഥികൾക്കും എക്സിക്യൂട്ടീവ് കമ്മിറ്റി മൊമെന്റോ സമ്മാനിച്ചു.

പരിപാടിയുടെ പ്രധാന ആകർഷണമായിരുന്ന പ്രശസ്ത കോമഡി താരവും സിനിമാ കലാകാരനുമായ ജോബി പാലായുടെ മനോഹരമായ ഹാസ്യപ്രകടനം മുഴുവൻ പ്രേക്ഷകരെയും ആകർഷിച്ചു. സാംസ്കാരിക പരിപാടികൾക്ക് ശേഷം 650-ലധികം ആളുകൾ പങ്കെടുത്ത 17 വിഭവങ്ങളടങ്ങിയ സാമ്പ്രദായിക ഓണസദ്യ പായസമടക്കം വിളമ്പി കേരളീയ സൽക്കാരത്തിന്റെ മഹിമ വിളിച്ചോതി.

പ്രധാന പരിപാടികൾക്ക് സമാപനം കുറിച്ചത് കെസിഎഡിഎഫ്ഡബ്ല്യു സെക്രട്ടറി ബിനോയ് പുതേൻമാടത്തിൽ അവതരിപ്പിച്ച നന്ദി പ്രസംഗത്തിലൂടെയായിരുന്നു. റൈന കരക്കാട്ടിലും ആൽബർട്ട് പുഴക്കാരോട്ടും എംസിമാരായി വേദി മനോഹരമായി കൈകാര്യം ചെയ്തു.

ചടങ്ങുകൾ വിജയകരമായി സംഘടിപ്പിച്ചത് ബോർഡ് ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ മുഴുവൻ KCADFW എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്നാണ്. പ്രസിഡണ്ട് ബൈജു പുന്നൂസ് ആലപ്പാട്ട്, വൈസ് പ്രസിഡണ്ട് ജോബി പഴുക്കായിൽ, ജോ. സെക്രട്ടറി അജീഷ് മുളവിനാൽ, ട്രഷറർ ഷോൺ ഏലൂർ, നാഷണൽ കൗൺസിൽ മെംബേഴ്സ് ബിബിൻ വില്ലൂത്തറ, ജിജി കുന്നശ്ശേരിയിൽ, സേവ്യർ ചിറയിൽ, ഡോ. സ്റ്റീഫൻ പോട്ടൂർ, സിൽവെസ്റ്റർ കോടുന്നിനാംകുന്നേൽ, ലൂസി തറയിൽ, തങ്കച്ചൻ കിഴക്കേപുറത്ത്, സുജിത് വിശാഖംതറ, കെവിൻ പല്ലാട്ടുമഠം, വിമൻസ്ഫോറം പ്രസിഡണ്ട് ലിബി എരിക്കാട്ടുപറമ്പിൽ, യുവജനവേദി പ്രസിഡണ്ട് റോണി പതിനാറുപറയിൽ, KCYL പ്രസിഡണ്ട് ജെയിംസ് പറമ്പേട്ട്, KCADFW വിമൻസ് ഫോറം, KCYL, കിഡ്സ് ക്ലബ് എന്നീ ഘടകങ്ങളും അനവധി വോളണ്ടിയർമാരും പരിപാടിയുടെ വിജയത്തിൽ നിർണായക പങ്കുവഹിച്ചു.

ഓണാഘോഷത്തിന്റെ ഭാഗമായി KCADFW-യുടെ വാർഷിക സാംസ്കാരിക മത്സരങ്ങളും ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 6 വരെ രണ്ട് വാരാന്ത്യങ്ങളിലായി നടന്നു. 32 മത്സരങ്ങളിൽ 400-ലധികം മത്സരാർത്ഥികൾ പങ്കെടുത്ത് കമ്യൂണിറ്റിയിലെ കഴിവുകൾ തെളിയിച്ചു. ഈ മത്സരങ്ങൾ ടീന കുഴിപ്പിൽ, മായ അമ്പാട്ട്, ജെയിംസ് കാരിങ്ങണാട്ട് എന്നിവരുടെ നേതൃത്വത്തിലുള്ള സാംസ്കാരിക സമിതി, മുൻ സെക്രട്ടറി ജിസ് കലപുരയുടെ പിന്തുണയോടെ വിജയകരമായി സംഘടിപ്പിച്ചു.


ഈ വർഷത്തെ ഓണാഘോഷം, അതിന്റെ ഭംഗിയിലും വലുപ്പത്തിലും മാത്രമല്ല, ഐക്യവും സൗഹൃദവും സാംസ്കാരിക അഭിമാനവും നിറഞ്ഞതായിരുന്നു.

































# അന്താരാഷ്ട്ര മാധ്യമ സമ്മേളനം: പ്രസ്ക്ലബ് ന്യൂയോർക്ക് ചാപ്റ്റർ അവലോകനയോഗം നടത്തി

ന്യൂയോർക്ക്: ഒക്ടോബർ 9, 10, 11 തീയതികളിൽ ന്യൂജേഴ്സിയിലെ ഷെറാട്ടൺ എഡിസൺ ഹോട്ടൽ സമുച്ചയത്തിൽ നടക്കുന്ന ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ 11-ാമത് ഇന്റർനാഷണൽ മീഡിയ കോൺഫറൻസിന്റെ ഒരുക്കങ്ങൾ വിലയിരുത്തി.

ആതിഥേയരായ ന്യൂയോർക്ക് ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഷെറാട്ടൺ എഡിസൺ ഹോട്ടലിൽ ചേർന്ന അവലോകന യോഗത്തിൽ മാധ്യമപ്രവർത്തകർക്കു പുറമെ ഫൊക്കാന, ഫോമാ, വേൾഡ് മലയാളി കൗൺസിൽ, കൂടാതെ സാമൂഹിക, രാഷ്ട്രീയ

**ഷോളി കുമ്പിളുവേലി**

രംഗത്തെ നിരവധി പ്രമുഖരും സംരംഭകരും പങ്കെടുത്തു.

ഐപിസിഎൻഎ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ഷോളി കുമ്പിളുവേലിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഐപിസിഎൻഎ ദേശീയ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, ജനറൽ സെക്രട്ടറി ഷിജോ പൗലോസ്, കോൺഫറൻസ് ചെയർമാൻ സജി ഏബ്രഹാം, ന്യൂയോർക്ക് ചാപ്റ്റർ സെക്രട്ടറി ജോജോ കൊട്ടാരക്കര, വൈസ് പ്രസിഡണ്ട് ജേക്കബ് മാനുവൽ തുടങ്ങിയവർ കോൺഫറൻസിനെക്കുറിച്ച് സംസാരിക്കുകയും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

വിവിധ സാമൂഹിക, സാംസ്കാരിക സംഘടനകളെ പ്രതിനിധീകരിച്ച് നിരവധിപേർ ആശംസകളും സഹായസഹകരണങ്ങളും അറിയിച്ചു. റോക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്റീവ് വൈസ് ചെയർ ഡോ. ആനി പോൾ, ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ഫോമാ മുൻ പ്രസിഡണ്ട് അനിയൻ ജോർജ്, ഫൊക്കാന മുൻ പ്രസിഡണ്ട് പോൾ കറുകപ്പള്ളി, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ വൈസ് പ്രസിഡണ്ട് (അമേരിക്ക റീജിയൻ) ഡോ. തങ്കമണി അരവിന്ദ്, ജിനേഷ് തമ്പി, പിന്റോ ചാക്കോ, അനീഷ് ജെയിംസ്, ഫോമാ മുൻ ജനറൽ സെക്രട്ടറി ജിബി തോമസ്, മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സി പ്രസിഡണ്ട് രാജു ജോയ്, സാമൂഹിക, സാംസ്കാരിക പ്രവർത്തകനും മുൻ കേരള സമാജം ഓഫ് സ്റ്റാറ്റൻ ഐലൻഡ് പ്രസിഡണ്ടുമായ ജിഷോ, അനിൽ പുത്തൻചിറ, റീന പുത്തൻചിറ, കുഞ്ഞുമോൾ വർഗീസ്, പ്രമുഖ ടെലിവിഷൻ നിർമാതാവ് ജില്ലി സാമുവേൽ, ബോബി സാമുവേൽ, ലത കറുകപ്പിള്ളിൽ, ഷൈബു വർഗീസ്, ജിബി ജേക്കബ് വർഗീസ് കൂടാതെ നിരവധി പ്രമുഖ വ്യക്തികൾ പങ്കെടുത്തു.

ഇന്ത്യ പ്രസ്ക്ലബിന്റെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്ന സംരംഭകരായ ദിലീപ് വർഗീസ്, ഗ്ലോബൽ കൊളീഷൻ നോഹ ജോർജ്, ജോസഫ് കാഞ്ഞമല സിപിഎ, അനിൽ പുത്തൻചിറ, ബിനോയ് തോമസ് എന്നിവരും ഐപിസിഎൻഎ പ്രതിനിധീകരിച്ചു മുൻ പ്രസിഡണ്ടുമാരായ ജോർജ് ജോസഫ്, മധു കൊട്ടാരക്കര, ചാപ്റ്റർ അംഗങ്ങൾ, ബിജു ജോൺ കൊട്ടാരക്കര, ജിനേഷ് തമ്പി, മാത്തുക്കുട്ടി ഈശോ, ജയൻ ജോസഫ് തുടങ്ങിയവരും സംസാരിച്ചു.




കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി കോർ കമ്മിറ്റിയെ യോഗം തെരഞ്ഞെടുത്തു. കോൺഫറൻസ് ചെയർമാൻ-സജി ഏബ്രഹാം, ജനറൽ കൺവീനർ-ഷോളി കുമ്പിളുവേലി (ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട്), റിസപ്ഷൻ/രജിസ്ട്രേഷൻ-ബിജു കൊട്ടാരക്കര, കുഞ്ഞുമോൾ വർഗീസ്, ഡോ. തങ്കമണി അരവിന്ദ്, ഗസ്റ്റ് റിലേഷൻസ്-അനിയൻ ജോർജ്, ജിനേഷ് തമ്പി, ടൈം മാനേജ്മെന്റ്-റെജി ജോർജ്, ജോർജ് തുമ്പയിൽ, പ്രോഗ്രാം-താജ് മാത്യു, ഫുഡ് കമ്മിറ്റി-മധു കൊട്ടാരക്കര, സുനിൽ തൈമറ്റം, ട്രാൻസ്പോർട്ടേഷൻ-പിന്റോ ചാക്കോ, അനീഷ് ജെയിംസ്, സേഫ്റ്റി/സെക്യൂരിറ്റി കമ്മിറ്റി-ജിഷോ, സുവനീർ-മാത്തുക്കുട്ടി ഈശോ, ഓഡിയോ വിഷൻ-ജില്ലി സാമുവേൽ കൂടാതെ ഐപിസിഎൻഎയുടെ മുൻ പ്രസിഡണ്ടുമാരായ സുനിൽ തൈമറ്റം (അഡ്വൈസറി ബോർഡ് ചെയർമാൻ), ജോർജ് ജോസഫ്, മാത്യു വർഗീസ്, ബിജു കിഴക്കേക്കുറ്റ്, നിലവിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, പ്രസിഡണ്ട് ഇലക്ട്-രാജു പള്ളത്ത് എന്നിവരും കോർ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

ഒക്ടോബർ 9, 10, 11 തീയതികളിൽ ന്യൂജേഴ്സിയിലെ ഷെറാട്ടൺ എഡിസൺ ഹോട്ടലിൽ നടക്കുന്ന ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ 11-ാമത് ഇന്റർനാഷണൽ മീഡിയ കോൺഫറൻസിൽ കേരളത്തിൽ നിന്നും ജനപ്രതിനിധികളും മുതിർന്ന മാധ്യമപ്രവർത്തകരും പങ്കെടുക്കും.

കോൺഫറൻസിനെക്കുറിച്ച് കൂടുതൽ അറിയാൻ താല്പര്യമുള്ളവർ താഴെപ്പറയുന്നവരെ ബന്ധപ്പെടുക: സുനിൽ ട്രൈസ്റ്റാർ, ഷിജോ പൗലോസ്, സുനിൽ തൈമറ്റം, വിശാഖ് ചെറിയാൻ, അനിൽകുമാർ ആറന്മുള, ആശ മാത്യു, റോയ് മുളകുന്നം, സജി ഏബ്രഹാം, ഷോളി കുമ്പിളുവേലി, രാജു പള്ളത്ത്, മധു കൊട്ടാരക്കര, ബിജു കൊട്ടാരക്കര, ജോജോ കൊട്ടാരക്കര, ബിനു തോമസ്. മറ്റു ന്യൂയോർക്ക് ചാപ്റ്റർ ഭാരവാഹികളെയും ബന്ധപ്പെടാവുന്നതാണ്.



## ജോസ് തോമസ് കാവിൽ അന്തരിച്ചു



മള്ളൂശ്ശേരി: റിട്ടയേർഡ് മർച്ചന്റ് നേവി ഉദ്യോഗസ്ഥൻ ജോസ് തോമസ് കാവിൽ (86) അന്തരിച്ചു. ഭാര്യ എത്സമ്മ കണ്ണങ്കര മടയനകാവിൽ കുടുംബാംഗമാണ്. മക്കൾ: ജയ കൈപ്പള്ളിൽ, മിഥു ഇടയാഞ്ഞിലിൽ. മരുമക്കൾ: ബിനു കൈപ്പള്ളിൽ, ജോബി ഇടയാഞ്ഞിലിൽ

കൈപ്പുഴ കാവിൽ പരേതരായ തോമസ് സാറും മറിയാമ്മ (വഞ്ചിപ്പുരക്കൽ) യുമാണ് മാതാപിതാക്കൾ. സഹോദരങ്ങൾ: സിസ്റ്റർ ആനിയമ്മ കാവിൽ (കാരിത്താസ്), ഡൊമിനിക് കാവിൽ/ചിന്നമ്മ (മന്നാകുളത്തിൽ), പരേതനായ സൈമൺ കാവിൽ/പരേതയായ മോളമ്മ (പൂഴിക്കുന്നേൽ), മേരിക്കുട്ടി കൂപ്ലിക്കാട്ട്/ജേക്കബ് കൂപ്ലിക്കാട്ട്, ജിമ്മി കാവിൽ/ലീല (നരിച്ചിറയിൽ).

സംസ്കാരം പിന്നീട്.

## എം.ജെ. ചിന്നക്കുട്ടി തച്ചേട്ട് അന്തരിച്ചു



അറുനൂറ്റിമംഗലം: ക്നാനായ കത്തോലിക്കാ കോൺഗ്രസ് മുൻ പ്രസിഡണ്ട് പരേതനായ അഡ്വ. തോമസ് തച്ചേട്ടിന്റെ ഭാര്യ റിട്ടയേർഡ് ഹെഡ്മിസ്ട്രസ് എം. ജെ. ചിന്നക്കുട്ടി (അമ്മുക്കുട്ടി-88) അന്തരിച്ചു. പരേത കോട്ടയം മള്ളൂശേരിൽ കുടുംബാംഗമാണ്. മക്കൾ: ജോസഫ് തച്ചേട്ട് & സിന്ധു (കോളങ്ങായിൽ, പിറവം) എറണാകുളം, ജോൺ (ജോഹാൻ) തച്ചേട്ട് & കൊച്ചുമോൾ (പച്ചിക്കര, തൊടുപുഴ) ഒട്ടാവ, കാനഡ, ജേക്കബ് തച്ചേട്ട് & ബബിത (മ്യാലിൽ, കട്ടച്ചിറ) ഓർലാണ്ടോ, ഫ്ളോറിഡ, ജോർജ് തച്ചേട്ട് & ചിത്ര (മംഗലത്തേട്ട്, കോട്ടയം), സെയ്ഷെൽസ്, അൻജന & ജോ (ചക്കുങ്കൽ, കോട്ടയം) ന്യൂയോർക്ക്.

**വാർത്ത: ജോണിക്കുട്ടി പിള്ളവീട്ടിൽ**

# കെ.സി.എസ്. ചിക്കാഗോ ഓണം 2025: സംസ്കാരത്തിന്റെയും സന്തോഷത്തിന്റെയും ഒരുമയുടെയും ആഘോഷം

ഷാജി പള്ളിവീട്ടിൽ

ചിക്കാഗോ: സെപ്റ്റംബർ 7-ന് ഞായറാഴ്ച വൈകുന്നേരം ഡെസ് പ്ലെയിൻസിലെ ക്നാനായ സെന്ററിൽ വെച്ച് കെ.സി.എസ്. ചിക്കാഗോ പ്രൗഢഗംഭീരമായ ഓണാഘോഷം നടത്തി. ഓണാഘോഷം കുടുംബങ്ങളുടെയും അംഗങ്ങളുടെയും വലിയൊരു കൂട്ടായ്മക്കു വേദിയൊരുക്കി. ഗംഭീരമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾ ആരംഭിച്ചത്. തുടർന്ന് ചെണ്ടമേളവും താലപ്പൊലിയും കൊണ്ട് മാവേലി തമ്പുരാനെ




അനുഗമിക്കുന്ന വർണ്ണാഭമായ ഘോഷയാത്രയും ഉണ്ടായിരുന്നു. വിശിഷ്ടാതിഥി പ്രൊഫ. ഷീല സ്റ്റീഫൻ (മുൻ പ്രിൻസിപ്പൽ, ബി.സി.എം കോളജ്) പരിപാടി ഉദ്ഘാടനം ചെയ്തു. മലയാള സിനിമാ നടി ഡിനി ഡാനിയേലും നിർമ്മാതാവ് ജോയ് തോമസും പരിപാടിക്ക് കൂടുതൽ നിറചാർത്തായി. കെ.സി.സി.എൻ.എ. ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ ആശംസകൾ നേർന്നു.

ജോയി ചെമ്മാച്ചേൽ സ്മാരക കർഷകശ്രീ അവാർഡ് വിതരണവും ചടങ്ങിൽ നടന്നു. ചെമ്മാച്ചേൽ കുടുംബം സ്പോൺസർ ചെയ്ത ഒന്നാം സമ്മാനം ബെന്നി & മഞ്ജു നല്ലുവീട്ടിൽ എന്നിവർക്കും ഫിലിപ്പ് പെരികലത്തിൽ സ്പോൺസർ ചെയ്ത രണ്ടാം സമ്മാനം മിതിൻ & ബ്ലെസി ചിറക്കപറമ്പിലിനും കെ.സി.എസ്. പ്രസിഡണ്ട് ജോസ് ആനമല സ്പോൺസർ ചെയ്ത മൂന്നാം സമ്മാനം ജിജി & ബിനു പള്ളിവീട്ടിൽ എന്നിവർക്കും സമ്മാനിച്ചു. റൈസിംഗ് ഫാർമറിനുള്ള പ്രത്യേക ജൂറി അവാർഡ് സാജൻ & ടിറ്റി പച്ചിലമാക്കിലിനും സമ്മാനിച്ചു.

2025-ൽ ചിക്കാഗോയിൽ ജനിച്ച ആദ്യത്തെ ക്നാനായ കുഞ്ഞിന്റെ മാതാപിതാക്കളായ പുള്ളൂർകുന്നേൽ സ്റ്റെബിൻ ആൻഡ് സൗമ്യ ദമ്പതികൾക്ക് ഫിലിപ്പ് ഞാറവേലിൽ സ്പോൺസർ ചെയ്ത കാഷ് അവാർഡ് സമ്മേളനത്തിൽ വെച്ച് സമ്മാനിച്ചു.

വനിതാ ഫോറത്തിന്റെ മനോഹരമായ തിരുവാതിര, കുട്ടികളുടെ ചടുലമായ നൃത്തങ്ങൾ, വൈകുന്നേരത്തെ ഊർജ്ജസ്വലമാക്കുന്ന ശ്രുതിമധുരമായ സംഗീതപരിപാടി എന്നിവ സാംസ്കാരിക ആകർഷണങ്ങളിൽ ഉൾപ്പെടുന്നു. ഓണത്തിന്റെ യഥാർത്ഥ ചൈതന്യം പകർത്തുകയും സന്തോഷത്തിന്റെയും ഒരുമയുടെയും വിലയേറിയ ഓർമ്മകൾ പ്രേക്ഷകർക്ക് സമ്മാനിക്കുകയും ചെയ്ത ടോണി പോങ്ങാനയുടെ മെലോഡിയസ് ഗാനമേളയോടെയാണ് ആഘോഷം അവസാനിച്ചത്. പ്രദീപ് മുരിങ്ങോത്ത് ഗാനം ആലപിച്ചു. വൈസ് പ്രസിഡണ്ട് മാറ്റ് വിലങ്ങാട്ടുശ്ശേരിൽ സ്വാഗതവും സെക്രട്ടറി ഷാജി പള്ളിവീട്ടിൽ കൃതജ്ഞതയും പറഞ്ഞു.

ഈ ഓണാഘോഷത്തിന്റെ യഥാർത്ഥ നട്ടെല്ലായിരുന്നു കെ.സി.എസ്. വനിതാ ഫോറത്തിന്റെ അക്ഷീണ പരിശ്രമം. അവരുടെ സമർപ്പണവും ടീം വർക്കുമാണ് പരിപാടിയെ കൂടുതൽ ഉയർത്തിക്കാട്ടിയത്. അവരുടെ മനോഹരമായ തിരുവാതിര പ്രകടനം വേദിയിലേക്ക് ചാരുതയും പാരമ്പര്യവും കൊണ്ടുവന്നു. സാംസ്കാരിക ആഴംകൊണ്ട് പ്രേക്ഷകരെ ആകർഷിച്ചു. വേദിക്കപ്പുറം വനിതാഫോറം തിരശ്ശീലയ്ക്കു പിന്നിൽ അക്ഷീണം പ്രവർത്തിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പരിപാടികൾ സംഘടിപ്പിക്കുക, പരിപാടിയെ അവിസ്മരണീയമാക്കുന്ന ഊഷ്മളമായ ഉത്സവാന്തരീക്ഷം സൃഷ്ടിക്കുക എന്നിവയെല്ലാം അവർ ചെയ്തു.

ഓണാഘോഷങ്ങൾക്ക് സർഗ്ഗാത്മകതയോടെയും ആവേശത്തോടെയും നേതൃത്വം നല്കിയ വിമൻസ് ഫോറം എക്സിക്യൂട്ടീവ് ഷാനിൽ വെട്ടിക്കാട്ട് (പ്രസിഡണ്ട്), ജിനു നെടിയകാലായിൽ (വൈസ് പ്രസിഡണ്ട്), മന്നു തിരുനെല്ലിപ്പറമ്പിൽ (സെക്രട്ടറി), ജെയിൻ മുണ്ടപ്ലാക്കിൽ (ജോയിന്റ് സെക്രട്ടറി), ഡെന്നി തുരുത്തുവേലിൽ (ട്രഷറർ) എന്നിവർ പ്രത്യേക അംഗീകാരം അർഹിക്കുന്നു എന്ന് കെ.സി.എസ്. പ്രസിഡണ്ട് ജോസ് ആനമല പ്രസ്താവിക്കുകയുണ്ടായി. ഫോട്ടോ ബൂത്തിനു സമീപം മനോഹരമായി സജ്ജീകരിച്ച അവരുടെ അതിമനോഹരമായ പൂക്കളം, സായാഹ്നത്തിന്റെ കേന്ദ്രബിന്ദുവായി മാറി- കുടുംബങ്ങളെയും അതിഥികളെയും പ്രിയപ്പെട്ട ഓർമ്മകൾ പകർത്താൻ ആകർഷിച്ചു. അവരുടെ സമർപ്പണത്തിലൂടെ അവർ പാരമ്പര്യം ഉയർത്തിപ്പിടിക്കുക മാത്രമല്ല, നമ്മുടെ സമൂഹത്തിലെ സ്ത്രീകളുടെ ശക്തി, ഐക്യം, നേതൃത്വം എന്നിവ പ്രദർശിപ്പിക്കുകയും ചെയ്തു. ശരിക്കും പറഞ്ഞാൽ, വനിതാഫോറം ഈ ഓണത്തെ സംസ്കാരത്തിന്റെയും സൗന്ദര്യത്തിന്റെയും ഒരുമയുടെയും മറക്കാനാവാത്ത ആഘോഷമാക്കി മാറ്റി.




























# CHICAGO MALAYALEE GOLFERS ASSOCIATION (CMGA)

## 2025 3rd Annual Malu Masters Golf Tournament

The 3rd annual Malu Masters golf tournament was held on Saturday, September 6, 2025 at Winnetka Golf Club in Chicago's north suburbs. 50 Malayalee golfers from all over the USA participated in this great event, doubling in size since its inception. Founded by Michael Nellamattam in 2023, this organization was created to grow the game of golf in the Malayalee community and to create more opportunities for competition amongst Malus of all ages. For the second straight year, we had young forecaddies ride along with their Chettais to gain exposure to the game at an early age and help to increase efficiency during the tournament. The event ended with an after party featuring a live chef and drinks so all the golfers can socialize and grow as a community.

Malu Masters is now considered the Signature Event of its parent organization Chicago Malayalee Golfers Association (CMGA) golf league, which is in its inaugural season. 48 Malayalees from Chicago competed in the league this year in its opening season which has high expectations for increased growth and better golf for years to come. After 5 tournaments this summer, the top 20 CMGA golfers were selected to compete in the season ending Ryder Cup event. The Ryder Cup is a team event featuring 2 teams selected by the top two scoring golfers from the CMGA season. The top golfers for the 2025 CMGA season were Shaun Varghese and Jose George. These teams will compete in 3 events to be crowned the Ryder Cup Champions and carry the ever-rolling trophy into next year's CMGA golf season.

### 2025 Malu Masters WINNERS:

**CHAMPION:** Korah Mathew
**2nd Place:** Shaun Varghese
**3rd Place:** Manesh Kaimulayil

### Top Gross Scorers

**1st:** Shaun Varghese
**2nd:** Siby Joy (Denver)
**3rd:** Monesh Varghese

**Longest Drive Contest:**
Arun Naduparambil (Tampa)

**Par 3 Closest To the Pin:**
Paul Kattookaran (Atlanta)

### CMGA/Malu Masters Organizers:

**President:** Michael Nellamattam – (773) 988-0810; mnella23@gmail.com
Joycemon Puthenpurayil
Monesh Varghese
Lukeson Chemmachel
Shaun Varghese









GRAND SPONSORS

CLEARTAX CONSULTING

nella CONSULTING
ACCOUNTING & TAX SERVICES

SPONSORS

MHS LAW LLC

VARGHESE ORTHODONTICS

# CHICAGO MALAYALEE GOLFERS ASSOCIATION (CMGA)

## 2025 3rd Annual Malu Masters Golf Tournament











### SPONSORS

Chorath Law Ltd.
Attorneys of Law
3948 W 26th St., #113
Chicago, Illinois 60623
T 847-912-3088 | cyriaclaw@gmail.com

PRAVEENMATHEW
perfect move
312.217.1916
pmathew360@gmail.com

DARIEN EYE
SPECIALISTS



# കാതലിൻ കരിക്കോ: ഒരു ബയോകെമിസ്റ്റിന്റെ വിജയം

ലേഖനം



ഷിബു ഗോപാലകൃഷ്ണൻ

**എ**ന്ററോമിക്സ് (Enteromix) എന്ന കാൻസർ വാക്സിന്റെ പ്രാരംഭ ട്രയലുകൾ റഷ്യ വിജയകരമായി പൂർത്തിയാക്കി എന്ന വാർത്ത വായിച്ചപ്പോൾ കാതലിൻ കരിക്കോ എന്ന ബയോകെമിസ്റ്റിനെ ഓർമ്മവന്നു. 2023-ൽ ലോകം നൊബേൽ നൽകി ആദരിച്ച, mRNA ഉപയോഗിച്ചുകൊണ്ടുള്ള വാക്സിനുകളുടെ ഉപജ്ഞാതാവ്, നമ്മൾ കതകടച്ചു കുറ്റിയിട്ടു വീട്ടിലിരുന്നപ്പോൾ കോവിഡ് വാക്സിൻ എന്ന ആദ്യത്തെ mRNA വാക്സിനുമായി വന്നു വാതിലിൽ മുട്ടിവിളിച്ച കാതലിൻ കരിക്കോ.

ഹംഗറിയിലെ തന്റെ റിസർച്ച് ലാബിനു ഫണ്ടിങ് നിലച്ചപ്പോൾ രണ്ടുവയസ്സുള്ള മകൾക്കും ഭർത്താവിനുമൊപ്പം പെൻസിൽവാനിയ യൂണിവേഴ്സിറ്റിയിലേക്കു കുടിയേറിയ കാതലിൻ കരിക്കോ. രോഗം ഉണ്ടാക്കുന്ന വൈറസുകളിൽ നിന്നും അതുല്പാദിപ്പിക്കുന്ന പ്രോട്ടീനുകളുടെ ജനിതകഘടന വഹിക്കുന്ന mRNA വേർതിരിച്ചെടുത്തു ശരീരത്തിലേക്കു കടത്തിവിട്ടാൽ കോശങ്ങൾക്കു ആ വൈറസുകൾ ഉണ്ടാക്കുന്ന പ്രോട്ടീനുകൾ ഉണ്ടാക്കാനും അതിനെ പ്രതിരോധിക്കാൻ കഴിയുന്ന ആന്റിജനുകൾ ഉത്പാദിപ്പിക്കാനും കഴിയുമെന്നു മറ്റാരും വിശ്വസിക്കാത്ത ഒരു കാലത്തു അടിയുറച്ചു വിശ്വസിച്ച കാതലിൻ കരിക്കോ. എന്നാൽ, ആ സ്വപ്നത്തിനു മുതൽ മുടക്കാൻ ആരും തയ്യാറായില്ല. ഗവേഷണം തുടരാൻ ഫണ്ടിങ് കിട്ടിയില്ല, പ്രസിദ്ധീകരണങ്ങളിൽ പ്രബന്ധങ്ങൾ വന്നില്ല, അർഹതപ്പെട്ട പ്രൊമോഷൻ കിട്ടിയില്ല, എന്നിട്ടും mRNA എന്ന സാധ്യതയിൽ നിന്നു കണ്ണും കരളുമെടുക്കാതെ ദശാബ്ദങ്ങളോളം അതിൽ ചവിട്ടിനിന്നു.

1995 ജനുവരിയിൽ ബ്രസ്റ്റ് കാൻസർ സ്ഥിരീകരിച്ച അതേ ആഴ്ചയിൽ ആണ് mRNA റിസർച്ചിനു ഫണ്ടിംഗ് കിട്ടാത്തതിനാൽ യൂണിവേഴ്സിറ്റിയിൽ തരംതാഴ്ത്തപ്പെട്ടത്, ശമ്പളം വെട്ടിക്കുറക്കപ്പെട്ടത്, ഫണ്ടിംഗ് തരപ്പെടുന്ന മറ്റൊരു വിഷയത്തിലേക്കു ഗവേഷണം മാറാൻ സമ്മർദ്ദം ഉണ്ടായത്. ചികിത്സയുടെ ഭാഗമായി പലതവണ ശസ്ത്രക്രിയക്ക് വിധേയയായി, തിരിച്ചെത്തിയപ്പോഴും ഗവേഷണം mRNA യിൽ തന്നെ തുടരാൻ തീരുമാനിച്ച, ലോകം മുഴുവൻ മടിച്ചു നിൽക്കുമ്പോഴും അതിനുമേൽ അപാരമായ വിശ്വാസം വച്ചുപുലർത്തിയ കാതലിൻ കരിക്കോ.

കാതലിൻ കരിക്കോ വികസിപ്പിച്ചെടുത്ത mRNA ജനിതകവിദ്യ ഉപയോഗിച്ചു കാൻസർ കോശങ്ങളെ നിലക്കുനിർത്താൻ കഴിയുന്ന മരുന്നിലേക്കു മനുഷ്യൻ നടന്നടുക്കുന്നു എന്നുവായിച്ചപ്പോൾ, 30 കൊല്ലങ്ങൾക്കു മുമ്പ് ശമ്പളം വെട്ടിക്കുറച്ചിട്ടും, യൂണിവേഴ്സിറ്റി പദവി ലാബ് അസിസ്റ്റന്റിനോളം തരംതാഴ്ത്തപ്പെട്ടിട്ടും, കാൻസറിനോടു പടപൊരുതിനിന്ന, mRNA യെ കൈവിട്ടുകളയാത്ത ഗവേഷണ നിശ്ചയത്തെ ഓർമവന്നു.

അന്നു ആക്രമിച്ചുകൊണ്ടിരുന്ന അതേ രോഗത്തെ അപ്പോൾ മുറുകെപ്പിടിച്ചുനിന്ന mRNA കൊണ്ടു തന്നെ തോൽപ്പിച്ചു കളയുന്ന കാതലിൻ കരിക്കോ.

## ആശംസകൾ

കവിത



ഡോ. എസ്. രമ

**സ**ന്ദേശങ്ങളായെത്തും.
മറ്റാരുടെയോ
ഓർമ്മകളിലൊരിടമുണ്ടെന്ന് പറയും..

ദിനചര്യകൾക്കിടയിലവർ
ചിന്തകളെ നിങ്ങൾക്ക് പകുത്തു
നൽകും.
വിശേഷാവസരങ്ങളിൽ നിങ്ങൾക്കുള്ള
സന്ദേശങ്ങൾ തിരഞ്ഞവർ
വിലപ്പെട്ട സമയം പാഴാക്കുന്നുണ്ട്.

ഒഴിവുവേളകളുടെ അലസതയവിടെ
അടിച്ചേൽപ്പിക്കപ്പെട്ടേക്കാം
പൊള്ളയായ വാക്കുകളിൽ കാപട്യം
നേരംപോക്കെന്നോണം
നീരുറവയുടെ ശാന്തതയിലേക്ക്
കല്ലെറിയും.
അശാന്തിയുടെ നിലയ്ക്കാത്ത
ഓളങ്ങളാകും.

ചില സന്ദേശങ്ങൾ
വല്ലപ്പോഴും വിടരും
പുഷ്പങ്ങളെപ്പോലെയാണ്.
ആരുടെയോ പക്കൽ അധികമുള്ള
പൂക്കളിലൊന്നാകുമത്..
സ്വകാര്യ ശേഖരത്തിൽ നിന്ന്
പകരമൊന്നതാവശ്യപ്പെടുന്നുണ്ടാകും..

ഒന്നു നോക്കുകപോലുമില്ലാതെ
ഉപേക്ഷിക്കപ്പെട്ടവ എത്രയെന്ന്
നിങ്ങളും ഓർമ്മിക്കില്ല..

## അച്ഛനില്ലാത്ത ഓണം

കവിത



ഉമ പട്ടേരി

**അ**ച്ഛനില്ലാത്ത ഓണം
മധുരമില്ലാത്ത ഓണം
പൂക്കളമില്ലാത്ത ഓണം
ഓണക്കോടിയില്ലാത്ത ഓണം
ഓണസദ്യയില്ലാത്ത ഓണം

അച്ഛനില്ലാതെ നിറം മങ്ങിയ വീട്
ഉമ്മറക്കോലായിലെ
ഒഴിഞ്ഞ ചാരുകസേര
അച്ഛനുണ്ടെന്നു പറയാൻ
അമ്മ മുറ്റത്തെടുത്തുവെച്ച
മഴ നനയുന്ന
അച്ഛന്റെ ചെരുപ്പ്.

അച്ഛനില്ലാതെ, ആരോടിനി
പിറുപിറുക്കുമെന്നറിയാതെ
അകത്തളത്തിലെ
പഴകിയ കട്ടിലിൽ
ചുരുങ്ങിക്കൂടിയ അമ്മ.

പറമ്പിലെ തെങ്ങുകളും
വീട്ടുമുറ്റത്തെ ചെടികളും
വെള്ളമില്ലാതെ വേനലിൽ തളരുമ്പോൾ
ഓർക്കാതിരിക്കില്ലച്ഛനെ.

അച്ഛനില്ലാതായാൽ വീടുറങ്ങും,
നഷ്ടം വീട്ടുകാരറിയും,
കറികൾക്ക് സ്വാദ് കുറയും,
മക്കൾ തമ്മിൽത്തല്ലും
സ്വത്തുക്കൾ ഭാഗം വയ്ക്കപ്പെടും.

അച്ഛനില്ലാത്ത വീട് എനിക്കെന്തിന്,
അച്ഛനെ മതിയെനിക്ക്
എന്റച്ഛനെ മതിയെനിക്ക്..

# പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുക്കാനാവില്ല



എല്ലാ കാലഘട്ടത്തിലും ഈ വാക്കിനെ അതിന്റെ മോശം വശങ്ങളിലൂടെ പ്രതിഫലിപ്പിക്കാൻ ശ്രമിച്ചവരാണ് നമ്മുടെ പൊതു സമൂഹം. എന്നാൽ ഇന്ന് ഞാനതിനെ ഭംഗിയിൽ ഇവിടെ അടയാളപ്പെടുത്തുന്നു. നൂറ്റാണ്ടുകളായി മലയാള സിനിമ ഭരിച്ചിരുന്ന ആണധികാരത്തിന്റെ നെഞ്ചിലേക്കാണ് കല്യാണിയിലൂടെ ലോക ഫെമിനിസത്തിന്റെ യഥാർത്ഥ തുല്യ നീതി എഴുതി ചേർക്കുന്നത്. ഫീമെയിൽ ഓറിയന്റഡ് സിനിമകൾ നമുക്ക് ഉണ്ടെങ്കിലും അവയൊന്നും മലയാള സിനിമയുടെ, അതിനെ ആശ്രയിച്ചു സ്നേഹിക്കുന്നവരുടെ വിശപ്പ് മാറ്റാതായതോടെ പലരും അത്തരം പരീക്ഷണങ്ങളിൽ നിന്ന് പിന്മാറുകയും, അവാർഡ് പടങ്ങൾ എന്ന ലേബലിലേക്ക് മാത്രം ഇത്തരം സിനിമകൾ ചുരുങ്ങുകയും ചെയ്തിരുന്നു.

മലയാളത്തിൽ 100 കോടി 200 കോടി ക്ലബ്ബുകളിൽ കയറുന്ന സിനിമകളിലെ കേന്ദ്ര കഥാപാത്രങ്ങളായ പുരുഷന്മാരെ നോക്കി ഇത്തരത്തിലുള്ള സ്ത്രീകഥാപാത്രങ്ങൾ ചെയ്യാൻ ആഗ്രഹമുണ്ടെന്ന് പലരും പറഞ്ഞപ്പോൾ പ്രേക്ഷകർ തന്നെ ചിരിച്ചുകൊണ്ടാണ് അതിനെ വരവേറ്റത്. അതായത് സ്ത്രീകൾ നായികമാർ ആകുന്ന രക്ഷകരാകുന്ന കഥകൾ അവർക്ക് തീരെ പരിചിതം അല്ലായിരുന്നു എന്നത് വേണം മനസ്സിലാക്കാൻ. ചരിത്രത്തിൽ നിരവധി ധീര വനിതകൾ ഉണ്ടായിട്ടും സ്വാതന്ത്ര്യ ദിനത്തിന് പോസ്റ്റർ അടിക്കുമ്പോൾ ഇവിടുത്തെ രാഷ്ട്രീയ പാർട്ടികൾ അടക്കം അതിനെ ആണുങ്ങളുടെ സംസ്ഥാന സമ്മേളനം ആക്കാറാണല്ലോ പതിവ്. അത് പതിയെ നമ്മുടെ ധാരണകളിലും ഒരു സ്ഥായിഭാവം വരുത്തി എന്നതാണ് സത്യം.

മലയാള സിനിമയിൽ ശക്തമായ സ്ത്രീ കഥാപാത്രങ്ങൾ ഇല്ല, ഉണ്ടാകുന്നില്ല തുടങ്ങിയ നിലയിലേക്ക് ചർച്ചകൾ വളർന്നതും, സ്ത്രീ പക്ഷത്ത് നിൽക്കുന്ന സംഘടനകളുടെ മുഖമുദ്രയായവർ അത്തരത്തിലുള്ള നിലപാടുകൾ പലപ്പോഴും തുറന്ന് പറഞ്ഞതും വലിയ രീതിയിൽ ഒരു ട്രോൾ മെറ്റീരിയൽ ആയി പൊതു സമൂഹം അതിനെ വികൃതമാക്കിയതും നമ്മൾ കണ്ടതാണ്. അതിൽ തന്നെ ചില പ്രമുഖർ, പേരെടുത്തു പറഞ്ഞാൽ ഗീതു മോഹൻദാസ് വരെ ഒരു മാസ് ഇലമെന്റുള്ള സിനിമ ചെയ്യാൻ തിരഞ്ഞെടുത്തത് നമ്മുടെ നായികമാരെയല്ല, അത് യാഷ് എന്ന കൊമേർഷ്യൽ നടനെയാണ് എന്നതും ചർച്ച ചെയ്യേണ്ടതാണ്. സുഹൃത്തുക്കളായ സഹപ്രവർത്തകർ സിനിമകളിലെ സ്ത്രീ പ്രാതിനിധ്യം കുറയുന്നത് ചർച്ച ചെയ്യുമ്പോൾ ഗീതു മോഹൻദാസ് യാഷിനെ നായകനാക്കി ചെയ്ത ചിത്രത്തിന്റെ അപ്ഡേറ്റിനെയും സോഷ്യൽ മീഡിയ ചർച്ച ചെയ്തത് വളരെ മോശമായിട്ടാണ്. മുന്നിട്ടിറങ്ങേണ്ടവർ തന്നെ മതില് കെട്ടി ആൺ അധികാര ബോധം ഊട്ടി ഉറപ്പിക്കുമ്പോൾ ആ വിമർശനങ്ങളിൽ കഴമ്പുണ്ട് എന്ന് വേണം കരുതാൻ.

'ലോക' എന്ന സിനിമ ഇവിടെയാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്. സംവിധായകൻ ഡോമിനിക് അരുണും കോ- റൈറ്റർ ശാന്തിയും, ചന്ദ്രയായി അഭിനയിച്ച കല്യാണിയും ഫെമിനിസത്തിന്റെ പാഠഭാഗങ്ങളോ, ശക്തമായ നിലപാടുകളോ ഇതുവരെയും എവിടെയും അടയാളപ്പെടുത്താത്തവരാണ്. പക്ഷേ, അവരുടെ സിനിമയിൽ അവരത് വ്യക്തമായി അടയാളപ്പെടുത്തി. അതായത് വാക്കുകളിൽ അല്ല പ്രവൃത്തിയിലാണ് ഫെമിനിസം, അല്ലെങ്കിൽ സ്ത്രീ ശാക്തീകരണം, കൃത്യമായ പൊളിറ്റിക്സ് എന്നിവ ഉണ്ടാകേണ്ടത് എന്നവർ കാണിച്ചു തന്നു.

'ലോക' കണ്ടവർ മാത്രം തുടർന്ന് വായിക്കുക.

മേൽപ്പറഞ്ഞ ഉദാഹരണത്തെ വിശദീകരിക്കാൻ വേണ്ടി സിനിമയിലെ ഒരു ഭാഗം ഞാൻ ഇവിടെ നൽകുന്നു.

ക്ലൈമാക്സിൽ കഫേയിൽ വെച്ചുണ്ടാകുന്ന സംഘട്ടന രംഗങ്ങൾക്ക് മുൻപ്, നാച്ചിയപ്പയിലേക്ക് ചന്ദ്രയിൽ നിന്നും പകർന്ന വൈറസ് ഫ്രഷ് കൺവെർട്ട് ആയത് കൊണ്ട് തന്നെ, അയാളെ കൊല്ലുക എന്നത് ചന്ദ്രയെ കൊണ്ട് ചെയ്യാൻ പറ്റാത്ത കാര്യമാണ്, അത് മൂത്തോൻ നോക്കിക്കോളും എന്ന് പ്രകാശ് പറയുന്നുണ്ട്. എന്നാൽ ചന്ദ്ര തന്നെയാണ് നാച്ചിയപ്പയെ ഒടുവിൽ കൊല്ലുന്നത്.

പറഞ്ഞു വന്നത് അവിടെ അവളെ രക്ഷിക്കാൻ ദുൽഖറിന്റെ കഥാപാത്രമായ ചാർലിയോ, കഥാപാത്രമായ ചാത്തനോ, മുത്തോനോ ആരും വരുന്നില്ല. ടിപ്പിക്കലി ഒരു ഫീമെയിൽ ഓറിയന്റഡ് സിനിമയിൽ കേന്ദ്ര കഥാപാത്രമായ സ്ത്രീ തളർന്നു വീഴുമ്പോൾ അവളെ എഴുന്നേൽപ്പിക്കാൻ വേണ്ടി ആൺ കഥാപാത്രങ്ങളായ ചില നായകന്മാർ കടന്നു വരാറുണ്ട്. ഈ സ്ഥലം ടെംപ്ലെറ്റിനെ ലോക പൊളിച്ചെഴുതുകയാണ്. ഇത് ചന്ദ്രയുടെ കഥയാണ് അവൾ തന്നെയാണ് ഇതിന്റെ അവസാനവും എഴുതി ചേർക്കുന്നത്. അവിടെ എപ്പോഴും സ്ത്രീകളെ സംരക്ഷിക്കേണ്ടത് പുരുഷന്റെ ഉത്തരവാദിത്തമാണ് എന്ന ഒരു സദാചാര ചിന്ത കൂടി തിരുത്തപ്പെടുകയാണ്.

അതേ, ലോകയിലൂടെ ലോകം മാറുന്നത് നമുക്ക് കാണാൻ കഴിയുന്നുണ്ട്. അതുകൊണ്ടുതന്നെ ഞാൻ തുടക്കത്തിലെ പറഞ്ഞ പഴഞ്ചൊല്ലിനെ അതിന്റെ ശരിയായ രീതിയിൽ ഇനിയെങ്കിലും ഉപയോഗിക്കുക.

–സാൻ

വാരാന്ത്യം

യാത്ര

# ഊറൽ ഗുഹയിലെ ദൃശ്യങ്ങൾ




ജോസഫ് ആന്റണി

യുഎസിൽ മസൂറിയിലെ സെന്റ് ലൂയിസിൽ പഠിക്കുന്ന ഇളയമകൾ എലിസബത്ത് അയച്ചുതന്ന ചിത്രങ്ങളാണ് ഇതോടൊപ്പം.

അവിടെ, വാഷിംഗ്ടൺ യൂണിവേഴ്സിറ്റി (വാഷു)യിൽ ഇലക്ട്രിക്കൽ എൻജിനീയറിങ് പഠിക്കുന്ന എലിസബത്തും അവളുടെ സുഹൃത്തുക്കളും കഴിഞ്ഞദിവസം സന്ദർശിച്ച Meramec Caverns ഊറൽ ഗുഹയിലെ ദൃശ്യങ്ങളാണിവ.








മസൂറിയിലെ ഫ്രാങ്ക്ലിൻ കൗണ്ടിയിലാണ് ഊറൽ ഗുഹാശൃംഖലയായ Meramec Caverns സ്ഥിതി ചെയ്യുന്നത്. ഏതാണ്ട് 40 കോടി മുമ്പ് മുതൽ രൂപപ്പെട്ടതാണ് ഇവിടുത്ത ചുണ്ണാമ്പുകല്ല് ഊറൽ ഗുഹാ ശൃംഖലയും ഘടനകളും എന്ന് ഭൗമശാസ്ത്രജ്ഞർ പറയുന്നു.

ഈ ഊറൽ ഗുഹയ്ക്ക് 7.4 കിലോമീറ്റർ നീളമുള്ള കാര്യം 1933-ലാണ് കണ്ടുപിടിച്ചത്. അവിടെ പ്രവേശന കവാടത്തിന് അരികിലെ ഒന്നര കിലോമീറ്റർ ദൂരമേ സന്ദർശകർക്ക് പ്രവേശനമുള്ളു. 20 മിനിറ്റ് ടൂർ ആണ് അനുവദിക്കുന്നത്. ഒരാൾക്ക് 30 ഡോളർ വീതമാണ് പ്രവേശന ഫീസ്. വർഷംതോറും ഒന്നരലക്ഷം പേർ ഈ ഗുഹാ ശൃംഖല സന്ദർശിക്കാറുണ്ട്.

ചിത്രങ്ങൾ: എലിസബത്ത്

# യുക്മ കേരളപ്പൂരം വള്ളംകളിക്ക് ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി വിശിഷ്ടാതിഥിയായി പങ്കെടുത്തു

ശ്രീകുമാർ ഉണ്ണിത്താൻ

ഇംഗ്ലണ്ടിലെ മലയാളി അസോസിയേഷനുകളുടെ കേന്ദ്ര സംഘടനയായ യുക്മയുടെ ഏഴാമത് കേരള പൂരവും ഓണാഘോഷവും വള്ളംകളിയും



വളരെ പ്രൗഢഗംഭീരമായി നടന്നു. ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി ചീഫ് ഗസ്റ്റായി പങ്കെടുത്ത പരിപാടി കേരളത്തനിമ നിറഞ്ഞാടിയ





പരിപാടിയായിരുന്നു.

കേരളത്തിനു പുറത്ത് സംഘടിപ്പിക്കുന്ന മലയാളികളുടെ ഏറ്റവും വലിയ വള്ളംകളി മത്സരമാണ് ഇത്. കേരളപ്പൂരം വള്ളംകളിക്ക് ഇക്കുറി ആവേശപൂരമായ വരവേൽപ്പാണ് യുകെ മലയാളികൾ ഒരുക്കിയത്. ഒൻപതര മണിയോടെ ആരംഭിച്ച മത്സരങ്ങൾക്ക് വൈകുന്നേരം ആറര മണിയോടെയാണ് സമാപനമായത്. 32 പുരുഷന്മാരുടെ ടീമും 16 സ്ത്രീകളുടെ ടീമും പങ്കെടുത്തു. ഏകദേശം പതിനായിരത്തോളം കാണികൾ ഒഴുകിയെത്തി.

യുക്മ ദേശീയാദ്ധ്യക്ഷൻ അഡ്വ. എബി സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ച സമാപന സമ്മേളനത്തിൽ ബേസിംഗ്സ്റ്റോക്ക് കൗൺസിലർ സജീഷ് ടോം സമാപന സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി വിശിഷ്ടാതിഥിയായി പങ്കെടുത്തു. സെക്രട്ടറി ജയകുമാർ നായർ ചടങ്ങിൽ സ്വാഗതമാശംസിച്ചു. യുകെ പാർലമെന്റിലെ ഏക മലയാളി എംപിയായ സോജൻ ജോസഫ് ജലമേളയ്ക്ക് ഫ്ളാഗ് ഓഫ് ചെയ്തു. ഒരുവശത്ത് വാശിയേറിയ മത്സരത്തോടെ വള്ളംകളി നടക്കുമ്പോൾ മറ്റ് സ്റ്റേജുകളിൽ കേരളപ്പൂരത്തിന്റെ ഭാഗമായി നടന്ന യുക്മ തെരേസാസ് ഓണച്ചന്തം പരിപാടിയും അതോടൊപ്പം തന്നെ കേരളത്തിലെ തനതായ നാടൻ കലാരൂപങ്ങളും അരങ്ങ് തകർക്കുകയായിരുന്നു. മലയാളി സുന്ദരി വിജയികൾക്ക് സെലിബ്രിറ്റി ഗെസ്റ്റായ പ്രശസ്ത ചലച്ചിത്രതാരം നേഹ സക്സേന പുരസ്കാരങ്ങൾ സമ്മാനിച്ചു.

ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി തന്റെ പ്രസംഗത്തിൽ ഫൊക്കാനയുടെ ആശംസകൾ നേരുകയും യുക്മയുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യം എടുത്തുപറയുകയും ചെയ്തു. അഡ്വ. എബി സെബാസ്റ്റ്യൻ, ജയകുമാർ നായർ, ഷിജോ വർഗീസ് തുടങ്ങിയവയുടെ നേതൃത്വത്തിൽ യുക്മ നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്നും സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു. ഫൊക്കാന മെഡിക്കൽ കാർഡും പ്രിവിലേജ് കാർഡും ഓണസമ്മാനമായി യുക്മയുമായി സഹകരിച്ചു യുകെ മലയാളികൾക്ക് കൂടെ പ്രയോജനം ലഭിക്കത്തക്ക രീതിയിൽ വ്യാപിപ്പിക്കുവാനും ഫൊക്കാനയ്ക്ക് സന്തോഷമേ ഉള്ളൂവെന്ന് അദ്ദേഹം അറിയിച്ചു.

ലോകത്തിലുള്ള മലയാളി സംഘടനകളെ ഒരേ കുടക്കീഴിൽ കൊണ്ടുവരുക എന്നത് ഫൊക്കാനയുടെ ഒരു വിഷൻ കൂടിയാണെന്ന് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു. കേരളത്തിൽ നിന്നുംമലയാളികൾ ലോകമെമ്പാടും വസിക്കുമ്പോഴും അവരെ ഒന്നിപ്പിക്കുകയും പൊതുവായ കാര്യങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുക എന്നത് ഫൊക്കാനയുടെ പ്രഖ്യാപിത ലക്ഷ്യമാണ്.

ലോകത്തിലുള്ള മലയാളി സംഘടനകളെ ഒരു കുടക്കീഴിൽ എത്തിക്കുകയും ലോകമെമ്പാടുമുള്ള മലയാളികളുടെ ഒരു ഏകീകരണവുമാണ് ഫൊക്കാന ഇതിലൂടെ ലക്ഷ്യം വെക്കുന്നതെന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു.









# സേക്രഡ് ഹാർട്ട് ക്നാനായ ഇടവക ഇരുപതിന്റെ നിറവിൽ




ചിക്കാഗോ: പ്രവാസി ക്നാനായ കത്തോലിക്കരുടെ ആദ്യ ദൈവാലയമായ ചിക്കാഗോയിലെ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദൈവാലയം സ്ഥാപിതമായിട്ട് ഇരുപതാണ്ടുകൾ.

ഇരുപതാം വാർഷികത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ഔപചാരികമായ ഉദ്ഘാടനം സെപ്റ്റംബർ 7-ന് ഞാ

**ലിൻസ് താന്നിച്ചുവട്ടിൽ**

യറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം ക്നാനായ റീജിയൻ വികാരി ജനറാളും ഇടവക വികാരിയുമായ ഫാ. തോമസ് മുളവനാൽ തിരി തെളിച്ച് ഉദ്ഘാടനം നിർവഹിച്ചു.

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിന്റെ ആഘോഷങ്ങളുടെ മദ്ധ്യേ ഉദ്ഘാടനം ചെയ്യപ്പെട്ട ഇരുപതാം വാർഷികാഘോഷത്തിൽ അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, കൈക്കാരന്മാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളിൽ, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപറമ്പിൽ, പാരിഷ് കൗൺസിൽ അംഗങ്ങൾ, വിമൻസ് ആൻഡ് മെൻസ് മിനിസ്ട്രി കോ-ഓർഡിനേറ്റർമാർ, ദൈവാലയ എക്സിക്യൂട്ടീവ് അംഗങ്ങൾ, അൾത്താര ശുശ്രൂഷകർ, വിശ്വാസ പരിശീലകർ എന്നിവർ ഉദ്ഘാടന വേദിയിൽ സന്നിഹിതരായിരുന്നു. ഇടവകയുടെ ഇരുപതാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഇടവക പിക്നിക് നടത്തപ്പെട്ടു.






# ഡാളസ് മലയാളി അസോസിയേഷൻ ഓണാഘോഷം അവിസ്മരണീയമായി

**ബിനോയി സെബാസ്റ്റ്യൻ**

ഡാളസ്: വൈവിധ്യമാർന്ന ക്ഷേത്രകലാ പാരമ്പര്യ ആചാരങ്ങളോടെ ഡാളസ് മലയാളി അസോസിയേഷൻ കൊണ്ടാടിയ ഓണാഘോഷം അവിസ്മരണീയമായി.

നൂറുകണക്കിനു മലയാളികൾ സജീവമായി പങ്കെടുത്ത ആഘോഷ നിറവിൽ കരോൾട്ടൻ സിറ്റി മേയർ



സ്റ്റീവ് ബാബിക് നിലവിളക്കു കൊളുത്തി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ പ്രസിഡണ്ട് ജൂഡി ജോസ് സ്വാഗതമാശംസിച്ചു. വിദേശരാജ്യങ്ങളിലെ ആകർഷകവും ഹൃദ്യവുമായ വിഭിന്ന സംസ്കാരങ്ങളെ അമേരിക്കൻ ജനത എന്നും താല്പര്യപൂർവം സ്വീകരിക്കുമെന്ന് മേയർ സ്റ്റീവ് അഭിപ്രായപ്പെട്ടു. സുനിലിൻഡ ഫിലിപ്പ് മേയറെ സദസ്സിനു പരിചയപ്പെടുത്തി.

നോർത്ത് ടെക്സസിലെ മലയാളി കുടുംബങ്ങൾക്കൊപ്പം കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന അഞ്ച് അഗതിമന്ദിരങ്ങളിലെ ആയിരത്തിയഞ്ഞൂറിലധികം വരുന്ന അഗതികളോടൊപ്പം ഡാളസ് മലയാളി അസോസിയേഷൻ ഓണം ആഘോഷിക്കുമ്പോൾ തികഞ്ഞ ചാരിതാർത്ഥ്യമുണ്ടെന്ന് ജൂഡി ജോസ് പറഞ്ഞു.

ടെക്സസിലെ പ്രമുഖ സാംസ്കാരിക പ്രവർത്തകയും ഇൻഡോ അമേരിക്കൻ നേഴ്സസ് അസോസിയേഷൻ സ്ഥാപകനേതാവും ജീവകാരുണ്യ പ്രവർത്തകയുമായ ശ്രീമതി ഏലിക്കുട്ടി ഫ്രാൻസിസിനെ മേയർ പൊന്നാടയണിയിച്ച് ഫലകം നല്കി ആദരിച്ചു.

ഫോമാ മുൻ പ്രസിഡണ്ട് ഫിലിപ്പ് ചാമത്തിൽ, അസോസിയേഷൻ ട്രസ്റ്റ് ബോർഡ് ചെയർമാൻ ബിനോയ് സെബാസ്റ്റ്യൻ, ഫോമാ സതേൺ റീജൺ വൈസ് പ്രസിഡണ്ട് ബിജു തോമസ്, മുൻ പ്രസിഡണ്ട് സാം മത്തായി, സാംസ്കാരിക പ്രവർത്തകനായ ജോജോ കോട്ടക്കൽ തുടങ്ങിയവർ സംസാരിച്ചു.

കലാപരിപാടികളുടെ ഭാഗമായി നിയ ചേരിപാറക്കൽ അവതരിപ്പിച്ച മോഹിനിയാട്ടം ഹൃദ്യമായി. പ്രശസ്ത നർത്തകിയും അവതാരകയുമായ ജ്യോതിയും സംഘാംഗങ്ങളും അവതരിപ്പിച്ച തിരുവാതിരയും ഫോക് ഡാൻസും ആകർഷകമായി.

ഡാളസ് വാദ്യകലാകേന്ദ്രം ഒരുക്കിയ വാദ്യമേളം, ബിജുവും ടിന്റു ഡോറും സംഘാംഗങ്ങളും അവതരിപ്പിച്ച സംഗീതമേള, യുവാക്കൾ നിറഞ്ഞാടിയ മാർഗ്ഗംകളി തുടങ്ങിയ കലാപരിപാടികളും ശ്രദ്ധനേടി.

ചടങ്ങിൽ ഐറിൻ കല്ലൂർ അവതാരകയായിരുന്നു. വിനോദ് കൊണ്ടൂർ നന്ദി പ്രകാശിപ്പിച്ചു.

ഡക്സ്റ്റർ ഫെരേര, രേഷ്മ രഞ്ജിത്ത്, സൈജു വർഗീസ്, ഷാജി ആലപ്പാട്ട്, മനോജ് മഠത്തിൽ, ശ്രീനാഥ് ഗോപാലകൃഷ്ണൻ, അബീഷ്, സുനു ആന്റണി, മധു, ജോഷി, ബിനോ കല്ലങ്കൽ, സിൻജോ തോമസ്, പ്രവീൺ, ജോഫിൻ തുടങ്ങിയ അമ്പതംഗ ആഘോഷ സംഘാടക സമിതിക്ക് നേതൃത്വം നല്കി.



# റോക്‌ലാൻഡ് ക്നാനായ കത്തോലിക്കാ പള്ളിയിൽ കന്യകാമറിയത്തിന്റെ തിരുനാൾ ഭക്തിസാന്ദ്രമായി കൊണ്ടാടി







ജസ്റ്റിൻ ചാമക്കാല

ന്യൂയോർക്ക്: സെപ്റ്റംബർ 5, 6, 7 (വെള്ളി, ശനി, ഞായർ) തീയതികളിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുന്നാൾ റോക്‌ലാൻഡ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ ഭക്തിസാന്ദ്രമായി ആഘോഷിച്ചു. ഇടവക വികാരി ഫാ. ഡോ. ബിബി തറയിൽ തിരുനാളിന്റെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് കൊടിയേറ്റ് കർമ്മം നിർവഹിച്ചു. ഇടവകയിലെ 94 പേരാണ് ഇക്കുറി തിരുനാളിന് പ്രസുദേന്തിമാരായത്. തിരുനാളിന്റെ രണ്ടാം ദിവസമായ ശനിയാഴ്ച പ്രസുദേന്തി വാഴ്ചയും ഇംഗ്ലീഷ് കുർബാനയും കൂടാതെ സിസിഡി ഫെസ്റ്റും ഒരുക്കുകയുണ്ടായി. ഏഴ് സ്റ്റാളുകളിലായി വിവിധ തരത്തിലുള്ള ഫുഡ് സ്റ്റാളുകളാണ് ഒരുക്കിയിരുന്നത്. സിസിഡി ഫെസ്റ്റ് ന്യൂയോർക്ക് ഫൊറോനയിലുള്ള സിസ്റ്റേഴ്സും വൈദികരും ചേർന്ന് ഉദ്ഘാടനം ചെയ്തു.

തിരുനാൾ ദിവസമായ സെപ്റ്റംബർ 7-ന് ഞായറാഴ്ച വൈകുന്നേരം നാലിന് ആഘോഷമായ തിരുനാൾ കുർബാന ഫാ. ലിജോ കൊച്ചുപറമ്പിലിന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്നു. ഫാ. മാത്യു മേലേടത്ത് തിരുനാൾ സന്ദേശം നല്കി. ബ്രോൺസ് സീറോ മലബാർ ഇടവകയിലെ ചെണ്ട ടീമിന്റെ നേതൃത്വത്തിലുള്ള ചെണ്ടമേളത്തിന്റെ അകമ്പടിയോടെ നടത്തിയ തിരുനാൾ പ്രദക്ഷിണത്തിൽ കുട്ടികൾ വിശുദ്ധരുടെയും മാലാഖാമാരുടെയും വേഷത്തിൽ മുത്തുക്കുടകളുമേന്തി അണിനിരക്കുകയുണ്ടായി. പരിശുദ്ധ കുർബാനയുടെ ആശീർവാദത്തിനുശേഷം ഇടവക ട്രസ്റ്റി സിബി മണലേൽ തിരുനാളിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും നന്ദി പറഞ്ഞു. ഭക്തിനിർഭരമായ തിരുനാൾ ആഘോഷങ്ങൾ സ്നേഹവിരുന്നോടെ സമാപിച്ചു.

# പിസിനാക് ചിക്കാഗോ രജിസ്ട്രേഷൻ കിക്കോഫ് സെപ്റ്റംബർ 20-ന്




കുര്യൻ ഫിലിപ്പ്

ചിക്കാഗോ: അടുത്തവർഷം ജൂലൈ ആദ്യവാരം ചിക്കാഗോയിൽ നടക്കുന്ന നാല്പതാമത് പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളയ്റ്റ്സിന്റെ (പിസിനാക്) രജിസ്ട്രേഷൻ ഉദ്ഘാടനം സെപ്റ്റംബർ 20-ന് ശനിയാഴ്ച ഐപിസി ഹെബ്രോൻ സഭയിൽ വെച്ച് നടക്കുമെന്ന് നാഷണൽ കൺവീനർ റവ. ജോർജ് കെ. സ്റ്റീഫൻസൺ, സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ് സിപിഎ എന്നിവർ അറിയിച്ചു. വൈകിട്ട് അഞ്ചിന് ആരംഭിക്കുന്ന സമ്മേളനത്തിൽ നാഷണൽ ഭാരവാഹികൾ കോൺഫറൻസിന്റെ പ്രവർത്തന പുരോഗതികൾ അറിയിക്കും. രജിസ്ട്രേഷൻ ഉദ്ഘാടനം പാസ്റ്റർ പി.സി. മാമൻ നിർവഹിക്കും. ദേശീയ കമ്മിറ്റി അംഗമായ ഷെറി കെ. ജോർജിന്റെ നേതൃത്വത്തിൽ രജിസ്ട്രേഷൻ ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. ജോൺ വർഗീസ്, ബാബു മാത്യു എന്നിവരാണ് ലോക്കൽ കോ-ഓർഡിനേറ്റേഴ്സ്. ഡോ. വിൽസൺ ഏബ്രഹാം, പാസ്റ്റർ സാംസൺ സാബു എന്നിവർ യോഗത്തിന് നേതൃത്വം നല്കും.

2026 ജൂലൈ രണ്ടു മുതൽ അഞ്ചു വരെ ഷാബർഗ് കൺവൻഷൻ സെന്ററിലാണ് നാല്പതാമത്തെ പിസിനാക്കിന് വേദി ഒരുങ്ങുന്നത്. പ്രാഥമിക ക്രമീകരണങ്ങൾ പുരോഗമിക്കുന്നതായി ലോക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ഡോ. ടൈറ്റസ് ഈപ്പൻ, പാസ്റ്റർ ജിജു ഉമ്മൻ, ഡോ. ബിജു ചെറിയാൻ, ജോൺ മത്തായി, കെ.ഒ. ജോസ് സിപിഎ, വർഗീസ് സാമുവൽ എന്നിവർ അറിയിച്ചു.

ഇംഗ്ലീഷ് സെഷന് ഡോ. ജോനാഥൻ ജോർജിന്റെ നേതൃത്വത്തിലും ലേഡീസ് സെഷൻ ജീന വർഗീസിന്റെ നേതൃത്വത്തിലും വിപുലമായ കമ്മിറ്റികൾ നേതൃത്വം നല്കുന്നു. മാസത്തിലെ രണ്ടാം ചൊവ്വാഴ്ച വൈകിട്ട് 7-ന് അന്തർദേശീയ പ്രയർ ലൈനും ആദ്യബുധനാഴ്ച വൈകിട്ട് 7 മണിക്ക് ലേഡീസ് പ്രയർ ലൈനും കോൺഫറൻസിന്റെ അനുഗ്രഹത്തിനായി പ്രത്യേക പ്രാർത്ഥന നടത്തിവരുന്നു. പാസ്റ്റർ പി.വി. മാമ്മനാണ് നാഷണൽ പ്രയർ കൺവീനർ. ഇത് നാലാം തവണയാണ് പിസിനാക്കിന് ചിക്കാഗോ ആതിഥേയത്വം നല്കുന്നത്. അയ്യായിരത്തിലധികം വിശ്വാസികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന സമ്മേളനത്തിന് വിപുലമായ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുന്നത്.

# 26-ാമത് 56 ഇന്റർനാഷണൽ ടൂർണമെന്റിന് സെ. ലൂയിസിൽ കേളികൊട്ടുയരുന്നു

സെ. ലൂയിസ്: സെപ്റ്റംബർ 19, 20, 21 (വെള്ളി, ശനി, ഞായർ) തീയതികളിൽ സെയിന്റ് ലൂയിസിൽ വെച്ച് (727 Weidman Rd, Manchester, MO)നടത്തപ്പെടുന്ന 26-ാമത് 56 ഇന്റർനാഷണലിന്റെയും സെന്റ് ലൂയിസ് 56 ക്ലബിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ടൂർണമെന്റിന്റെ ഒരുക്കങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നതായി 56 ഇന്റർനാഷണൽ ടൂർണമെന്റിന്റെ നാഷണൽ എക്സിക്യൂട്ടീവ് കോ-ഓർഡിനേറ്റേഴ്സ് അറിയിച്ചു.

**രാജു ശങ്കരത്തിൽ**

ഏകദേശം 90-ൽപ്പരം ടീമുകൾ മാറ്റുരയ്ക്കുന്ന ഈ വാശിയേറിയ മത്സരത്തിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. ടൂർണമെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ https://www.56international.com എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

സെപ്റ്റംബർ 19-ന് രാവിലെ 11 മണിക്ക് രജിസ്ട്രേഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കും. ആദ്യം രജിസ്ട്രേഷനും തുടർന്ന് ദേശീയ സമിതി യോഗവും ജനറൽ ബോഡിയും അതിനെത്തുടർന്ന് ഉദ്ഘാടനവും നടക്കും. ആദ്യമത്സരം വൈകുന്നേരം കൃത്യം 4 മണിക്ക് ആരംഭിക്കും. അതിനനുസരിച്ചു വേണം നിങ്ങളുടെ യാത്രാപരിപാടികൾ ആസൂത്രണം ചെയ്യേണ്ടത്.

സെപ്റ്റംബർ 18-ന് വ്യാഴാഴ്ച വൈകുന്നേരം മികച്ച പരിശീലന ഗെയിമുകൾ ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ കഴിവതും വ്യാഴാഴ്ച എത്തിച്ചേരുവാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നു. വ്യാഴാഴ്ച എത്തിച്ചേരുന്നവർക്ക് ഭക്ഷണപാനീയങ്ങൾ ഒരുക്കുന്നതാണ്. 200 ഡോളർ വീതമാണ് ഒരാൾക്ക് ടൂർണമെന്റ് രജിസ്ട്രേഷൻ ഫീസ്. താമസ സൗകര്യത്തിനായി സംഘാടകർ ഡബിൾ ട്രീ ഹിൽട്ടൺ ഹോട്ടലുമായി നെഗോഷിയേറ്റ് ചെയ്തുറപ്പിച്ച ഡീൽ ഉപയോഗപ്പെടുത്താവുന്നതാണ്. സെയിന്റ് ലൂയിസ് (STL) എയർപോർട്ടിൽ നിന്ന് ഹോട്ടലിന്റെ കോംപ്ലിമെന്ററി ഷട്ടിൽ സർവീസ് ഉണ്ടായിരിക്കുന്നതാണ്. ഹോട്ടലിൽ നിന്നും ഇവന്റ് സെന്ററിലേക്ക് സംഘാടകർ ഒരുക്കുന്ന ഷട്ടിൽ സർവീസും ഉണ്ടായിരിക്കും.




വിജയികളാകുന്ന ടീമുകൾക്ക് ഒന്നാം സമ്മാനമായി ജോയ് മുണ്ടപ്ലാക്കൽ മെമ്മോറിയൽ മൂവായിരം ഡോളർ, രണ്ടാം സമ്മാനമായി ഡോ. സജി ജേക്കബ് വഞ്ചിപ്പുരയ്ക്കൽ സ്പോൺസർ ചെയ്യുന്ന രണ്ടായിരത്തി ഒരുനൂറ് ഡോളർ, മൂന്നാം സമ്മാനമായി ഡോ. റൂത്ത് & മത്തായി ചാക്കോ സ്പോൺസർ ചെയ്യുന്ന ആയിരത്തി അഞ്ഞൂറ് ഡോളർ, നാലാം സമ്മാനമായി സ്റ്റിജി & സുനി ജോർജ് സ്പോൺസർ ചെയ്യുന്ന ആയിരത്തി ഇരുനൂറ് ഡോളർ എന്നീ ക്രമത്തിൽ ക്യാഷ് അവാർഡുകളും ട്രോഫികളും നല്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: (https://www.56international.com) മാത്യു ചെരുവിൽ (ചെയർമാൻ) 586 206 6164, എൽദോ ജോൺ (ഇവന്റ് മാനേജർ) + 1 314 324 1051, കുര്യൻ നെല്ലാമറ്റം (വൈസ് ചെയർമാൻ) 1 630 664 9405, ആൽവിൻ ഷിക്കോർ (സെക്രട്ടറി) 630 303 4785. നാഷണൽ കോ-ഓർഡിനേറ്റേഴ്സ്: സാബു സ്കറിയ 267 980 7923, രാജൻ മാത്യു 469 855 2733, സാം മാത്യു 416 893 5862, നിതിൻ ഈപ്പൻ +1 203 298 8096, ബിനോയ് ശങ്കരാത്ത് (ഐടി കോ-ഓർഡിനേറ്റർ) +1 703 981 1268.

# അമേരിക്കൻ അച്ചായന്റെ സ്നേഹസ്പർശം എന്ന ഹ്രസ്വചിത്രം

ന്യൂജേഴ്സി: ഷാജി എണ്ണശ്ശേരിൽ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന പതിനാലാമത്തെ ഹ്രസ്വചിത്രമാണ് 'അമേരിക്കൻ അച്ചായന്റെ സ്നേഹസ്പർശം'. അഞ്ചാറ് വർഷക്കാലമായുള്ള അദ്ദേഹത്തിന്റെ നീണ്ട പരിശ്രമത്തിന്റെ വിളവാണ് ഇത്തരത്തിൽ രൂപംകൊണ്ട പതിനാലോളം ഹ്രസ്വചിത്രങ്ങൾ.

ഏകദേശം മുപ്പതിലധികം വർഷങ്ങൾ വിദേശനാടുകളിൽ ചെലവഴിച്ച് പ്രവാസത്തിന്റെ തിക്കും തിരക്കും പിന്നിട്ട്, തൊഴിൽ ജീവിതത്തിന്റെ തിരിമറികളുമൊക്കെ മറികടന്ന് നേടിയ സ്വപ്നങ്ങൾ നാട്ടിലെ സുഹൃത്തുക്കൾക്ക് കൂടി പങ്കുവെക്കുവാൻ ഓടിയെത്തുന്ന പ്രവാസിയുടെ ജീവിത പരിണാമങ്ങളാണ് ഇതിലെ ഇതിവൃത്തം.

ജന്മനാട്ടിൽ എന്തെങ്കിലും നന്മ ചെയ്യണം എന്ന വിചാരത്തിൽ ജീവിതത്തിന്റെ അവസാന പ്രഹരങ്ങൾ കഴിഞ്ഞ് സ്വന്തം ജന്മനാടിന്റെ മണ്ണിലെത്തി, മനുഷ്യസേവന പ്രവർത്തനങ്ങളിൽ മുഴുകി, നാട്ടിലെ സുഹൃത്തുക്കളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കണം എന്ന് ചിന്തിച്ചുകൊണ്ട് അതിനൊക്കെ തന്റെ കൈകൾ നീട്ടണം എന്നാ




ഗ്രഹിച്ചു.

അങ്ങനെ നവീനമായ വൃദ്ധസദനങ്ങളും ആതുരാലയങ്ങളുമൊക്കെ ഉണ്ടാക്കി നിസ്വാർത്ഥമായി പ്രവർത്തിക്കുവാൻ ശ്രമിച്ചെങ്കിലും അവയൊന്നും താൻ സ്വപ്നംകണ്ട ഉയരങ്ങളിലേക്ക് എത്തിക്കുവാൻ സാധിക്കാതെ നിരാശതയുടെ സമ്മർദ്ദങ്ങളും നെടുവീർപ്പുമായി തന്റെ വിയർപ്പ് സ്വരൂപിച്ചുണ്ടാക്കിയ പ്രസ്ഥാനങ്ങളും ഉപേക്ഷിച്ചുകൊണ്ട് വീണ്ടും വിദേശ പ്രവാസജീവിതത്തിലേക്ക് തിരിച്ചു മടങ്ങേണ്ടിവരുന്നൊരു ജീവിതം.

സംവിധാനം, അഭിനയം തുടങ്ങിയ രംഗങ്ങളിലും ഷാജി തന്റെ പ്രതിഭ തെളിയിച്ചിട്ടുണ്ട്. കേരളത്തിലും ഗൾ

**ഫിലിപ്പ് മാരേട്ട്**

ഫിലുമായി ചിത്രീകരിച്ച, സഹൃദയരുടെ മനം കവരുന്ന ഈ ഹ്രസ്വചിത്രം ഉടൻതന്നെ നിങ്ങളുടെ യൂട്യൂബ് വേദിയിൽ പ്രദർശനത്തിന് എത്തും.

പ്രൊഡ്യൂസർ-പീച്ചി മത്തായി, ക്യാമറ-(ഡിഒപി) ഹരിതേജസ്.

അഭിനേതാക്കൾ: മധു അയ്യംപറമ്പിൽ, പീച്ചി മത്തായി, സുധീപ് ആലയിൽ, മിനി വാരിജം, മിനി അശോക്, ദേരീന ബെന്നി, ജയപ്രകാശ്, ഷാജി എണ്ണശ്ശേരിൽ, ഷാൻസി പ്രവീണ, ജയശ്രീ രതീഷ്, ഹരിതേജസ്, ഹൃദയ എന്നിവരാണ്.

# റവ. ഫിലിപ്പ് വർഗീസ് അന്തരിച്ചു



ന്യൂയോർക്ക്: മാർത്തോമ്മാ സഭയിലെ സീനിയർ വൈദികനും പ്രമുഖ കൺവൻഷൻ പ്രഭാഷകനുമായിരുന്ന വെണ്മണി വാതല്ലൂർ കുടുംബാംഗം റവ. ഫിലിപ്പ് വർഗീസ് (87) അന്തരിച്ചു. മാർത്തോമ്മാ സഭയുടെ കാട്ടാക്കട, നെടുവാളൂർ, ആനിക്കാട്, കരവാളൂർ, നിരണം, കുറിയന്നൂർ, മുളക്കുഴ, കീക്കൊഴൂർ, പെരുമ്പാവൂർ, നാക്കട, ഡിട്രോയിറ്റ്, അറ്റ്ലാന്റ്, ചിക്കാഗോ, ഫ്ളോറിഡ, ഇന്ത്യാനപൊലീസ്, ഡാളസ്, കാനഡ തുടങ്ങിയ വിവിധ ഇടവകകളിലെ ശുശ്രൂഷകൾക്കുശേഷം ഡിട്രോയിറ്റിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. ചങ്ങനാശേരി തുരുത്തി കൈലാസത്തിൽ ഡോ. എൽസി വർഗീസാണ് സഹധർമ്മിണി. ഫിലിപ്പ് വർഗീസ് (ജിജി) നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസന യുവജനസഖ്യം മുൻ സെക്രട്ടറിയും ഭദ്രാസന അസംബ്ലി അംഗവും അമേരിക്കയിലെ വിവിധ സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിദ്ധ്യവുമായ ജോൺ വർഗീസ് (ജോജി), ഗ്രേസ് തോമസ് (ശാന്തി) എന്നിവർ മക്കളാണ്. മരുമക്കൾ: മിനി വർഗീസ്, സുനിത വർഗീസ്, ബിനോ തോമസ് (എല്ലാവരും ഡിട്രോയിറ്റിൽ).



# ഗ്രേറ്റർ ഹൂസ്റ്റൺ എൻഎസ്എസ് ഓണം ആഘോഷിച്ചു

ശങ്കരൻകുട്ടി

ഹൂസ്റ്റൺ: ഓഗസ്റ്റ് 31-ന് നടന്ന ഞങ്ങളുടെ ഓണാഘോഷത്തിന്റെ വിജയത്തിന് ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. നിങ്ങളുടെ കൂട്ടായ പരിശ്രമവും അചഞ്ചലമായ പിന്തുണയും ഈ പരിപാടിയെ ശരിക്കും സവിശേഷമാക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. പരിമിതമായ സമയപരിധിക്കുള്ളിൽ ഒരു ഗംഭീര ഷോ സംഘടിപ്പിച്ചതിന് സാംസ്കാരിക കോ-ഓർഡിനേറ്റർമാരായ നിഷ നായർ, പ്രെജി സുരേഷ് നായർ, സുനിത ഹരി എന്നിവർക്ക് ഞങ്ങളുടെ ഹൃദയംഗമമായ നന്ദി. പരിശീനത്തിനായി പങ്കെടുക്കുന്നവരുമായി പ്രത്യേകിച്ച് ഹൂസ്റ്റണിൽ നടക്കുന്ന ഒന്നിലധികം ഓണാഘോഷങ്ങളിൽ ഏകോപിപ്പിക്കുന്നതിന് വളരെയധികം സമർപ്പണം ആവശ്യമാണ്. കൂടാതെ ഗ്രൂപ്പ് ഇവന്റ് ലീഡുകളായ അംഗിത മേനോൻ, ശ്രീകു നായർ, രാധ നായർ, അർച്ചന നായർ, പ്രെജി നായർ, മനോജ് നായർ എന്നിവരെ അവരുടെ അസാധാരണമായ പ്രവർത്തനത്തിന് ഞങ്ങൾ അഭിനന്ദിക്കുന്നു.

ആദ്യമായി നർത്തകികളായ ഞങ്ങളുടെ പരിചയസമ്പന്നരായ കലാകാരന്മാർക്കും അവരുടെ മാതാപിതാക്കൾക്കും പരിശീലനത്തിനിടയിലെ അവരുടെ പ്രതിബദ്ധതയ്ക്കും സമയനിഷ്ഠയ്ക്കും പ്രത്യേക അംഗീകാരം ലഭിക്കുന്നു. മഹാബലിയെ പ്രതിനിധീകരിച്ചതിന് സുരേഷ് കരുണാകരനെയും വസ്ത്രാലങ്കാരം പൂർത്തിയാക്കിയതിന് ശ്രീകു നായരെയും ഞങ്ങൾ അഭിനന്ദിക്കുന്നു. മികച്ച പ്രകടനം കാഴ്ചവെച്ച് പ്രേക്ഷകരെയും പങ്കാളികളെയും ഫലപ്രദമായി പങ്കെടുപ്പിച്ചതിന് ഒനിയേൽ കുറുപ്പിനും പ്രെജി സുരേഷ് നായർക്കും ഞങ്ങളുടെ നന്ദി. ചടങ്ങിൽ പങ്കെടുത്ത പതിനൊന്ന് ബിരുദധാരികൾക്ക് ഇഷ്ടാനുസൃത ഫലകങ്ങൾ സമ്മാനിച്ചതിനും സിന്ധു മേനോനും വെണ്ടർമാരുമായും ഷിപ്പിംഗ് ടീമുമായും ഏകോപിപ്പിച്ചതിന് നിഷ നായർക്കും ഞങ്ങൾ നന്ദി പറയുന്നു. കൂടാതെ ഞങ്ങളുടെ ഓണാഘോഷങ്ങളുടെ സ്ഥിരമായ ഒരാകർഷണമായ മനോഹരമായ പൂക്കളം സൃഷ്ടിക്കുന്നതിൽ അവർ നടത്തിയ പരിശ്രമങ്ങൾക്ക് മനോജ് (എസ്ജിടി) നിഷ നായർ, ശ്രീകല വിനോദ്, സുരേഷ് കരുണാകരൻ, സുനിത ഹരി, ജയശ്രീ നായർ, ശ്രീകു നായർ എന്നിവരെ ഞങ്ങൾ അഭിനന്ദിക്കുന്നു. മനോഹരമായി അവതരിപ്പിച്ച തിരുവാതിര നൃത്തസംവിധാനത്തിനും സംഘാടനത്തിനും ഷിംന നവീൻ ഞങ്ങളുടെ നന്ദി അർഹിക്കുന്നു.

ഓണാഘോഷങ്ങളുടെ ഒരു മൂലക്കല്ലാണ് സദ്യ. ഭക്ഷണ ഗതാഗതത്തിലും സേവനത്തിലും സഹായിച്ച എല്ലാ സന്നദ്ധപ്രവർത്തകരോടും ഞങ്ങൾ അഗാധ നന്ദിയുള്ളവരാണ്. രാജേഷ്, വിദ്യ നായർ, ഉണ്ണികൃഷ്ണപിള്ള, രാജു നായർ, ശ്രീകല വിനോദ്, അജിത് പിള്ള, മുരളി പള്ളിക്കര, അപ്പത്ത് ഉണ്ണികൃഷ്ണൻ എന്നിവരെ അവരുടെ സമർപ്പണത്തിന് പ്രത്യേകം പരാമർശിക്കുന്നു. സദ്യയ്ക്കായി ഞങ്ങൾക്ക് ലഭിച്ച ഉദാരമായ സംഭാവനകൾക്കും ഞങ്ങൾ വളരെയധികം നന്ദിയുള്ളവരാണ്. ഒരു ലാഭേച്ഛയില്ലാത്ത സംഘടന എന്ന നിലയിൽ ഈ പരിപാടികളുടെ വിജയകരമായ നടത്തിപ്പ് പൂർണ്ണമായും ഞങ്ങളുടെ അഭ്യുദയകാംക്ഷികളുടെ ദയാപൂർണ്ണമായ സംഭാവനകളെ ആശ്രയിച്ചിരിക്കുന്നു. പരിപാടിയുടെ സ്റ്റേജ് പരിശീലനങ്ങൾക്കും അലങ്കാരങ്ങൾക്കും വേദിയിലേക്ക് പ്രവേശനം നല്കിയതിന് പെയർലാൻഡിലെ നൈറ്റ് ഓഫ് കൊളംബസിന്റെ മാനേജ്മെന്റിന് ഞങ്ങൾ നന്ദി പറയുന്നു. അങ്കിത മേനോൻ, അൻവേഷ് മോഹൻ എന്നിവരുടെ നേതൃത്വത്തിലുള്ള അലങ്കാര കമ്മിറ്റിയും മീനാക്ഷി നായരും ചേർന്ന് ചുരുങ്ങിയ സമയത്തിനുള്ളിൽ വേദി പരിവർത്തനം ചെയ്യുന്നതിൽ അവിശ്വസനീയമായ ജോലി ചെയ്തു. ഓരോ വളണ്ടിയറിയെയും വ്യക്തിപരമായി പേരിടുന്നത് വെല്ലുവിളി നിറഞ്ഞതാണെങ്കിലും നിങ്ങളുടെ സംഭാവനകൾ വളരെയധികം വിലമതിക്കപ്പെടുന്നുവെന്നും ആഴത്തിൽ വിലമതിക്കപ്പെടുന്നുവെന്നും ദയവായി അറിയുക.





അവസാനമായി എല്ലാ ബോർഡ് അംഗങ്ങൾക്കും അവരുടെ നിസ്വാർത്ഥമായ പിന്തുണയ്ക്ക് എന്റെ അഗാധമായ നന്ദി അറിയിക്കുന്നു. സംഭാവന നല്കിയ എല്ലാവരെയും ഈ അംഗീകാരം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ആരെയെങ്കിലും അബദ്ധവശാൽ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അത് മനപ്പൂർവമല്ലെന്ന് ഉറപ്പാക്കുക.

നിങ്ങൾ ആഘോഷങ്ങൾ നന്നായി ആസ്വദിച്ചുവെന്നും ഒരു യഥാർത്ഥ കുടുംബസംഗമത്തിന്റെ ഊഷ്മളത അനുഭവിച്ചെന്നും ഞങ്ങൾ വിശ്വസിക്കുന്നു എന്നും പ്രസിഡണ്ട് സുനിൽ രാധമ്മയും സെക്രട്ടറി അഖിലേഷ് നായരും അറിയിക്കുന്നു.

## വയനാട് തുരങ്കപാത: വനഭൂമിക്ക് പകരം 17.5114 ഹെക്ടർ ഭൂമി വനമാകും

കോഴിക്കോട്: വയനാട്, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ഇരട്ട തുരങ്കപാതയ്ക്കു വേണ്ടി നശിപ്പിക്കപ്പെടുന്ന വന ഭൂമിക്കു പകരം പരിഹാര വനവൽക്കരണത്തിനായി വയനാട്ടിൽ 17.5114 ഹെക്ടർ ഭൂമി സംരക്ഷിത വനഭൂമിയാക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം വ്യക്തികളിൽ നിന്ന് റവന്യൂ വകുപ്പ് ഏറ്റെടുത്തു നൽകിയ ഭൂമിയാണു വനഭൂമിയാക്കിയത്. സുൽത്താൻ ബത്തേരി താലൂക്കിൽ നടവയൽ, പുൽപ്പള്ളി വില്ലേജുകളിലെ ചുള്ളിക്കാട്, കൊള്ളിവയൽ, മടാപ്പറമ്പ്, മണൽവയൽ ഭാഗങ്ങളിൽ ഉൾപ്പെട്ട ഭൂമിയാണു 1980-ലെ കേന്ദ്ര നിയമപ്രകാരം റിസർവ് വനഭൂമിയാക്കി മാറ്റുന്നത്. വനത്തിനുള്ളിലും അതിനോട് ചേർന്നും കൃഷി ചെയ്തും മറ്റും താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം 16 പേരുടെ ഭൂമി നഷ്ട പരിഹാരം നൽകി സർക്കാർ ഏറ്റെടുത്തു. തുരങ്കപാത നിർമാണത്തിനായി 34.30 ഹെക്ടർ വനഭൂമിയാണ് ഏറ്റെടുക്കുന്നത്. ഇതിൽ 34.09 ഹെക്ടറിലും ഭൂമിക്കടിയിലുള്ള തുരങ്കമാണ്.

Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone:630-635-3615

Email: tino@greatwaysinc.com

1001 E Chicago Ave, Suite 151, Naperville, IL 60540



Pramod Zacharias, E.A.

Free Electronic Filing

HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

Whatsapp +1 630 903 7680

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

Cell/Whatsapp +1 630 903 7680

# ഡോ. ഷൈനി രാജു ഫൊക്കാന വിമൻസ് ഫോറം ചെയർ ആയി മത്സരിക്കുന്നു

ഷിജിമോൻ മാത്യു

ന്യൂജേഴ്സി: ന്യൂജേഴ്സിയിലെ പ്രമുഖ മലയാളി സംഘടനയായ മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ (മഞ്ച്) മുൻ പ്രസിഡണ്ട് ഡോ. ഷൈനി രാജുവിനെ ഫൊക്കാനയുടെ 2026-2028-ലെ ഭരണസമിതിയിൽ വിമൻസ് ഫോറം ചെയർ ആയി



മത്സരിക്കുവാൻ മഞ്ച് കമ്മിറ്റി എൻഡോസ് ചെയ്തു.

ന്യൂജേഴ്സിയിൽ നിന്നുള്ള ഈ പ്രമുഖ വനിതാ നേതാവ് ഫൊക്കാനയുടെ സജീവ പ്രവർത്തകയും വിമൻസ് ഫോറം എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ, റീജണൽ വിമൻസ് ഫോറം കോ-ഓർഡിനേറ്റർ, നാഷണൽ കമ്മിറ്റി മെമ്പർ തുടങ്ങി നിരവധി സ്ഥാനങ്ങൾ ഫൊക്കാനയിൽ വഹിച്ചിട്ടുണ്ട്.

അവതാരക, സംഘടനാ പ്രവർത്തക, മത-സാംസ്കാരിക പ്രവർത്തക, ചാരിറ്റി പ്രവർത്തക, അദ്ധ്യാപിക, ഹെൽത്ത് കെയർ പ്രൊഫഷണൽ തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭയാണ് ന്യൂജേഴ്സിയുടെ അഭിമാനമായ ഡോ. ഷൈനി രാജു. ഫൊക്കാനയുടെ വിവിധ കൺവൻഷനുകളുടെ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട പല കമ്മിറ്റികളിലും അംഗവുമായിരുന്നു.

മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ (മഞ്ച്) കഴിഞ്ഞ വർഷത്തെ പ്രസിഡണ്ടായിരുന്ന ഡോ. ഷൈനി ഈ സംഘടനയുടെ ജോയിന്റ് സെക്രട്ടറി ആയും പ്രവർത്തിച്ചിട്ടുണ്ട്. ഡോ. ഷൈനിയുടെ നേതൃത്വത്തിൽ മഞ്ച് നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുകയും സംഘടനയുടെ പ്രവർത്തനം വിപുലീകരിക്കാനും കഴിഞ്ഞു.

ഒരു സംഘടനയുടെ നിലനില്പു തന്നെ കാലത്തിന് അനുസരിച്ചുള്ള മാറ്റമാണ്. അങ്ങനെ ഒരു മാറ്റം മഞ്ചിൽ കൊണ്ടുവരാനും ഒട്ടേറെ മാറ്റങ്ങൾക്ക് കാരണമാകാനും ഷൈനിയുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. ന്യൂജേഴ്സി മേഖലയിലെ കലാ-സാംസ്കാരിക വേദികളിൽ നിറസാന്നിദ്ധ്യമായ ഡോ. ഷൈനി ഒരു ടിവി അവതാരക കൂടിയാണ്.

ന്യൂജേഴ്സിയിലെ എക്സസ്സ് കൗണ്ടി കോളജ് കേൾഡ് വെൽ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ മാത്തമാറ്റിക്സ് അദ്ധ്യാപികയായി സേവനം ചെയ്യുന്ന ഡോ. ഷൈനി ഒരു ഹെൽത്ത് കെയർ പ്രൊഫഷണൽ കൂടിയാണ്. എക്സസ്സ് കൗണ്ടി കോളജിൽ റേഡിയോളജി വിഭാഗത്തിൽ ക്ലിനിക്കൽ കോ-ഓർഡിനേറ്റർ കൂടിയാണ് അവർ.

കേരളത്തിൽ നിന്നും മാത്തമാറ്റിക്സിൽ മാസ്റ്റേഴ്സ് കഴിഞ്ഞ ഡോ. ഷൈനി ന്യൂജേഴ്സി സ്റ്റേറ്റ് കോളജിൽ നിന്നും എം.എസും അതിനുശേഷം പിഎച്ച്.ഡിയും കരസ്ഥമാക്കിയിട്ടുണ്ട്. മാത്തമാറ്റിക്സിൽ പിഎച്ച്.ഡിയുള്ള ചുരുക്കം ചില ആളുകളിൽ ഒരാളാണ് ഷൈനി.

ഭർത്താവ് അറിയപ്പെടുന്ന പാട്ടുകാരൻ കൂടിയായ രാജു ജോയി ഇപ്പോൾ മഞ്ചിന്റെ പ്രസിഡണ്ടു കൂടിയാണ്. മക്കൾ: ജെഫ്റി, ജാക്കി എന്നിവരോടൊപ്പം ന്യൂജേഴ്സിയിൽ ആണ് താമസം.

# സ്വന്തം രാജ്യത്തിന് പുറത്തുനിന്നുള്ള യുഎസ് വിസ അപേക്ഷ വിലക്കി

ന്യൂഡൽഹി: യുഎസ് വിസയ്ക്ക് ഇനി മുതൽ സ്വന്തം രാജ്യത്തിനു പുറത്തുനിന്ന് അപേക്ഷിക്കാൻ സാധിക്കില്ല. സ്റ്റുഡന്റ് (എഫ്-1), സന്ദർശക (ബി1/ബി2), തൊഴിൽ (എച്ച്-1ബി, ഒ-1) വിസകൾക്ക് ഇനി മുതൽ ജന്മരാജ്യത്തു നിന്നും നിയമപരമായി സ്ഥിരതാമസമാക്കിയ രാജ്യത്തുനിന്നുംമാത്രമേ അപേക്ഷിക്കാനാകൂ.

കോവിഡിനു മുൻപ് അനുവദിച്ച ഇളവാണ് യുഎസ് ഇപ്പോൾ ഒഴിവാക്കുന്നത്. വിസ അഭിമുഖങ്ങൾക്കു വേണ്ടി ദീർഘകാലം കാത്തിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ വേണ്ടി സിംഗപ്പൂർ, തായ്‌ലൻഡ്, ജർമനി, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് വിസയ്ക്ക് അപേക്ഷിക്കാൻ അനുവദിച്ചിരുന്നു.

ഒരു രാജ്യത്തു യുഎസ് വിസ അനുവദിക്കുന്ന സംവിധാനം നിലവിലില്ലെങ്കിൽ മാത്രമേ ഇളവു നൽകൂ എന്നാണു പുതിയ വിശദീകരണം. വിസ അഭിമുഖങ്ങൾക്കു കാലതാമസം നേരിടുന്ന സാഹചര്യത്തിൽ പലരും അയൽ രാജ്യങ്ങൾ വഴി ഇതിനുള്ള വഴി തേടിയിരുന്നു. പുതിയ നിർദേശത്തോടെ ഇന്ത്യയിലെ കോൺസുലേറ്റുകൾ വഴി മാത്രമാകും അപേക്ഷിക്കാൻ സാധിക്കുക. ബി1/ബി2 അഭിമുഖങ്ങൾക്ക് നിലവിൽ മുംബൈ, ഹൈദരാബാദ് യുഎസ് കോൺസുലേറ്റുകളിൽ മൂന്നര മാസത്തോളമാണു കാത്തിരിക്കേണ്ടത്. ഡൽഹിയിൽ നാലര മാസവും കൊൽക്കത്തയിൽ അഞ്ചു മാസവും ചെന്നൈയിൽ ഒൻപത് മാസവുമാണ് കാത്തിരിക്കേണ്ടത്. ഇതിനോടകം വിദേശ രാജ്യങ്ങളിൽനിന്ന് അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്കു കനത്ത തിരിച്ചടിയാണു തീരുമാനം.

# ചിക്കാഗോയിൽ അമേരിക്കൻ-കൊച്ചി കൂട്ടായ്മ 2025

ചിക്കാഗോ: തേവര സേക്രഡ് ഹാർട്ട് കോളജ് പൂർവ്വ വിദ്യാർത്ഥി സംഘടന എഎഎസ്എച്ച് നോർത്ത് അമേരിക്കയും അമേരിക്കൻ കൊച്ചിൻ ക്ലബും ചേർന്ന് സംഘടിപ്പിച്ച അമേരിക്കൻ-കൊച്ചി കൂട്ടായ്മ 2025 ചിക്കാഗോയിൽ വൻ വിജയംനേടി.

സെപ്റ്റംബർ 7-ന് ഇലിയോണിസിലെ ഫോർ പോയിന്റ്സ് ഷെറാട്ടൺ ഹോട്ടലിൽ വെച്ച് നടന്ന പരിപാടി അമേരിക്കയിലെ മലയാളി സമൂഹത്തിന് ഒരു വിശിഷ്ട സംഗമമായി. ചടങ്ങിന്റെ ഉദ്ഘാടനം മുൻ പ്രിൻസിപ്പലും വൈദികനുമായ ഡോ. റവ.ഫാ. ജോൺസൺ (പ്രസാന്ത്) പാലയ്ക്കാപ്പിള്ളി നിർവഹിച്ചു. മുഖ്യപ്രഭാഷകനായ അദ്ദേഹം സേക്രഡ് ഹാർട്ട് അലൂംമ്നി അസോസിയേഷൻ, അമേരിക്കൻ കൊച്ചിൻ ക്ലബ് ചിക്കാഗോ, ഐഡിഎഫ് യുഎസ്എ എന്നീ സംഘടനകളുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചു. മാറുന്ന കൊച്ചിയെയും കോളജിന്റെ ഓർമ്മകളെയും കുറിച്ച് അദ്ദേഹം സംസാരിച്ചു.

പ്രസിഡണ്ട് ഹെറാൾഡ് ഫിഗുരെദോ സ്വാഗതം ചെയ്ത് ചടങ്ങിന് തുടക്കം കുറിച്ചു. അനു ജോർജ് പരിപാടിയുടെ അവതാരകയായി. ജോസ് ആന്റണി പുത്തൻവീട്ടിൽ, ജോർജ് പാലാമറ്റം, സെസിൽ ജോസഫ്, തോമസ് ഏബ്രഹാം, കവിത തര്യൻ, ബിജു തോമസ്, പ്രിൻസ് മാഞ്ഞൂരാൻ, തോമസ് ചിറമ്മേൽ എന്നിവർ സംസാരിച്ചു.




സെക്രട്ടറി അലൻ ജോർജ് പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. ഭാവിയിലും തുടർപിന്തുണ അഭ്യർത്ഥിച്ചു. സംഗീത പരിപാടിയും തുടർന്ന് വിഭവസമൃദ്ധമായ അത്താഴവും സംഗമത്തിന് ആഘോഷഭാവം നല്കി. അടുത്ത വർഷത്തെ സംഗമത്തിനായി വീണ്ടും ഒന്നിച്ചുകൂടാൻ അംഗങ്ങൾ തീരുമാനിച്ച് പരിപാടി സമാപിച്ചു.

കേരളാ എക്സ്പ്രസ്
വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com

വഴിത്താരകൾ

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട്
പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം
നിങ്ങളെ
അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ഓർമശക്തിയിൽ ആഗോള താരമായി സേറ മരിയ ചാരിറ്റ്

ചെമ്പേരി: അസാധാരണമായ ഓർമശക്തിയും ബുദ്ധിവൈഭവവും പ്രകടമാക്കുന്ന അഞ്ചാം ക്ലാസുകാരിക്ക് ലഭിച്ച ആഗോളതല അംഗീകാരം മലയാളികൾക്ക് അഭിമാന നേട്ടമാകുന്നു. പതിനഞ്ച് വയസിൽ താഴെയുള്ള അതുല്യപ്രതിഭകളായ കുട്ടികൾക്കായി ഏർപ്പെടുത്തിയ ലോകത്തിലെ ആദ്യത്തെ ബാലപ്രതിഭാ പുരസ്കാരം നേടിയ സേറ മരിയ ചാരിറ്റ് ആണ് ആഗോളതലത്തിൽ ശ്രദ്ധേയമാകുന്നത്. വയനാട് പുൽപ്പള്ളി സ്വദേശി ജോജോ ചാരിറ്റിന്റെയും കണ്ണൂർ ചന്ദനക്കാംപാറ സ്വദേശിനി ഡോ. ആൽഫി മൈക്കിളിന്റെയും മകളാണ് അജ്മാനിലെ ഹാബിറ്റാറ്റ് സ്കൂൾ വിദ്യാർത്ഥിനിയായ സേറ.

ഇന്ത്യൻ സർക്കാർ, സിംഗപ്പൂർ പ്രസിഡണ്ട്, ഓസ്കാർ അവാർഡ് ജേതവ് എ.ആർ. റഹ്മാൻ, നൊബേൽ സമ്മാന വിജയി കൈലാസ് സത്യാർത്ഥി, കിരൺ ബേദി തുടങ്ങിയ പ്രമുഖരുടെ പിന്തുണയും നേട്ടത്തിനു പിന്നിലുണ്ട്. 2025-ലെ ഗ്ലോബൽ ചൈൽഡ് പ്രൊസിജി അവാർഡ്സിന്റെ സർട്ടിഫിക്കറ്റ് ഓഫ് അപ്രിസിയേഷൻ ലഭിച്ച സേറ മരിയ ചാരിറ്റ് അഞ്ചാം വയസിൽ ആദ്യമായി ഇന്ത്യ ബുക്ക് ഓഫ് റിക്കാർഡ്സും ഏഷ്യാ ബുക്ക് ഓഫ് റിക്കാർഡ്സും സ്വന്തമാക്കിയിരുന്നു. ചരിത്രത്തിൽ ആദ്യമായി ബ്രിട്ടീഷ് പാർലമെന്റിലാണ് ഗ്ലോബൽ ചൈൽഡ് പ്രൊസിജി അവാർഡ്സിന് വേദിയായത്. നൂറ്റിമുപ്പതിലേറെ രാജ്യങ്ങളിൽനിന്നുള്ള നിരവധി നാമനിർദേശങ്ങൾ വിലയിരുത്തി ഏറ്റവും മികച്ചതായി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് അംഗീകാരം നൽകുന്നത്.

ഒരു വയസ് പൂർത്തിയാകുന്നതിനു മുമ്പേ സംസാരിച്ചു തുടങ്ങിയ സേറ തന്റെ മുന്നിൽ കാണുന്നതിലെല്ലാം സംശയം ചോദിച്ചുകൊണ്ടാണ് അറി



വിന്റെ ലോകത്തേക്കു പിച്ചവെച്ചത്. രണ്ടര വയസായപ്പോൾ 10 രാജ്യങ്ങളുടെ പേരും പതാകകളും നാലാം വയസിൽ ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, എല്ലാ പ്രധാനമന്ത്രിമാരുടെയും രാഷ്ട്രപതിമാരുടെയും പേരുകൾ, യുഎൻ സെക്രട്ടറി ജനറൽമാരുടെ പേരുകൾ, കേരളത്തിലെ പതിനാല് ജില്ലകൾ എന്നിവ തെറ്റുവരുത്താതെ പറഞ്ഞിരുന്നു.

ഇതുവരെ ചന്ദ്രനിൽ കാലുകുത്തിയവരുടെ പേരുകളും അവർ ചന്ദ്രനിലിറങ്ങിയ വർഷവും ഉൾപ്പെടെ മനഃപാഠമാണ്. കണ്ണുകൾ മൂടിക്കെട്ടി ഇവരുടെയെല്ലാം പേരും വർഷവും 46 സെക്കൻഡിനുള്ളിൽ പറഞ്ഞുകൊണ്ടാണ് അഞ്ചാമത്തെ വയസിൽ ആദ്യമായി ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിലും ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിലും സേറ ഇടംനേടുന്നത്.

പിന്നീട് വിവിധയിനം ദിനോസറുകളുടെ പേരുകൾ വേഗത്തിൽ പറഞ്ഞും അവയുടെ ഫോസിലുകൾ കണ്ട് തിരിച്ചറിഞ്ഞും സമുദ്രജീവികളെ വിവരിച്ചുമാണ് തുടർന്ന് ആറു തവണ ഇന്ത്യ ബുക്ക് ഓഫ് റിക്കാർഡ്സിലും അഞ്ച് തവണ ഏഷ്യ ബുക്ക് ഓഫ് റിക്കാർഡ്സിലും സേറ പേര് നിലനിർത്തിയത്.

കോവിഡ് നാളുകളിൽ എല്ലാവരും വീടുകളിൽ ഒതുങ്ങിക്കഴിയേണ്ട അവസ്ഥ വന്നപ്പോൾ സേറ ദിനോസറുകളെ സംബന്ധിച്ച പഠനത്തിലായിരുന്നു.

ആറാം വയസിൽ ലണ്ടനിലെ വേൾഡ് റിക്കാർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് റെക്കോർഡ് ബ്രേക്കിംഗിൽ ഗ്രാൻഡ്മാസ്റ്റർ പദവിയും നേടി.

# മുട്ടത്തു വർക്കിയുടെ സ്വർണപ്പതക്കം മലയാള സർവകലാശാലയ്ക്ക് സമ്മാനിക്കും

തിരൂർ: മലയാളത്തിലെ ജനപ്രിയ നോവലിസ്റ്റായിരുന്ന മുട്ടത്തു വർക്കിക്ക് ലഭിച്ച സാഹിത്യതാരം സ്വർണപ്പതക്കം തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയ്ക്ക് സമർപ്പിക്കുന്നു. കേരളത്തിലെ ക്രൈസ്തവ സാഹിത്യകാരന്മാരുടെയും ക്രൈസ്തവ പത്രപ്രവർത്തകരുടെയും കൂട്ടായ്മയായിരുന്ന കേരള ക്രിസ്ത്യൻ റൈറ്റേഴ്സ് ആൻഡ് ജേർണലിസ്റ്റ് ഫെല്ലോഷിപ്പ് 1968-ൽ സമ്മാനിച്ച അവാർഡാണിത്. മലയാളത്തിൽ ജനപ്രിയ നോവൽ ശാഖയ്ക്ക് തുടക്കം കുറിച്ച് "പാടാത്ത പൈങ്കിളി" ക്കുള്ള അംഗീകാരം ആയിരുന്നു ഈ സാഹിത്യതാരം അവാർഡ്.

16-ന് സർവകലാശാലയിൽ നടക്കുന്ന ചടങ്ങിൽ 9.27 ഗ്രാം തൂക്കമുള്ള സുവർണസ്മാരകം സർവകലാശാലയ്ക്കു സമർപ്പിക്കും. സമർപ്പണ ചടങ്ങ് ജനപ്രിയ സാഹിത്യ ചർച്ചാ സമ്മേളനമായി നടത്താനാണ് സർവകലാശാലയുടെ തീരുമാനം. മുട്ടത്തു വർക്കിയുടെ മരുമകൾ അന്ന മുട്ടത്തിന്റെ ഓർമക്കുറിപ്പുകളുടെ സമാഹാരവും ചടങ്ങിൽ പ്രകാശനം ചെയ്യും. സർവകലാശാലയിൽ സാഹിത്യരചനയിലെ മികവിനുള്ള മുട്ടത്തു വർക്കി ഗ്ലോബൽ അവാർഡും ചടങ്ങിൽ സമ്മാനിക്കും.

മുട്ടത്തു വർക്കിയുടെ രണ്ടാമത്തെ മകൻ ജോസഫിന്റെ ഭാര്യ അന്നയ്ക്കാണ് പതക്കം നൽകിയത്. ദക്ഷിണേഷ്യൻ ഭാഷകൾ പഠിപ്പിക്കുന്ന ഏതെങ്കിലും ഒരു സർവകലാശാലയ്ക്കു ഇത് നൽകാനായിരുന്നു അമേരിക്കയിൽ വർഷങ്ങളായി താമസിക്കുന്ന അന്ന മുട്ടത്തിന് താൽപര്യം. അമേരിക്കയിൽ ഉണ്ടായിരുന്ന എഴുത്തുകാരിയും മനുഷ്യാവകാശ പ്രവർത്തകയുമായ അഡ്വ. രതീദേവിയോട് ഇക്കാര്യം അന്ന പറഞ്ഞു. തിരൂരിലെ മലയാള സർവകലാശാലയ്ക്ക് നൽകുന്നത് ഉചിതമാണെന്നു രതീദേവി അഭിപ്രായപ്പെട്ടു. അന്ന അത് അംഗീകരിക്കുകയായിരുന്നു.

കഴിഞ്ഞ മേയിൽ ഇരുവരും നാട്ടിലെത്തി സർവകലാശാലയ്ക്ക് സമർപ്പിക്കാനായിരുന്നു തീരുമാനം. എന്നാൽ അന്നയ്ക്കുണ്ടായ ശാരീരിക പ്രശ്നം മൂലം യാത്ര അസാധ്യമായി. ന്യൂയോർക്കിലെ വീട്ടിലെത്തി അഡ്വ. രതീദേവി സ്വർണപ്പതക്കം ഏറ്റുവാങ്ങി. 16-ന് അന്ന മുട്ടത്തിനുവേണ്ടി അഡ്വ. രതീദേവിയായിരിക്കും സുവർണസ്മാരകം സർവകലാശാലയ്ക്കു സമർപ്പിക്കുക.

# സമുദ്രോത്പന്ന കയറ്റുമതിയിൽ 102 സ്ഥാപനങ്ങൾക്കുകൂടി യൂറോപ്യൻ യൂണിയൻ അംഗീകാരം

കൊച്ചി: യൂറോപ്യൻ യൂണിയനിലേക്ക് ഇന്ത്യയിൽനിന്നുള്ള സമുദ്രോത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി 102 പുതിയ ഫിഷറീസ് സ്ഥാപനങ്ങൾക്കു കൂടി അംഗീകാരം. അമേരിക്കൻ തീരുവയടക്കമുള്ള വെല്ലുവിളികളെ മറികടന്ന് യൂറോപ്യൻ വിപണിയിൽ ശക്തമായി ചുവടുറപ്പിക്കാൻ ഈ നീക്കം ഇന്ത്യയെ സഹായിക്കുമെന്നാണു പ്രതീക്ഷ.

യൂറോപ്യൻ യൂണിയൻ അംഗീകാരമുള്ള ഇന്ത്യൻ സമുദ്രോത്പന്ന കയറ്റുമതി സ്ഥാപനങ്ങളുടെ എണ്ണം പുതിയനീക്കത്തോടെ 538-ൽ നിന്ന് 604 ആയി ഉയർന്നു. വലിയ ലാഭസാധ്യതകളുള്ള യൂറോപ്യൻ സമുദ്രോത്പന്ന വിപണിയിൽ ഇന്ത്യയുടെ സാന്നിധ്യം വർധിക്കുന്നതോടെ വിദേശനാണ്യശേഖരവും വർധിക്കും. ഇന്ത്യൻ സമുദ്രോത്പന്നമേഖലയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയലും വാണിജ്യമന്ത്രാലയത്തിലെ ഉദ്യോഗസ്ഥരും യൂറോപ്യൻ യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചകൾക്കുശേഷമാണു തീരുമാനം.

സമുദ്രോത്പന്നങ്ങളുടെ ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ ഘട്ടങ്ങളിലും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റിയുടെയും ( മറൈൻ പ്രൊഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (എംപിഇഡിഎ) എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിലിന്റെയും (ഇഐസി) ശ്രമങ്ങളും നേട്ടത്തിനു പിന്നിലുണ്ടെന്ന് എംപിഇഡിഎ ചെയർമാൻ ഡി.വി. സ്വാമി പറഞ്ഞു.

# വ്യാജവാർത്തകൾ: ശിക്ഷ കൂട്ടണമെന്ന് പാർലമെന്ററി സമിതി

ന്യൂഡൽഹി: വ്യാജവാർത്തകൾ പൊതുസമാധാനത്തിനും ജനാധിപത്യ പ്രക്രിയക്കും ഗുരുതരമായ ഭീഷണിയാണെന്ന് പാർലമെന്ററി സമിതി. ഇതിന് ശിക്ഷ ഉറപ്പാക്കണമെന്നും പിഴ വർധിപ്പിക്കണമെന്നും വാർത്താവിനിമയ, ഐടി വകുപ്പുകളുമായി ബന്ധപ്പെട്ട പാർലമെന്ററി സ്റ്റാൻഡിങ്ങ് സമിതിയുടെ കരട് റിപ്പോർട്ടിൽ ആവശ്യപ്പെട്ടു. മുഴുവൻ അച്ചടി, ഡിജിറ്റൽ, ഇലക്ട്രോണിക് മാധ്യമങ്ങളിലും ഫാക്ട് ചെക്കിങ് സംവിധാനവും ആഭ്യന്തര ഓംബുഡ്സ്മാനും നിർബന്ധിതമായി വേണമെന്നും സമിതി റിപ്പോർട്ടിൽ പറയുന്നു.

ബിജെപി എംപി നിഷികാന്ത് ദുബെ അധ്യക്ഷനായ സ്റ്റാൻഡിങ് സമിതി ഐകകണ്ഠ്യേനയാണ് ശിപാർശ അംഗീകരിച്ചത്. ഇന്ത്യയിലെ എല്ലാ അച്ചടി, ഇലക്ട്രോണിക്, ഡിജിറ്റൽ മാധ്യമങ്ങളിലും ഫാക്ട് ചെക്ക് സംവിധാനവും ആഭ്യന്തര ഓംബുഡ്സ്മാനും ഉണ്ടാകുമെന്ന് വാർത്താവിതരണമന്ത്രാലയം ഉറപ്പുവരുത്തണമെന്നാണ് റിപ്പോർട്ടിലെ പ്രധാന ശിപാർശ.

എഡിറ്റർമാർ, കണ്ടന്റ് മേധാവികൾ എന്നിവരെ എഡിറ്റോറിയൽ നിയന്ത്രണവുമായി ബന്ധപ്പെട്ട് ഉത്തരവാദികളാക്കണം. സ്ഥാപനപരമായ വീഴ്ചകൾക്ക് ഉടമകൾ, പബ്ലിഷർമാർ എന്നിവർക്ക് ഉത്തരവാദിത്വം നിശ്ചയിക്കണം, വ്യാജവാർത്ത പ്രചരിപ്പിക്കുന്നവരെ ഉത്തരവാദികളാക്കണം. വ്യാജ വാർത്ത സൃഷ്ടിക്കുന്നവർക്കും പ്രക്ഷേപണം ചെയ്യുന്നവർക്കുമുള്ള ശിക്ഷ സംബന്ധിച്ച ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്നും റിപ്പോർട്ടിൽ പറയുന്നു.

ലോക്സഭാസ്പീക്കർക്ക് സമർപ്പിച്ച റിപ്പോർട്ട് അടുത്ത പാർലമെന്റ് സമ്മേളനത്തിൽ സഭയിൽ അവതരിപ്പിച്ചേക്കും. വ്യാജ വാർത്തകൾക്കും പ്രചാരണങ്ങൾക്കുമെതിരെ കടുത്ത നടപടി വേണമെന്നും നിരോധനമുൾപ്പെടെ ആവശ്യമാണെന്നും സമിതി അദ്ധ്യക്ഷൻ നിഷികാന്ത് ദുബെ എക്സിൽ കുറിച്ചു. എഐ ഉപയോഗിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ മോശമായ ഉള്ളടക്കം സൃഷ്ടിക്കുന്നതിൽ കർശനനടപടി വേണം. രാജ്യവിരുദ്ധ ശക്തികളുടെ അജണ്ടയുടെ ഭാഗമായി വ്യാജ പ്രചാരണം നടത്തുന്നവരെ ശക്തമായി നേരിടുമെന്നും നിഷികാന്ത് ദുബെ പറഞ്ഞു.

എഐ കണ്ടന്റ് നിർമാതാക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതും സമഗ്ര മാധ്യമസാക്ഷരതാ കരിക്കുലം തയ്യാറാക്കുന്നതും പരിശോധിക്കണമെന്നും സമിതി റിപ്പോർട്ടിൽ പറയുന്നു.

# തദ്ദേശ തെരഞ്ഞെടുപ്പ്: വോട്ടർമാർ കൂടി, ബൂത്തുകളും ചെലവും കൂടും

തൃശൂർ: ഇത്തവണത്തെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ വോട്ടർമാർ കൂടിയതിനാൽ പോളിംഗ് ബൂത്തുകൾ കൂടും. അനുബന്ധ ചെലവുകൾ കൂടിയാകുമ്പോൾ കേരളത്തിലെ മൊത്തം തെരഞ്ഞെടുപ്പുചെലവിൽ അമ്പതുകോടിയോളം രൂപയുടെ വർധനയുണ്ടാകും. സംസ്ഥാനത്തു 2,83,12,458 വോട്ടർമാരാണുള്ളത്. നിലവിലുള്ള 30,756 പോളിംഗ് ബൂത്തുകളിൽ 25,309 എണ്ണം ഗ്രാമപഞ്ചായത്തുകളിലും 5450 എണ്ണം നഗരസഭകളിലുമായിരുന്നു. എന്നാൽ കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിനേക്കാൾ 6,34,207 വോട്ടർമാർ ഇത്തവണ കൂടി. അതുകൊണ്ട് മുൻവർഷത്തേക്കാൾ ആറായിരത്തിലേറെ ബൂത്തുകൾ ഇത്തവണ കൂടുതലായി സജ്ജീകരിക്കേണ്ടി വരും. ഓരോ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും മറ്റുമായി ആറുമുതൽ എട്ടുവരെ ബൂത്തുകൾ പുതുതായി ഒരുക്കേണ്ടി വരുമെന്നാണു വിലയിരുത്തൽ. ഒരു ബൂത്തിനു തെരഞ്ഞെടുപ്പു കമ്മീഷനു മുക്കാൽ ലക്ഷത്തിനു മുകളിലാണു ചെലവു പ്രതീക്ഷിക്കുന്നത്. 2020-ലെ തദ്ദേശ തെരഞ്ഞെടുപ്പു പോളിംഗ് ബൂത്ത് മാനദണ്ഡം ഇത്തവണയും നടപ്പാക്കാനാണു സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം. പുതിയ ക്രമീകരണത്തോടെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ആറു മുതൽ എട്ടു വരെ പോളിംഗ് ബൂത്തുകൾ അധികം തയാറാക്കേണ്ടിവരും. പോളിംഗ് ബൂത്തുകൾ സജ്ജീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം, കെട്ടിടം, വിസ്തീർണം, പ്രാഥമിക സൗകര്യങ്ങൾ, മറ്റു നടപടി ക്രമങ്ങൾ തുടങ്ങിയവ സംബന്ധിച്ച 13 മാനദണ്ഡങ്ങളടങ്ങിയ പട്ടികയും കമ്മീഷൻ നിർദേശിച്ചിട്ടുണ്ട്. ഓരോ ജില്ലയിലെയും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും ജില്ലാ കളക്ടർക്കും ഇതുസംബന്ധിച്ച മാർഗനിർദേശങ്ങളടങ്ങിയ ഉത്തരവ് തെരഞ്ഞെടുപ്പു കമ്മീഷൻ അയച്ചു.

# വിലക്കയറ്റത്തോതിൽ കേരളം ഒന്നാമത്

കൊച്ചി: കേന്ദ്രസർക്കാർ പുറത്തുവിട്ട ഓഗസ്റ്റിലെ ചില്ലറ വിലക്കയറ്റത്തോതിന്റെ കണക്കിലും കേരളം ഒന്നാമത്. മാസങ്ങളായി ഇന്ത്യയിൽ വിലക്കയറ്റത്തോത് ഏറ്റവും രൂക്ഷമായ സംസ്ഥാനമായി കേരളം തുടരുകയാണ്. രണ്ടാം സ്ഥാനത്തുള്ള കർണാടകയിൽ ചില്ലറ വിലക്കയറ്റത്തോത് 3.81 ശതമാനമുള്ളപ്പോൾ കേരളത്തിൽ 9.04 ശതമാനമാണ്. മൂന്നാംസ്ഥാനത്തുള്ള ജമ്മു ആൻഡ് കശ്മീരിൽ 3.7 ശതമാനം. നാലാംസ്ഥാനത്തുള്ള പഞ്ചാബിൽ 3.51 ശതമാനം എന്നിങ്ങനെയാണ് വിലക്കയറ്റത്തോത്. ബാക്കി എല്ലാ സംസ്ഥാനങ്ങളിലും ചില്ലറവിലയെ അടിസ്ഥാനമാക്കിയുള്ള ഓഗസ്റ്റിലെ വിലക്കയറ്റത്തോത് മൂന്ന് ശതമാനത്തിൽ താഴെയാണ്. അസം, ഒഡീഷ തുടങ്ങി ചില സംസ്ഥാനങ്ങളിൽ ഇതു നെഗറ്റീവിലുമാണ്. ഇത്തവണയും കേരളത്തിന്റെ ഗ്രാമീണ മേഖലയിലെ വിലക്കയറ്റത്തോത് രണ്ടക്കത്തിലാണ്, 10.5 ശതമാനം. നഗരമേഖലയിൽ 7.19 ശതമാനം.

അതേസമയം, ഇന്ത്യയിലെ ആകെ ചില്ലറവിലക്കയറ്റത്തോതിൽ കഴിഞ്ഞമാസം വർധന രേഖപ്പെടുത്തി. 2.07 ശതമാനമാണു നിരക്ക്. പച്ചക്കറികൾ, മത്സ്യം, മാംസം, മുട്ട, ഭക്ഷ്യഎണ്ണകൾ തുടങ്ങിയവയുടെ വില ഉയർന്നതാണ് മാസങ്ങളിലായി താഴേക്കായിരുന്ന വിലക്കയറ്റത്തോത് ഉയരാനുള്ള കാരണം. ജൂലൈയിൽ 1.61 ശതമാനമായിരുന്നു നിരക്ക്.അതേസമയം, കഴിഞ്ഞവർഷം ഓഗസ്റ്റിൽ വിലക്കയറ്റത്തോത് 3.65 ശതമാനമായിരുന്നു. ഗ്രാമീണ മേഖലയിലെ ഭക്ഷ്യോൽപന്നങ്ങളുടെ വിലക്കയറ്റത്തോതിൽ നേരിയ കുറവുണ്ട്.

# ശബരിമല സ്വർണംപൂശൽ: 2018 മുതലുള്ള രേഖകൾ ആവശ്യപ്പെട്ട് ഹൈക്കോടതി

കൊച്ചി: അനുമതിയില്ലാതെ, ശബരിമലയിലെ ദ്വാരപാലകശിൽപ്പങ്ങളിൽനിന്ന് സ്വർണപ്പാളികൾ ഇളക്കിമാറ്റി അറ്റകുറ്റപ്പണികൾക്കായി ചെന്നൈയിലേക്കു കൊണ്ടുപോയതിൽ ഹൈക്കോടതിയോട് മാപ്പപേക്ഷിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ്. ഭക്തർ കാണിക്ക എറിയുന്നതുമൂലം സ്വർണപ്പാളികൾക്കു കേടുപറ്റിയതിനാലാണ് അറ്റകുറ്റപ്പണി വേണ്ടിവന്നതെന്നു ബോർഡ് വിശദീകരിച്ചു.

സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചാണ് സ്പോൺസറുടെ ചെലവിൽ അറ്റകുറ്റപ്പണി നടത്തുന്നതെന്നും ബോർഡ് വ്യക്തമാക്കി. അറ്റകുറ്റപ്പണികൾക്കായി സ്വർണപാളി ഉരുക്കിയതിനാൽ തിരികെ കൊണ്ടുവരാനാവില്ലെന്ന് അറിയിച്ചതോടെ, അടിയന്തരമായി എത്തിക്കേണ്ടെന്നു കോടതി നിർദേശിച്ചു. എന്നാൽ, ശ്രീകോവിൽ സ്വർണം പൂശിയതുമായി ബന്ധപ്പെട്ട് 2018 മുതലുള്ള മഹസർ ഉൾപ്പെടെ മുഴുവൻ രേഖകളും ബോർഡ് ഹാജരാക്കണം. രേഖകൾ പരിശോധിച്ചശേഷം കോടതി അന്തിമതീരുമാനമെടുക്കും.

സന്നിധാനത്ത് ഇലക്ട്രോപ്ലേറ്റിങ് നടത്താൻ കഴിയാത്തതിനാലാണ് സ്വർണപ്പാളി ചെന്നൈയിലേക്കു കൊണ്ടുപോയതെന്നാണ് ബോർഡിന്റെ വാദം. സ്വർണപ്പാളി പുറത്തുകൊണ്ടുപോകുന്നതിനോട് തന്ത്രി കണ്ഠര് രാജീവര് വിസമ്മതിച്ചിരുന്നതായും സൂചനയുണ്ട്. 1998-ൽ വ്യവസായി വിജയ് മല്യ ശബരിമല ശ്രീകോവിൽ വഴിപാടായി സ്വർണം പൂശിയപ്പോൾ, ജോലികൾ നടന്നത് സന്നിധാനത്തായിരുന്നു. 2017-ൽ സ്വർണക്കൊടിമരം പ്രതിഷ്ഠിച്ചപ്പോൾ, ചെമ്പുപറകൾ സ്വർണം പൂശിയതും സന്നിധാനത്താണ്. 2019-ലാണ് ദ്വാരപാലകശിൽപ്പങ്ങളിൽ സ്വർണം പൂശിയ ചെമ്പുപാളികൾ പൊതിഞ്ഞത്. ബംഗളൂരുവിലെ മലയാളിഭക്തന്റെ വഴിപാടായിരുന്നു അത്. ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസ് എന്ന സ്ഥാപനത്തിൽ ചെമ്പുപാളികൾ കൊണ്ടുപോയാണ് സ്വർണം പൂശിയത്. 400 ഗ്രാം സ്വർണമാണ് പാളികളിലുള്ളത്. അറ്റകുറ്റപ്പണിക്കായി രാസലായനിയിൽ ലയിപ്പിച്ച് സ്വർണം വേർതിരിച്ചെടുക്കുമ്പോൾ കുറവുണ്ടായാൽ വാങ്ങിനൽകാമെന്ന് വഴിപാടുകാരൻ ദേവസ്വത്തെ അറിയിച്ചിട്ടുണ്ട്.

# വോട്ട് ചോരി പ്രചാരണം ഇന്ത്യയിലുടനീളം ശക്തമാക്കും: രാഹുൽ ഗാന്ധി



റായ്ബറേലി: 'വോട്ട് ചോരി' എന്ന മുദ്രാവാക്യം ഇന്ത്യയെങ്ങും പ്രതിധ്വനിക്കുന്നുണ്ടെന്നും കോൺഗ്രസ് പാർട്ടി കൂടുതൽ നാടകീയമായി ഇതു പ്രകടിപ്പിക്കുമെന്നും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. സ്വന്തം മണ്ഡലമായ റായ്ബറേലിയിൽ സന്ദർശനം നടത്തുമ്പോഴായിരുന്നു ബിജെപിക്കെതിരേയുള്ള അദ്ദേഹത്തിന്റെ പ്രതികരണം.

അതേസമയം രാഹുൽ ഗാന്ധിക്കെതിരെ ബിജെപിയും മണ്ഡലത്തിൽ റാലി സംഘടിപ്പിച്ചു. അടുത്തിടെ ബിഹാറിൽ സമാപിച്ച വോട്ടർ അവകാശയാത്രയ്ക്കിടെ പ്രധാനമന്ത്രിയുടെ അമ്മയെക്കുറിച്ചു നടത്തിയ പരാമർശങ്ങളെ അപലപിച്ചായിരുന്നു റാലി.

രാഹുൽ ഗാന്ധിക്കെതിരെ മുദ്രാവാക്യം വിളിച്ചുള്ള പ്രകടനത്തിൽ ബിജെപി പ്രവർത്തകർ പാർട്ടി പതാകകളും പ്ലക്കാർഡുകളും പ്രദർശിപ്പിച്ചു. ഉത്തർപ്രദേശ് മന്ത്രി ദിനേശ് പ്രതാപ് സിങ് ഉൾപ്പെടെ റാലിയിൽ പങ്കെടുത്തു. രാഹുൽ ഗാന്ധി ഇന്ത്യയോട് മാപ്പ് പറയണമെന്ന് പ്രതിഷേധക്കാർ ആവശ്യപ്പെട്ടു. ഇതിനിടെ ജനക്കൂട്ടത്തെ പിരിച്ചുവിടാനും റോഡിലിരുന്ന പ്രതിഷേധക്കാരെ നീക്കം ചെയ്യാനും പോലീസ് ശ്രമം നടത്തി. റായ്ബറേലി സന്ദർശിക്കുന്ന രാഹുൽ ഗാന്ധി ഹരചന്ദ്പുർ, ഉഞ്ചഹാർ നിയമസഭാ മണ്ഡലങ്ങളിലെ ബൂത്ത് ലെവൽ പാർട്ടി പ്രവർത്തകരുമായി കൂടിക്കാഴ്ച നടത്തും. തുടർന്ന് ശാന്തി ഗ്രാൻഡ് ഹോട്ടലിൽ പ്രജാപതി സമുദായ പ്രതിനിധികളുമായി സംവദിക്കും. തെരഞ്ഞെടുപ്പിലെ വോട്ട് മോഷണത്തിനെതിരെ കോൺഗ്രസ് പാർട്ടി റാലികളും പ്രക്ഷോഭങ്ങളും തുടരുകയാണ്. തെരഞ്ഞെടുപ്പ് ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർ ഉടൻ സ്ഥാനമൊഴിയണമെന്ന് ഛത്തീസ്ഗഢിന്റെ ചുമതലയുള്ള സച്ചിൻ പൈലറ്റ് ആവശ്യപ്പെട്ടു. 'വോട്ട് ചോരി സർക്കാർ രാജിവെക്കുക' എന്ന പ്രചാരണം ഛത്തീസ്ഗഢിലുടനീളം അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്.

# പരസ്യകലയിലെ കുലപതി ശങ്കർ കൃഷ്ണമൂർത്തി അന്തരിച്ചു



ചെന്നൈ: മലയാള പരസ്യകലയിലെ ആധുനികതയുടെ ആദ്യ പ്രയോക്താവും പ്രശസ്ത കോപ്പിറൈറ്ററുമായിരുന്ന ശങ്കർ കൃഷ്ണമൂർത്തി (ശിവ കൃഷ്ണമൂർത്തി-85) ചെന്നൈ സാലിഗ്രാമിൽ അന്തരിച്ചു.

1939-ൽ ആലപ്പുഴയിൽ ജനിച്ച കൃഷ്ണമൂർത്തി, എഴുപതുകളിൽ കോട്ടയത്തേക്ക് താമസം മാറ്റി. ഈ കാലഘട്ടത്തിലാണ് മലയാളത്തിലെ ഏറ്റവും പ്രശസ്തമായ ഭാഗ്യചിഹ്നങ്ങളിലൊന്നായ ഭീമ ജ്വല്ലറിയുടെ ഭീമ ബോയ് അദ്ദേഹത്തിന്റെ ഭാവനയിൽ പിറന്നത്. എൺപതുകളിൽ മലയാളത്തിലെ പ്രമുഖ പരസ്യ കമ്പനിയായിരുന്ന കെ.പി.ബിയുടെ ക്രിയേറ്റീവ് ഡയറക്ടറും കോപ്പി റൈറ്ററുമായി. പാലാട്ട് അച്ചാർ, വി ഗൈഡ് തുടങ്ങി അനേകം ബ്രാൻഡുകൾക്ക് പേര് നൽകിയതും പാലാട്ട് രുചിലോകത്തിന്റെ സാമ്രാട്ട്, മഴ മഴ, കുട കുട (സെന്റ് ജോർജ്/പോപ്പി), പുറത്ത് ചെറിയ കട, അകത്ത് അതിവിശാലമായ ഷോറൂം (കോട്ടയം അയ്യപ്പാസ്) എന്നിങ്ങനെ മലയാളികൾ ഇന്നും ഓർക്കുന്ന നിരവധി പരസ്യവാചകങ്ങൾ സൃഷ്ടിച്ചതും അദ്ദേഹമാണ്.

തമിഴ്, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ വലിയ പ്രാവീണ്യമുണ്ടായിരുന്നു. പരസ്യങ്ങൾക്കപ്പുറം, തമിഴ് പ്രസിദ്ധീകരണങ്ങളിൽ മുന്നൂറിലധികം ചെറുകഥകൾ എഴുതി. കാലചക്രം (2002) എന്ന സിനിമയ്ക്ക് തിരക്കഥയും സംഭാഷണവും രചിച്ചു. ജീവിതാവസാനം വരെ സജീവമായിരുന്ന അദ്ദേഹത്തിന്റെ പുതിയ കഥ ഏതാനും മാസങ്ങൾക്ക് മുൻപും വിമൻസ് എറ ഇംഗ്ലീഷ് മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. ഭാര്യ: ശാന്താ കൃഷ്ണമൂർത്തി. മക്കൾ: അജയ് ശങ്കർ (അമേരിക്ക), വിജയ് ശങ്കർ (സിനിമ എഡിറ്റർ), ആനന്ദ് ശങ്കർ (അമേരിക്ക). മരുമക്കൾ: മായ, ലയ, വൈജയന്തി.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 88.28 |
| യൂറോ | 103.52 |
| സ്റ്റെർലിംഗ്പൗണ്ട് | 119.70 |
| സ്വിസ് ഫ്രാങ്ക് | 110.82 |
| സിംഗപ്പൂർ ഡോളർ | 68.86 |
| കനേഡിയൻ ഡോളർ | 63.80 |
| ഒമാൻ റിയാൽ | 229.57 |
| ബഹ്റൈൻ ദിനാർ | 234.15 |
| സൗദി റിയാൽ | 23.53 |
| യു.എ.ഇ. ദിർഹം | 24.04 |
| കുവൈത്ത് ദിനാർ | 289.10 |

# ബില്ലുകൾ തടഞ്ഞുവെക്കുന്നത് സംസ്ഥാനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു: സുപ്രീംകോടതി

ന്യൂഡൽഹി: നിയമസഭ പാസാക്കിയ ബില്ലുകൾ ഗവർണറുടെ പക്കൽ വർഷങ്ങളായി കെട്ടിക്കിടക്കുമ്പോൾ സംസ്ഥാനങ്ങൾ തെറ്റായി മുറവിളി കൂട്ടുകയാണെന്ന് എങ്ങനെ പറയാൻ കഴിയുമെന്ന് കേന്ദ്രത്തോടു സുപ്രീംകോടതി. രാഷ്ട്രപതി പരാമർശവുമായി ബന്ധപ്പെട്ട വാദത്തിനിടെ കഴിഞ്ഞ 52 വർഷത്തിനുള്ളിൽ 17000 ബില്ലുകൾക്ക് അനുമതി നൽകിയപ്പോൾ വെറും 20 ബില്ലുകൾ തടഞ്ഞുവെച്ചതിന് സംസ്ഥാനങ്ങൾ തെറ്റായ മുറവിളി കൂട്ടുകയാണെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത ചൂണ്ടിക്കാട്ടിയപ്പോഴായിരുന്നു കോടതിയുടെ ചോദ്യം. ബില്ല് തയാറാക്കുമ്പോൾത്തന്നെ ഗവർണർക്ക് അതിൽ വിയോജിപ്പ് അറിയിക്കാൻ സാഹചര്യമുണ്ട്. എന്നാൽ പാസാക്കിയ ശേഷം ബില്ല് ഗവർണറുടെ അടുത്തേക്ക് വരുമ്പോൾ അദ്ദേഹം സമ്മതിക്കില്ലെന്ന് പറയുകയാണെന്നും ബെഞ്ചിലെ അംഗമായ ജസ്റ്റിസ് നരസിംഹ ചൂണ്ടിക്കാട്ടി. ഭരണഘടനപ്രകാരം ബിൽ തടഞ്ഞുവെക്കാൻ സാധിക്കില്ല. അത് അംഗീകരിക്കുകയോ പുനഃപരിശോധനയ്ക്കായി തിരിച്ചയയ്ക്കുകയോ ചെയ്യണം. എന്നാൽ പുനഃപരിശോധനയ്ക്കുശേഷം ബിൽ വീണ്ടും സമർപ്പിക്കുമ്പോൾ എന്തു ചെയ്യണമെന്ന കാര്യത്തിൽ ഭരണഘടന നിശബ്ദമാണെന്നും ജസ്റ്റിസ് നരസിംഹ ചൂണ്ടിക്കാട്ടി.



# കേന്ദ്രവുമായി സഹകരണത്തിന് തയ്യാർ: മുഖ്യമന്ത്രി

കൊച്ചി: നഗരവത്കരണമുൾപ്പെടെ വികസനവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളിലും കേന്ദ്ര സർക്കാരുമായി സഹകരിക്കാൻ കേരളം തയ്യാറാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നഗര വളർച്ചാനിരക്ക് ദേശീയ ശരാശരിയേക്കാൾ മുകളിലുള്ള കേരളം നഗരവത്കരണത്തെ ഏറെ ഗൗരവത്തോടെ സമീപിക്കേണ്ടതുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന പ്രഥമ കേരള അർബൻ കോൺക്ലേവ് 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



കേരള അർബൻ കോൺക്ലേവ് 2025 കൊച്ചിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തപ്പോൾ.


2035 ആകുമ്പോഴേക്കും കേരളത്തിലെ ജനസംഖ്യയുടെ 90 ശതമാനവും നഗര ജനസംഖ്യയായി മാറും. ഇതിന്റെ ഭാഗമായി ഉയർന്നുവരുന്ന വെല്ലുവിളികൾ ഏറ്റെടുക്കാനും അവസരങ്ങളെ പ്രയോജനപ്പെടുത്തണം. അതുകൂടി ലക്ഷ്യമിട്ടാണ് നവകേരളമെന്ന കാഴ്ചപ്പാട് മുന്നോട്ടുവെച്ചത്. കേരളപ്പിറവി ദിനത്തിൽ അതിദാരിദ്ര്യമില്ലാത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുമെന്നു മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി എം.ബി. രാജേഷ് അദ്ധ്യക്ഷത വഹിച്ചു. കേന്ദ്രമന്ത്രി മനോഹർലാൽ ഖട്ടർ, ശ്രീലങ്ക നഗരവികസന മന്ത്രി അനുര കരുണതിലക, ദക്ഷിണാഫ്രിക്കയിലെ അടിസ്ഥാന വികസന എക്സിക്യൂട്ടീവ് കൗൺസിൽ അംഗം മാർട്ടിൻ മേയർ, ഹിമാചൽപ്രദേശ് മരാമത്ത് നഗരവികസന വകുപ്പുമന്ത്രി വിക്രമാദിത്യ സിങ്, മന്ത്രിമാരായ കെ.എൻ. ബാലഗോപാൽ, പി. രാജീവ്, കേരള നഗര നയ കമ്മീഷൻ ചെയർമാൻ പ്രഫ. എം. സതീഷ്കുമാർ, സഹ അദ്ധ്യക്ഷനും കൊച്ചി മേയറുമായ എം. അനിൽകുമാർ, എംഎൽഎമാരായ ടി.ജെ. വിനോദ്, കെ.ജെ. മാക്സി, കെ. ബാബു, കെ.എൻ. ഉണ്ണികൃഷ്ണൻ, ജിസിഡിഎ ചെയർമാൻ കെ. ചന്ദ്രൻപിള്ള, ചീഫ് സെക്രട്ടറി എ. ജയതിലക് തുടങ്ങിയവർ പ്രസംഗിച്ചു.

കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള നഗരവികസനമാണ് കേരളത്തിന് ആവശ്യമെന്ന് കോൺക്ലേവിലെ വിവിധ സെഷനുകളിൽ വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു.

മന്ത്രിമാരും മേയർമാരും കൗൺസിലർമാരും വിദേശപ്രതിനിധികളും ഉൾപ്പെടെ ഹൈലെവൽ പൊളിറ്റിക്കൽ നയരൂപീകരണ ചർച്ചയും നടന്നു.

## കാൻസർ ചികിത്സയിലെ നൂതന കണ്ടെത്തൽ ഡോ. ജലധര ശോഭനന് ആഗോള അംഗീകാരം



തിരുവനന്തപുരം: ഹൂസ്റ്റണിലെ ബെയ്‌ലർ കോളജ് ഓഫ് മെഡിസിനിൽ പോസ്റ്റ് ഡോക്ടറൽ അസോസിയേറ്റും മലയാളിയുമായ ഡോ. ജലധര ശോഭനന് നാനോ ടെക്നോളജിയിൽ ആഗോള അംഗീകാരം. കാൻസറിനു കാരണമായേക്കാവുന്ന കോശങ്ങളെ നശിപ്പിക്കുന്നതിനായി ഫോട്ടോ സെൻസിറ്റൈസറും അൾട്രാസെൻസിറ്റീവ് ഓക്സിജൻ സെൻസറുമായി സംയോജിപ്പിക്കുന്ന നാനോ ഉപകരണം വികസിപ്പിച്ചതിനാണ് ഈ അംഗീകാരം.

കാൻസർ കോശങ്ങളുടെ സമയബന്ധിതമായ തിരിച്ചറിയലിന് ഒരു മില്ലിലിറ്റർ രക്തത്തിൽ 110 സർക്കുലേറ്റിംഗ് ട്യൂമർ സെല്ലുകൾവരെ കണ്ടെത്താൻ കഴിവുള്ള ലിക്വിഡ് ബയോപ്സി പ്ലാറ്റ്ഫോം ഡോ. ജലധര വികസിപ്പിച്ചിട്ടുണ്ട്. ഈ കണ്ടുപിടുത്തത്തിന് ജാപ്പനീസ് ഫോട്ടോകെമിസ്ട്രി അസോസിയേഷന്റെ ജെപിപിഎ രസതന്ത്ര അവതരണ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള 260 ഗവേഷകരിൽനിന്നാണ് ഡോ. ജലധര ശോഭനനെ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്. കേശവദാസപുരം കൊല്ലവിള സ്വദേശിനിയായ ഡോ. ജലധര പട്ടം കേന്ദ്രീയ വിദ്യാലയത്തിലാണ് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. വിമൻസ് കോളജിൽനിന്നും ബിരുദവും എം.ജി. യൂണിവേഴ്സിറ്റിയിൽനിന്നും ബിരുദാനന്തര ബിരുദവും നേടി. റിട്ട. എൻഫോഴ്സ് ഉദ്യോഗസ്ഥൻ ശോഭനന്റെയും ബീനയുടെയും മകളാണ് ഡോ. ജലധര.

## 'ഏക കിടപ്പാടം' ജപ്തി ചെയ്യില്ല

തിരുവനന്തപുരം: മനഃപൂർവമുള്ള വീഴ്ചയല്ലാതെ വായ്പാത്തിരിച്ചടവ് മുടങ്ങുന്നവരുടെ വീട് ജപ്തി തടയുന്ന 'ഏകകിടപ്പാടം' സംരക്ഷണ കരട് ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ വായ്പാത്തിരിച്ചടവ് മുടങ്ങുന്നവർക്കാണ് നിർദിഷ്ടനിയമത്തിന്റ പ്രയോജനം ലഭിക്കുക.

പ്രതിവർഷം മൂന്നുലക്ഷം രൂപയിൽത്താഴെ വരുമാനമുള്ളവരാകും ഗുണഭോക്താക്കൾ. ആകെ വായ്പാത്തുക അഞ്ചുലക്ഷം രൂപയും. പിഴ/പിഴപ്പലിശയടക്കം 10 ലക്ഷം രൂപയും കവിയാത്ത കേസുകളിൽ കർശന ഉപാധികളോടെ നിയമപരിരക്ഷ ലഭിക്കും. നിർദിഷ്ടസമിതികളാകും ഇക്കാര്യങ്ങൾ പരിശോധിച്ച് കണ്ടെത്തുക. ഇങ്ങനെ കണ്ടെത്തിയ കേസുകളിൽ, ഏകകിടപ്പാടം നഷ്ടപ്പെടുമെന്ന അവസ്ഥ വരുമ്പോൾ അവരുടെ പാർപ്പിടാവകാശം സംരക്ഷിക്കുന്ന ബില്ലാണിത്. കേരള കയർ തൊഴിലാളി ക്ഷേമനിധി ഭേദഗതി ബിൽ, 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും ഭേദഗതി കരട് ബിൽ, മുനിസിപ്പാലിറ്റി നിയമഭേദഗതി കരട് ബിൽ, പഞ്ചായത്ത് രാജ് നിയമഭേദഗതി കരട് ബിൽ, സ്വകാര്യകൈവശത്തിലുള്ള അധികഭൂമി ക്രമവത്കരണ കരട് ബിൽ എന്നിവയ്ക്കും മന്ത്രിസഭായോഗം അംഗീകാരം നൽകി. ക്രമവത്കരണം അനുവദിക്കുന്ന ഭൂമിക്ക് നിർണയിക്കപ്പെട്ടപ്രകാരം പരിധി ഏർപ്പെടുത്തും. കാർഷികവൃത്തിയുമായി ബന്ധപ്പെട്ടുള്ള കാളപൂട്ട്, കന്നുപൂട്ട്, മരമടി, ഉഴവ് മത്സരങ്ങൾ തുടർന്നും നടത്താൻ നിയമനിർമാണം നടത്തുന്നതിനുള്ള കരട് ബില്ലും അംഗീകരിച്ചു. 1960-ലെ കേന്ദ്ര നിയമനത്തിൽ ഭേദഗതി വരുത്താനുള്ളതാണ് കരട് ബിൽ.

## ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രീയപാർട്ടി ബിജെപിയെന്ന്

വിശാഖപട്ടണം: ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയായി ബിജെപി മാറിയെന്ന് ദേശീയ അദ്ധ്യക്ഷൻ ജെ.പി. നഡ്ഡ. 14 കോടി അംഗങ്ങളും രണ്ട് കോടി സജീവപ്രവർത്തകരും പാർട്ടിക്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. വിശാഖപട്ടണത്ത് നടന്ന പൊതുയോഗത്തിൽ സംസാരിക്കവേയാണ് ബിജെപിയുടെ ഇന്നത്തെ രാഷ്ട്രീയശക്തിയെക്കുറിച്ച് നഡ്ഡ തുറന്നു പറഞ്ഞത്. പാർട്ടിക്ക് രാജ്യത്ത് 240 എംപിമാരും 1500 എംഎൽഎമാരും 170 എംഎൽസിമാരും ഉണ്ട്. രാജ്യത്ത് 20 സംസ്ഥാനങ്ങളിൽ എൻഡിഎ സർക്കാരുകൾ ഭരണത്തിലുണ്ടെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, പാർട്ടിയുടെ ഇന്നത്തെ വളർച്ചയുടെ ക്രെഡിറ്റ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള സർക്കാരിനാണ് പൂർണ്ണമായും നഡ്ഡ കൈമാറിയത്. മോദി സർക്കാർ രാജ്യത്ത് വികസനം വേഗത്തിലാക്കി ജനങ്ങളെ പരിപാലിക്കുന്ന സർക്കാർ രൂപീകരിച്ചു. ബിജെപി ജനങ്ങൾക്ക് നല്കിയ വാഗ്ദാനങ്ങൾ പൂർത്തീകരിച്ചെന്നും രാമക്ഷേത്രം, സിഎഎ, വഖഫ്നിയമം തുടങ്ങിയവയുടെ പേരെടുത്തു പറഞ്ഞ് നഡ്ഡ വിശേഷിപ്പിച്ചു. ബിജെപി ദേശീയ അദ്ധ്യക്ഷ സ്ഥാനത്ത് ഉടൻ മാറ്റം പ്രതീക്ഷിക്കുന്ന വേളയിലാണ് നഡ്ഡ പാർട്ടിയുടെ കരുത്ത് കണക്കുകളിലൂടെ പുറത്തുവിട്ടത്.

## മണിപ്പൂരിൽ വീണ്ടും അക്രമം

ഇംഫാൽ: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തിനു തൊട്ടുപിന്നാലെ മണിപ്പൂരിൽ അക്രമസംഭവങ്ങൾ. ചുരാചന്ദ്പൂരിൽ സോമി ഗോത്രവിഭാഗത്തിൽപ്പെട്ടവർ കേന്ദ്ര സേനയുമായി ഏറ്റുമുട്ടി. ഇംഫാൽ വെസ്റ്റിൽ വീടുകളിലേക്കു മടങ്ങാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മെയ്തെയ് വനിതകൾ ദേശീയപാത രണ്ടിലൂടെ മാർച്ച് നടത്തി.

മണിപ്പൂർ കലാപം ആരംഭിച്ച് രണ്ടേകാൽ വർഷത്തിനു ശേഷമാണ് പ്രധാനമന്ത്രി സംസ്ഥാനം സന്ദർശിച്ചത്. ആവശ്യങ്ങളെക്കുറിച്ച് പ്രധാനമന്ത്രി പ്രതികരിക്കാത്തതിൽ ഇരുവിഭാഗങ്ങളും പ്രതിഷേധത്തിലാണ്. സന്ദർശനദിവസം മെയ്തെയ് വനിതകൾ പ്രകടനം നടത്തിയിരുന്നു മണിപ്പൂർ സർവകലാശാല കേന്ദ്രീകരിച്ചും പ്രതിഷേധം നടന്നു.

സന്ദർശനം പ്രഹസനമാണെന്ന് ആരോപിച്ച് കുക്കി-സോ ഗോത്രങ്ങളുടെ ഉപവിഭാഗമായ സോമികൾ ചുരാചന്ദ്പൂരിൽ സ്വീകരണ അലങ്കാരങ്ങൾക്കും ഹോർഡിങ്ങുകൾക്കും തീയിട്ടിരുന്നു. ഈ കേസിൽ അറസ്റ്റ് ചെയ്ത രണ്ട് യുവാക്കളെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടാണ് ഏറ്റുമുട്ടലുണ്ടായത്. മണിക്കൂറുകൾ ചുരാചന്ദ്പൂർ നഗരം യുദ്ധക്കളമായിരുന്നു.

ബിജെപി എംഎൽഎമാരോടു പോലും സംസാരിക്കാൻ പ്രധാനമന്ത്രി തയ്യാറായില്ലെന്ന് ചുരാചന്ദ്പൂരിലെ പ്രമുഖ ബിജെപി എംഎൽഎയും പ്രമുഖ കുക്കി നേതാവുമായ പാവോലിൻലാൽ ഹോകിപ് പറഞ്ഞു. സമാധാനം, പുനരധിവാസം, നീതി ഉറപ്പാക്കൽ തുടങ്ങിയ അടിയന്തര ആവശ്യങ്ങളോട് പ്രധാനമന്ത്രി പ്രതികരിച്ചില്ലെന്നും സന്ദർശനം പൊതുപണം പാഴാക്കലായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

## സി.പി. രാധാകൃഷ്ണൻ ഉപരാഷ്ട്രപതിയായി ചുമതലയേറ്റു

ന്യൂഡൽഹി: പതിനഞ്ചാമത് ഉപരാഷ്ട്രപതിയായി സി.പി. രാധാകൃഷ്ണൻ സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റു. സത്യപ്രതിജ്ഞാച്ചടങ്ങിനും രാജ്യസഭാ അദ്ധ്യക്ഷപദവിയേറ്റെടുക്കലിനും ശേഷംനടന്ന കക്ഷിനേതാക്കളുടെ യോഗത്തിൽ പ്രതിപക്ഷനേതാക്കളോട് തന്റെ കുടുംബത്തിലെ കമ്യൂണിസ്റ്റ്, കോൺഗ്രസ് ബന്ധങ്ങളെപ്പറ്റി പറഞ്ഞ് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. കക്ഷിനേതാക്കളുമായുള്ള സംഭാഷണത്തിനിടെ തന്റെ മുത്തച്ഛൻ കമ്യൂണിസ്റ്റായിരുന്നെന്നും അമ്മാവൻ കോൺഗ്രസുകാരനായിരുന്നെന്നും രാധാകൃഷ്ണൻ പ്രതിപക്ഷനേതാക്കളെ ഓർമ്മിപ്പിച്ചു. സിപിഎം നേതാവ് ജോൺ ബ്രിട്ടാസിനോട് സംസാരിക്കവേയാണ് മുത്തച്ഛൻ കമ്യൂണിസ്റ്റായിരുന്ന കാര്യം ഓർമ്മിച്ചത്. കോൺഗ്രസ് നേതാവ് ജയറാം രമേശിനോട്, തന്റെ അമ്മാവന്റെ കോൺഗ്രസ് പാരമ്പര്യത്തെപ്പറ്റി പറഞ്ഞു. അമ്മാവനെ മറക്കരുത് എന്നായിരുന്നു ജയറാം രമേശിന്റെ മറുപടി. അമ്മാവനെ മറന്നാലും മുത്തച്ഛനെ ഒരിക്കലും മറക്കരുതെന്ന് ബ്രിട്ടാസ് കൂട്ടിച്ചേർത്തപ്പോൾ കൂട്ടച്ചിരിയായി. എല്ലാവരെയും ഒരുമിപ്പിച്ച് കൊണ്ടുപോകാനായിരിക്കും തന്റെ ശ്രമമെന്ന് അദ്ദേഹം വ്യക്തമാക്കി.



രാഷ്ട്രപതിഭവനിൽനടന്ന ചടങ്ങിൽ പതിനഞ്ചാമത് ഉപരാഷ്ട്രപതിയായി സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റശേഷം സി.പി. രാധാകൃഷ്ണൻ രാഷ്ട്രപതി ദ്രൗപദി മുർമുവിനും പ്രധാനമന്ത്രി നരേന്ദ്രമോദിക്കുമൊപ്പം.

സെപ്റ്റംബർ 12-ന് വെള്ളിയാഴ്ച രാവിലെ രാഷ്ട്രപതിഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. രാജ്യസഭാ അദ്ധ്യക്ഷപദവിയും സി.പി. രാധാകൃഷ്ണൻ ഏറ്റെടുത്തു. ഇംഗ്ലീഷിൽ ദൈവനാമത്തിലാണ് സത്യപ്രതിജ്ഞ ചെയ്തത്. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്, അമിത്ഷാ, ബിജെപി അദ്ധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ.പി. നഡ്ഡ, മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, ലോക്സഭാസ്പീക്കർ ഓം ബിർള തുടങ്ങിയവർ പങ്കെടുത്തു.

## സർക്കാർ ഹർജിയും അപ്പീലും വൈകരുത്; സുപ്രീംകോടതി

ന്യൂഡൽഹി: ഭരണപരമായ വീഴ്ചമൂലം സർക്കാരിന്റെ ഹർജിയും അപ്പീലും വൈകുന്നത് അനുവദിക്കാൻ കഴിയില്ലെന്നു സുപ്രീംകോടതി വ്യക്തമാക്കി. ഇക്കാര്യത്തിൽ കർശന നിലപാട് സ്വീകരിക്കണമെന്ന് സുപ്രീംകോടതി ഹൈക്കോടതികളോട് നിർദേശിച്ചു. 11 വർഷം വൈകിയുള്ള അപ്പീൽ അനുവദിച്ച കർണാടക ഹൈക്കോടതി ഉത്തരവു റദ്ദാക്കിക്കൊണ്ടാണ് നടപടി.

# SEEKING BRIDEGROOM

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

## SEEKING BRIDEGROOM CONTD.....

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US.
Please Contact: **516-554-5698 or 516-554-5681**

## കെ.ഒ. ജോർജ്

**കാപ്പുന്തല:** കളപ്പുരയ്ക്കൽ കെ.ഒ. ജോർജ് (വർക്കിച്ചൻ-84) അന്തരിച്ചു. ഭാര്യ ജയ്ഗിരി കന്നുതൊട്ടിയിൽ ആനിയമ്മ. മക്കൾ: സിന്ധു (യുഎസ്), ബിന്ദു (യുകെ), അജി (കുവൈറ്റ്), ജെയ്ൻ (അബുദാബി). മരുമക്കൾ: ജോമോൻ വിച്ചാട് (രാമപുരം), ജോയി താന്നിയിൽ (ചേർപ്പുങ്കൽ), നെബു ചിറയിൽ (കൈനകരി), ജിന്റോ നടുവത്ത് (കോഴിക്കോട്).

**കോട്ടയം:** ബേക്കർ ഹിൽ കല്ലറയ്ക്കൽ കമല ജോൺ (92) അന്തരിച്ചു.

**ഉഴവൂർ:** നിരപ്പേൽ എൻ.സി. ഏബ്രഹാം (അവറാച്ചൻ-73) അന്തരിച്ചു.

**ചാന്നാനിക്കാട്:** പൂച്ചാക്കൽ ശ്രീകണ്ഠേശ്വരം എസ്.എൻ. ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അധ്യാപിക പണിക്കർ കുടുംബാംഗം മുടയംകുളത്ത് സിസി പി. ജോൺ (59) അന്തരിച്ചു.

**ഒറ്റപ്പാലം:** ലേഡി ഇമ്മാക്കുലേറ്റ് കോൺവന്റ് അപ്പസ്തോലിക് കാർമൽ സന്യാസിനി സഭാംഗം സിസ്റ്റർ ജൂസഫീന (97) അന്തരിച്ചു.

**കുടല്ലൂർ:** പനച്ചിക്കൽ കരോട്ട് (കാളിയാങ്കൽ പനച്ചിക്കൽ) കെ.എ. കുര്യൻ (കുര്യാച്ചൻ-88) അന്തരിച്ചു.

**മിത്രക്കരി:** കേരള കോൺഗ്രസ് മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും വള്ളംകളി കമന്റേറ്ററുമായിരുന്ന പരേതനായ പി.ഡി. ലൂക്കിന്റെ ഭാര്യ പുത്തൻപുരക്കൽ ലീസിക്കുട്ടി ലൂക്ക് (85) അന്തരിച്ചു. പരേത കൈനകരി കൊച്ചുകളപ്പുരയ്ക്കൽ കുടുംബാംഗമാണ്.

**നീലംപേരൂർ:** ചേരാറ്റുകളത്തിൽ കുര്യൻ ജോസഫിന്റെ ഭാര്യ ഓമന ജോസഫ് (62) അന്തരിച്ചു.

**പാറമ്പുഴ:** ഗവ. എൽ.പി. സ്കൂൾ റിട്ട. അധ്യാപകൻ അമ്പലത്തുങ്കലായ കൊല്ലക്കൊമ്പിൽ വി.ടി. സ്കറിയ (ബേബി-88) അന്തരിച്ചു.

**ഇളങ്ങുളം:** പുതുപ്പള്ളിൽ പി.ജെ. സെബാസ്റ്റ്യൻ (ബേബിച്ചൻ-71) അന്തരിച്ചു.

**കല്ലറ:** കളമ്പുകാട്ട് പുൽപ്രപുത്തൻപുരയിൽ പി. ജോസ് (73) അന്തരിച്ചു.

**കട്ടപ്പന:** വെള്ളയാംകുടി കാവുകാട്ട് പാസ്റ്റർ കെ.എം. ആൻഡ്രൂസ് (58) അന്തരിച്ചു.

**കുവപ്പള്ളി:** ഇടമണ്ണിൽ വീട്ടിൽ പരേതനായ കുട്ടപ്പൻ മകൻ ഇ.കെ. ജോമോൻ (43) അന്തരിച്ചു.

**ചാരുംമൂട്:** പ്ലാനിങ് ബോർഡ് മുൻ ഉദ്യോഗസ്ഥൻ കരിമുളയ്ക്കൽ വാഴപ്പള്ളിൽ തെക്കേതിൽ വി.ആർ. മുരളീധരൻ നായർ (58) അന്തരിച്ചു.

**കൊശമറ്റം:** നടുപ്പറമ്പിൽ പരേതനായ ചാക്കോയുടെയും ലീലാമ്മയുടെയും മകൻ ജോർജ് ചാക്കോ (-49) അന്തരിച്ചു.

## വർഗീസ് ജേക്കബ്

**ചെങ്ങന്നൂർ:** മുളക്കുഴ വടക്കനേത്ത് അയിരൂക്കുഴിയിൽ വർഗീസ് ജേക്കബ് (അനിയച്ചൻ-78) അന്തരിച്ചു. ഭാര്യ അയിരൂർ ആനക്കല്ലിൽ ജയ്നമ്മ ജേക്കബ്. മക്കൾ: അഞ്ജയ് ജേക്കബ് (കുവൈറ്റ്), ഡോ. അരുൺ വി. ജേക്കബ് (ടി.എം.എം. ഹോസ്പിറ്റൽ തിരുവല്ല), അബിയ ജേക്കബ് (യുഎസ്).

**മരങ്ങാട്ടുപിള്ളി:** മണിമലത്തറപ്പിൽ വി.എ. ജോസഫ് (പാപ്പച്ചൻ-88) അന്തരിച്ചു.

**കൊടുങ്ങല്ലൂർ:** വരാപ്പുഴ, കോട്ടപ്പുറം രൂപതകളിൽ വിവിധ പള്ളികളിലും സ്ഥാപനങ്ങളിലും പ്രവർത്തിച്ച കോട്ടപ്പുറം രൂപതയിലെ വൈദികനും മണലിക്കാട് സെ. ഫ്രാൻസിസ് അസീസി മൈനർ സെമിനാരി മുൻ റെക്ടറുമായിരുന്ന ഫാ. ജോസഫ് തട്ടകത്ത് (75) അന്തരിച്ചു.

**തോടനാൽ:** മിഷനറീസ് ഓഫ് ചാരിറ്റി സന്യാസ സഭാംഗമായ സിസ്റ്റർ സീന (ലില്ലിക്കുട്ടി-72) മേഘാലയയിൽ അന്തരിച്ചു.

**കോട്ടയം:** പാറമ്പുഴ ഇരുപതിൽ വർഗീസ് വർക്കി (68) യുകെയിൽ അന്തരിച്ചു.

## മേരി എസ്തപ്പാൻ

**ഉഴവൂർ ഈസ്റ്റ്:** ഇടക്കോലി കാവുംപുറത്ത് മേരി എസ്തപ്പാൻ (94) അന്തരിച്ചു. പടിഞ്ഞാറ്റിൻകര പഴേമ്പള്ളിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എസ്തപ്പാൻ. മക്കൾ: ചിന്നമ്മ, ഏലമ്മ, ത്രേസ്യാമ്മ, അലക്സ്, പരേതനായ ജോസ്കുഞ്ഞ്, ആൻസി, ബൻസി, ജസി, മനോജ്. മരുമക്കൾ: പീറ്റർ മുത്തുറുമ്പിൽ ഉഴവൂർ, മിനി നൂറ്റിയാനിക്കുന്നേൽ മാറിയിടം (കാനഡ), സ്റ്റീഫൻ ഇലവുങ്കൽ ഉഴവൂർ, മാത്യു വാഴപ്പള്ളിൽ ഉഴവൂർ, വിൻസി പെരികലത്തിൽ മാറിയിടം, ജോസ് ഇല്ലിക്കൽ ഏഴാച്ചേരി, ഏബ്രഹാം തേർവാലകട്ടയിൽ ഏറ്റുമാനൂർ, അലക്സ് കരിമ്പനച്ചാലിൽ മോനിപ്പള്ളി, ദീപ്തി മുണ്ടുപാലത്തിങ്കൽ മാറിക (എല്ലാവരും യുഎസ്).

**അമയന്നൂർ:** അയർക്കുന്നം സ്റ്റെയിൻസ് ഏജൻസീസ് ഉടമ വലിയ കിഴക്കേക്കരയിലായ പണ്ടാരകുന്നേൽ പി.കെ. ജോർജ് (92) അന്തരിച്ചു.

**ചങ്ങനാശേരി:** വടക്കേക്കര വയലുങ്കൽ ജെയിംസുകുട്ടിയുടെ ഭാര്യ ത്രേസ്യാമ്മ ജോസഫ് (തെയ്യാമ്മ-73) അന്തരിച്ചു.

**ഓണംതുരുത്ത്:** മുൻ നാവിക ഉദ്യോഗസ്ഥനും ഓണംതുരുത്ത് പാലാടം കുടുംബാംഗവുമായ (സീതാനിവാസ്) ഗോപാലകൃഷ്ണൻ പോറ്റി (87) അന്തരിച്ചു.

**കോത്തല:** പോലീസ് ഡിപ്പാർട്ടുമെന്റ് റിട്ട. ഉദ്യോഗസ്ഥൻ അനശ്വര ഭവനിൽ പി.കെ. രാമചന്ദ്രൻ നായർ (70) അന്തരിച്ചു.

**തൊടുപുഴ:** മുടവനാട്ട് ഏലിക്കുട്ടി ആന്റണി (88) അന്തരിച്ചു.

## വി.ഇ. വർഗീസ്

**മേപ്രാൽ:** മുൻ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് പുരയ്ക്കൽ വി.ഇ. വർഗീസ് (ബാബു-77) മാഞ്ചസ്റ്ററിൽ അന്തരിച്ചു. ഭാര്യ പഴമ്പാലക്കോട്ട് വാഴപ്പിള്ളി മേഴ്സി ചാർലി (റിട്ട. പ്രധാനാദ്ധ്യാപിക). മക്കൾ: സുമി വർഗീസ് (യുഎസ്), ആനി ടിജോ (യുകെ), അഡ്വ. റബേക്കാ സജേഷ്. മരുമക്കൾ: പാസ്റ്റർ ജിനു ജോൺ (യുഎസ്), ടിജോ കുരുവിള തണങ്ങുംപതിക്കൽ തോട്ടക്കാട് (യുകെ), സജേഷ് സാമുവൽ (മണ്ണാർകാട്).

**അതിരമ്പുഴ:** പാലാ ഗവ. ടെക്നിക്കൽ സ്കൂൾ റിട്ട. അദ്ധ്യാപകൻ ശ്രീകണ്ഠമംഗലം കുന്നേപ്പറമ്പിൽ കെ.ജെ. യോഹന്നാൻ (74) അന്തരിച്ചു.

**പന്തളം:** പന്തളം രാജകുടുംബാംഗം തിരുവോണംനാൾ ലക്ഷ്മിത്തമ്പുരാട്ടി (സുകുമാരി തമ്പുരാട്ടി-83) അന്തരിച്ചു.

**കഞ്ഞിക്കുഴി:** പുളിക്കൽചിറയിൽ വിഎസ്എസ്സി ഐഎസ്ആർഒ റിട്ട. ഉദ്യോഗസ്ഥൻ ഇട്ടികുമാർ (80) അന്തരിച്ചു.

**തിരുവല്ല:** റിട്ട. എയർഫോഴ്സ് ഉദ്യോഗസ്ഥൻ കുന്നന്താനം ചെത്തേടത്ത് പട്ടരുമഠത്തിൽ സി.കെ. യോഹന്നാൻ (കുഞ്ഞൂഞ്ഞുകുട്ടി-88) മുംബൈയിൽ അന്തരിച്ചു.

**പുലിക്കുട്ടിശേരി:** നെല്ലിപ്പള്ളിയിൽ എൽ.പി. അനീഷ് (അനുക്കുട്ടായി-45) അന്തരിച്ചു.

**ചങ്ങനാശേരി:** തുരുത്തി നേര്യംപറമ്പിൽ പരേതനായ ജോർജ് ജോസഫിന്റെ ഭാര്യ തങ്കമ്മ ജോർജ് (85) അന്തരിച്ചു.

**അമ്മഞ്ചേരി:** കൈപ്പുഴ തുരുത്തുമാലിൽ മണത്തണ പേരാവൂർ യു.പി. സ്കൂൾ റിട്ട. അദ്ധ്യാപിക ടി.എം. മേരിക്കുട്ടി (മേമ്മ-77) അന്തരിച്ചു.

**അരുവിത്തുറ:** താഴത്തേൽ ജോസഫ് തോമസ് (അവറാച്ചൻ-76) അന്തരിച്ചു.

**ആർപ്പൂക്കര:** ഇടച്ചേത്ര കുന്നത്തുകുഴി പരേതനായ ഏബ്രഹാമിന്റെ ഭാര്യ മേരിക്കുട്ടി ഏബ്രഹാം (84) അന്തരിച്ചു.

**കീഴൂർ:** കെഎസ്ആർടിസി റിട്ട. എടിഒ കളത്തറയിൽ കെ.സി. മാത്യു (78) അന്തരിച്ചു.

**ളാക്കാട്ടൂർ:** മൈലാടിയിൽ ബേബി സ്കറിയ (ബേബിച്ചൻ-66) അന്തരിച്ചു.

**ചതുർത്ഥ്യാകരി:** അത്തിക്കളത്തിൽ എം.പി. മോഹനൻ (71) അന്തരിച്ചു.

**അരീക്കര:** അറയ്ക്കപ്പറപ്പിൽ ജോസഫിന്റെ ഭാര്യ ഗ്രേസി ജോസഫ് (63) അന്തരിച്ചു.

**കുമരകം:** തേറമ്പിലായ പുറമറ്റ പി.സി. ചെറിയാൻ (തങ്കച്ചൻ-73) അന്തരിച്ചു.

**പൂവരണി:** കെടിയുസി (എം) സംസ്ഥാന സെക്രട്ടറി ടോമി മൂലയിലിന്റെ ഭാര്യ മോളി ടോമി (70) അന്തരിച്ചു.

**പേരൂർ:** കാക്കൂർ കെ.കെ. ചെറിയാൻ (ബേബി-74) അന്തരിച്ചു.

## ജോസഫ് ഇ. ഏബ്രഹാം

**കടുത്തുരുത്തി:** ഇലഞ്ഞിക്കുഴി ജോസഫ് ഇ. ഏബ്രഹാം (77) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ കുമരകം പുതുപ്പറമ്പിൽ ജോയമ്മ ജോസഫ്. മക്കൾ: ജെന്നി, ലൂസി, ജെയ്മി. മരുമക്കൾ: ജേക്കബ്, ടോമി, ജോയൽ.

## ആലീസ് ഏബ്രഹാം



**ന്യൂയോർക്ക്:** കൊല്ലാട് കാരക്കാട്ട് ജോസഫ് ഏബ്രഹാമിന്റെ (കുഞ്ഞ്) ഭാര്യ ആലീസ് ഏബ്രഹാം (78) ന്യൂയോർക്കിൽ അന്തരിച്ചു. ചെങ്ങളം പാലപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: സിബിൽ, ഷെറിൽ. മരുമക്കൾ: റെജി, റാഫേൽ.

**കൊല്ലപ്പള്ളി:** മുണ്ടക്കൽ പരേതനായ എം.സി. സെബാസ്റ്റ്യന്റെ (റിട്ട. എസ്ബിഐ) ഭാര്യ മോളി സെബാസ്റ്റ്യൻ (84) അന്തരിച്ചു.

**ചിറക്കടവ്:** മണ്ണംപ്ലാവ് പൊട്ടൻപ്ലാക്കൽ പരേതനായ ജോസിന്റെ മകൻ ജോമിച്ചൻ (40) അന്തരിച്ചു.

**ഏറ്റുമാനൂർ:** കാണക്കാരി പ്രഭാനിവാസിൽ പ്രഭാതിന്റെ ഭാര്യ അഞ്ജന സി. രാജ് (34) അന്തരിച്ചു.

**അളനാട്:** വാളിപ്ലാക്കൽ പരേതനായ വി.ഡി. വർഗീസിന്റെ മകൻ ജോർജ് വി. ജോർജ് (ജോർജുകുട്ടി-58) അന്തരിച്ചു.

**തിരുവനന്തപുരം:** ജയ്ഹിന്ദ് ടിവി സീനിയർ ന്യൂസ് എഡിറ്റർ-ന്യൂസ് ഇൻ ചാർജ് സി.ആർ. മാത്യു (53) അന്തരിച്ചു.

**റാന്നി:** അങ്ങാടി വടക്കേക്കര പുരയിടത്തിൽ കുഞ്ഞമ്മ ജോസഫ് (85) അന്തരിച്ചു.

**ആനിക്കാട് വെസ്റ്റ്:** മിഷനറീസ് ഓഫ് ചാരിറ്റി മഠാംഗം സിസ്റ്റർ മല്ലിക (75) വെല്ലൂരിൽ അന്തരിച്ചു.

**എരുതാപ്പുഴ:** ഉറുമ്പിതടത്തിൽ പരേതനായ പൈലി വർക്കിയുടെ ഭാര്യ മറിയക്കുട്ടി (92) അന്തരിച്ചു.

**ആലപ്പുഴ:** തുമ്പോളി അഴിയകത്ത് ചിന്നമ്മ ജോൺസൺ (87) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** അഞ്ചിലിപ്പ പൂതക്കുഴിയിൽ ജേക്കബ് കുര്യന്റെയും റോസമ്മ ജേക്കബിന്റെയും മകൻ ആന്റോ ജേക്കബ് (37) അന്തരിച്ചു.

**കിഴക്കേ കൂടല്ലൂർ:** ചേത്തലിൽ ഏലിക്കുട്ടി കുര്യാച്ചൻ (98) അന്തരിച്ചു.

## പി.സി. ബെൻ

**തിരുവനന്തപുരം:** ഏജീസ് ഓഫീസ് റിട്ട. സീനിയർ ഓഡിറ്റ് ഓഫീസർ പട്ടം പ്ലാമൂട് കൂവക്കാട് (എം.എൻ. ലെയ്ൻ 17) പി.സി. ബെൻ (അപ്പച്ചൻ-82) അന്തരിച്ചു. ഭാര്യ ചങ്ങനാശേരി മാമ്മൂട് പാലാക്കുന്നേൽ അന്നമ്മ ജോസഫ് (റിട്ട. അദ്ധ്യാപിക, കോട്ടൺഹിൽ സ്കൂൾ). മക്കൾ: ജ്യോതിഷ് (കിഫ്ബി), പ്രതീഷ് (ദോഹ), ആഷിഷ് (യുഎസ്). മരുമക്കൾ: ജൂലിൻ ചക്യായിൽ പായിപ്പാട് (അദ്ധ്യാപിക ലേകോൾ ചെമ്പക സ്കൂൾ കവടിയാർ), ജയമോൾ തെക്കേത്തൊട്ടിയിൽ (ദോഹ), അനു പഴയിടത്ത് തൊടുപുഴ (യുഎസ്).

**പുന്നവേലി:** പാറിടയിൽ പരേതനായ ഡി. ജോൺസിന്റെ ഭാര്യ റിട്ട. അദ്ധ്യാപിക അക്കാമ്മ ജോൺസ് (അമ്മിണി-90) അന്തരിച്ചു.

**പൊടിമറ്റം:** വളയത്തിൽ വി.കെ. ജോസഫ് (കുട്ടിയച്ചൻ-75) അന്തരിച്ചു.

**അഞ്ചേരി:** മണർകാട് വെട്ടിക്കുന്നേൽ പി.എ. ഏബ്രഹാമിന്റെ ഭാരേ്യനുറ്റിമംഗലം: കൊച്ചാലുംചുവട്ടിൽ പരേതനായ ഏബ്രഹാമിന്റെ ഭാര്യ ഏലിക്കുട്ടി ഏബ്രഹാം (93) അന്തരിച്ചു.

**വാകത്താനം:** മൈലക്കാട്ട് പരേതനായ എം.കെ. കുരുവിളയുടെ ഭാര്യ റെയ്ച്ചൽ കുരുവിള (തങ്കമ്മ-77) അന്തരിച്ചു.

**കോട്ടയം:** എസ്.എച്ച്. മൗണ്ട് ചൂട്ടുവേലി പുത്തൻപുരയ്ക്കൽ പി.ജെ. തോമസ് (വാവി-69) അന്തരിച്ചു.

**മീനടം:** കേരള പോലീസ് റിട്ട. സബ് ഇൻസ്പെക്ടർ കണ്ണോത്ര കെ.സി. മാത്യു (കുഞ്ഞുമോൻ-86) അന്തരിച്ചു.

**മണർകാട്:** തെങ്ങുംതുരുത്തേൽ ടി.എം. മാത്യു (ബിജു-64) അന്തരിച്ചു.

**എരുമേലി:** കൊരട്ടി (കുറിവാമൂഴി) നെടുംതകിടിയേൽ പരേതനായ എൻ.സി. സ്കറിയായുടെ ഭാര്യ മോനിക്ക സ്കറിയ (94) അന്തരിച്ചു.

**വൈക്കം:** റിട്ട. നേവി ഉദ്യോഗസ്ഥൻ ആറാട്ടുകുളങ്ങര ഗായത്രി വീട്ടിൽ കെ.എസ്. പ്രദീപ്കുമാർ (67) അന്തരിച്ചു.

**തീക്കോയി:** ജോയി ടെക്സ്റ്റൈൽസ് ഉടമ വലിയവീട്ടിൽ (പുറപ്പന്താനം) ജോയി ജോസഫ് (72) അന്തരിച്ചു.

**കോട്ടയം:** വളഞ്ഞാറ്റിൽ പരേതനായ ഡബ്ല്യു.ജെ. നൈനാന്റെ ഭാര്യ ശോശാമ്മ നൈനാൻ (98) അന്തരിച്ചു.

**തിരുവല്ല:** കല്ലുമൂല വീട്ടിൽ ജോണിന്റെയും ഏലിയാമ്മയുടെയും മകൾ സിസിലി ജോൺ (54) അന്തരിച്ചു.

**തെള്ളകം:** എസ്ബിടി റിട്ട. ചീഫ് മാനേജർ ആവിയിൽ എ.വി. ജോസഫ് (88) അന്തരിച്ചു.

**വേളൂർ:** അറുപതിൽ സ്കറിയ രാജു (71) അന്തരിച്ചു.

## പി.സി. ജോസഫ്

**അടൂർ:** നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ റിട്ട. പേഴ്സണൽ ഓഫീസർ താവളത്തിൽ പി.സി. ജോസഫ് (85) അന്തരിച്ചു. ഭാര്യ: പരേതയായ ലാലി ജോസ്. മക്കൾ: ഡോ. ജേക്കബ് ജോസ്, ഡോ. ഷേർലി ജോസ് (സൗദി), മെർലി ജോസ് (യുഎസ്). മരുമക്കൾ: ഡോ. റെജി കുര്യൻ (സൗദി), ഡോ. ബോബൻ മാത്യു (യുഎസ്), ഡോ. ബിൻസി ജേക്കബ് (കോട്ടയം).

**തിരുവല്ല:** വാരിക്കാട് കല്ലൂർമഠം മറിയാമ്മ കുര്യൻ (89) അന്തരിച്ചു.

**മൂന്നിലവ്:** അമ്മിയാനിക്കൽ പരേതനായ എ.വി. ജോസഫിന്റെ ഭാര്യ ഗ്രേസിക്കുട്ടി ജോസഫ് (88) അന്തരിച്ചു.

**കൊല്ലാട്:** ചാലുവേലിൽ പരേതനായ സി.കെ. ജോണിന്റെ (കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥൻ) ഭാര്യ പുതുപ്പള്ളി സെ. ജോർജ് ഹൈസ്കൂൾ റിട്ട. ഉദ്യോഗസ്ഥ ശോശാമ്മ ജോൺ (77) അന്തരിച്ചു.

**മണിമല:** കോട്ടയം എസ്ബിഐ റിട്ട. മാനേജർ അഴകത്ത് എ.ടി. ജോസ് (പാപ്പച്ചൻ-76) അന്തരിച്ചു.

**വടശേരിക്കര:** എച്ച്എസ് റിട്ട. പ്രധാനാദ്ധ്യാപകൻ താഴത്തില്ലത്ത് ഗ്രേസ് കോട്ടേജിൽ ടി.എം. മത്തായി (തമ്പി-100) അന്തരിച്ചു.

**കുടക്കച്ചിറ:** പൂഞ്ഞാർ നെല്ലിക്കച്ചാൽ എൻ. രാമകൃഷ്ണപിള്ളയുടെ മകൻ ആർ. വേലായുധൻ നായർ (91) അന്തരിച്ചു. മുൻ ചീഫ് സെക്രട്ടറി ആർ. രാമചന്ദ്രൻ നായരുടെ സഹോദരനാണ്.

**ഏന്തയാർ:** ചേലാട്ട് പരേതനായ സി.വി. തോമസിന്റെ ഭാര്യ അന്നമ്മ തോമസ് (92) അന്തരിച്ചു.

**നെടുങ്കുന്നം:** സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ റിട്ട. ചീഫ് മാനേജർ പുന്നയിൽ പി.സി. സെബാസ്റ്റ്യൻ (74) അന്തരിച്ചു.

**കോന്നി:** വകയാർ മെറ്റൽ ആർട്സ് എൻജിനീയറിങ് ഉടമ എബനേസർ കോട്ടേജിൽ രാജൻ ജോർജ് (66) അന്തരിച്ചു.

**തിരുവനന്തപുരം:** ഉള്ളൂർ നീരാഴി ലെയ്ൻ വടക്കേടത്ത് (റിട്ട. ടെക്നിക്കൽ ഓഫീസർ ശ്രീചിത്ര മെഡിക്കൽ സെന്റർ തിരുവനന്തപുരം) അശ്വതി സാമുവൽ (72) അന്തരിച്ചു.

**കുറ്റൂർ:** തയ്യിൽ എൽസമ്മ ജോസഫ് (ലീലാമ്മ-85) അന്തരിച്ചു.

**രാമപുരം:** ചെറുതുരുത്തി ഗവ. എച്ച്എസ്എസ് റിട്ട. അദ്ധ്യാപകൻ ചിറകണ്ടം നമ്പ്യാപറമ്പിൽ പള്ളത്ത് (കട്ടക്കയം) പി.ജെ. ജോസ് (74) അന്തരിച്ചു.

**ഇളമണ്ണൂർ:** വാതല്ലൂർ വി. ചാക്കോ (95) അന്തരിച്ചു.

**നീലൂർ:** കുഴിവേലിത്തടത്തിൽ മേരി മൈക്കിൾ (75) അന്തരിച്ചു.

## ഉപകാരസ്മരണ



*Inserted by: Firm Believer, Virginia*

## ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Bloomingdale*

## *Favors Received*



*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



*Inserted by: Firm Believer, Virginia*

## ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Bloomingdale*

## *Favors Received*



*Inserted by: Firm Believer, Chicago*

# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**
**845 480 4721** or
**email drmathai123@gmail.com**

## ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

**Visit Our Website:** **www.keralaexpress.com for Classified Advt.**




# ലോകഃ ചാപ്റ്റർ വൺ ചന്ദ്രയിലെ ഡ്രാമറ്റർജി

## ശാന്തി ബാലചന്ദ്രൻ



നടിയും സ്ക്രീൻ പ്ലേ റൈറ്ററുമായ ശാന്തി ബാലകൃഷ്ണന് അത്രമേൽ മധുരിതമാണ് ഈ ഓണക്കാലം. ഡൊമിനിക് അരുൺ സംവിധാനം ചെയ്ത ഫാന്റസി ത്രില്ലർ ലോകഃ ചാപ്റ്റർ വൺ ചന്ദ്രയിൽ ഡ്രാമറ്റർജി, അഡീഷണൽ സ്ക്രീൻ പ്ലേ റൈറ്റർ, കൃഷാന്ത് സംവിധാനം ചെയ്ത സോണി ലീവ് വെബ്സീരീസ് സംഭവവിവരണം, നാലരസംഘത്തിൽ കാരക്ടർ വേഷം, റോഷൻ മാത്യുവിന്റെ സംവിധാനത്തിൽ ഓണക്കാലത്തു സ്റ്റേജിലെത്തിയ ബൈ ബൈ ബൈപാസ് എന്ന നാടകത്തിൽ വേറിട്ട രണ്ടു വേഷങ്ങൾ, സിനിമ, നാടകം, എഴുത്ത്,.... ശാന്തി ബാലചന്ദ്രൻ സംസാരിക്കുന്നു.

ഞാനും ഡൊമിനിക്കും ഒന്നുചേരുന്ന മൂന്നാമത്തെ പ്രോജക്ടാണു ലോകഃ. തരംഗത്തിൽ അദ്ദേഹം സംവിധായകൻ, ഞാൻ അഭിനേത്രി. 2021-ൽ റിലീസായ ഒബ്ളിവിയൻ എന്ന മ്യൂസിക് ആൽബത്തിൽ ഞാൻ റൈറ്റർ, ഡൊമിനിക് ഡയറക്ടർ. ഒബ്ളിവിയൻ പൂർത്തിയായപ്പോൾ ഡൊമിനിക് ലോകഃയുടെ കഥപറഞ്ഞു. ഡൊമിനിക്കും സിനിമാറ്റോഗ്രഫർ നിമിഷും ഞാനും ഇതിലെ ക്രിയേറ്റീവ് ടീമിന്റെ ഭാഗമായ ജിതിൻ പുത്തഞ്ചേരിയും കൂടിയുള്ള ചർച്ചകളിൽ പടത്തിന്റെ സ്കെയിൽ വലുതായി. തുടർന്നാണ്, ദുൽഖറിന്റെ വേഫറിലേക്ക് ഇതെത്തിയതും അവർ നിർമാണത്തിനു സന്നദ്ധമായതും.




ലോകഃ സീരീസിലെ ആമുഖ ചിത്രമാണു ലോകഃ ചാപ്റ്റർ വൺ ചന്ദ്ര. ദേ ലിവ് എമങ് അസ് എന്നതാണു പടത്തിന്റെ ടാഗ് ലൈൻ. നമ്മളറിയാതെ നമ്മുടെ കൂടെത്തന്നെ ഒരു ഷാഡോ വേൾഡ് നിലനിൽക്കുന്നുണ്ട്. അവിടെ സൂപ്പർ നാചറൽ പവറുള്ള കുറേ ജീവികളും നമുക്കൊപ്പമുണ്ട്. അതാണു കഥാസാരം. കല്യാണി പ്രിയദർശന്റെ ലീഡ് ടൈറ്റിൽ കഥാപാത്രം ചന്ദ്രയ്ക്കു സൂപ്പർ നാചറൽ കഴിവുകളുണ്ട്. നസ്ലെൻ, ചന്തു, അരുൺ കുര്യൻ ഇവരുടെ കഥാപാത്രങ്ങളാണ് ഇതിലെ നോർമൽ മനുഷ്യർ. സാൻഡി മാസ്റ്റർ, വിജയ രാഘവൻ, നിഷാന്ത് സാഗർ തുടങ്ങിയവർ മറ്റു വേഷങ്ങളിൽ. ഇതിൽ ആക്ഷനും ത്രില്ലിംഗ് ചേരുവകളും നർമവുമുണ്ട്. ബിഗ്സ്ക്രീൻ അനുഭവം മുൻനിർത്തിയാണ് ഇതിലെ ദൃശ്യ, ശബ്ദ രൂപകല്പന. ഫാന്റസി ലോകത്തിനു ദൃശ്യഭാഷയൊരുക്കിയതിൽ പ്രൊഡക്ഷൻ ഡിസൈനർ ബംഗ്ലാൻ, ആർട്ട് ഡയറക്ടർ ജിത്തു സെബാസ്റ്റ്യൻ, കാമറാമാൻ നിമിഷ് എന്നിവരുടെ വൈഭവം പ്രധാനമായിരുന്നു.

കുട്ടിക്കാലംതൊട്ടേ എഴുതുന്നയാളാണു ഞാൻ. അഞ്ചു വയസുമുതൽ ചിത്രരചനാപരിശീലനത്തിനു കൊച്ചി കേരള കലാപീഠിൽ പോകുമായിരുന്നു. അവിടത്തെ കലാകാരന്മാരിലൂടെ കലയും സംസ്കാരവുമെല്ലാം അനുഭവിച്ചറിയാനുള്ള ഭാഗ്യം അക്കാലത്തേയുണ്ടായി. ആ ജീവിത പരിസരങ്ങൾ എന്നിൽ രൂപപ്പെടുത്തിയ സർഗവാസനയുടെ പ്രകാശനങ്ങൾ ചിലപ്പോൾ അഭിനയത്തിലൂടെയാവും. ചിലപ്പോൾ അത് എഴുത്തിലൂടെയും മറ്റ് ചിലപ്പോൾ സിനിമയുടെ പിന്നണി പ്രവർത്തനങ്ങളിലൂടെയുമാകാം. ഇതൊന്നും ഞാൻ കാര്യമായി പ്ലാൻ ചെയ്തിട്ടില്ല. ലോകഃയിൽ ഒന്നിച്ചു വർക്ക് ചെയ്യാൻ ഡൊമിനിക് വിളിക്കുകയായിരുന്നു. കേരള സംസ്കൃതിയിൽ വേരൂന്നിയതാണ് ഇതിന്റെ സ്റ്റോറിലൈൻ. അതിൽനിന്ന് ഒരു സൂപ്പർഹീറോ ലോകം സൃഷ്ടിക്കുക എന്നത് ആവേശജനകമായിരുന്നു.

നാടകം എഴുതാനും അവതരിപ്പിക്കാനുമുള്ള സിദ്ധാന്തങ്ങളും രീതികളും പഠിക്കുന്ന ശാസ്ത്രമാണ് ഡ്രാമറ്റർജി. നാടകത്തിൽ മാത്രമല്ല ഡാൻസിലും സിനിമയിലുമൊക്കെ അതിനു സാധ്യതകളുണ്ട്. ലോകഃയിലെ ഫാന്റസി ലോക രൂപകല്പന, കഥപറച്ചിൽരീതി രൂപപ്പെടുത്തൽ, ഇതിന്റെ ആർട്ട്, കാരക്ടർ, കോസ്റ്റ്യൂം, കൾച്ചർ ഡീറ്റയിലിംഗ്... അതിലൊക്കെ ഡ്രാമറ്റർജിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി. കേരളത്തിലും ബാംഗ്ലൂരിലുമായി ലൈവ് ലൊക്കേഷനിലും സ്റ്റുഡിയോയിലും ചിത്രീകരണം ലോകഃ സീരിസിന്റെ മൊത്തത്തിലുള്ള മിഥോളജി സംബന്ധിച്ച ഗവേഷണങ്ങളിലും ഡൊമിനിക്കിനൊപ്പം പങ്കാളിയായി.

എ വെരി നോർമൽ ഫാമിലി ആയിരുന്നു റോഷനുമൊത്ത് ഞാൻ മുമ്പു ചെയ്ത നാടകം, 2019-ൽ. കഴിഞ്ഞ വർഷം ബൈ ബൈ ബൈപാസിന്റെ കഥ റോഷൻ പങ്കുവെച്ചപ്പോൾ ഞങ്ങളെല്ലാം വീണ്ടും ആവേശത്തിലായി. ഏറെ നാളുകൾക്കു ശേഷം സ്റ്റേജിലേക്കു തിരിച്ചുചെല്ലുകയാണ്. ദർശന, റോഷൻ, രാജേഷ് മാധവൻ... ഇൻഡസ്ട്രിയിലെ ആക്ടേഴ്സും 9-5 ജോലിയുള്ളവരുമാണ് ഇതിലെ അഭിനേതാക്കൾ. ഞങ്ങളെല്ലാവരും സുഹൃത്തുക്കളുമാണ്.

നാലു പിള്ളേരുടെ കഥയാണത്. ഒരു ബൈപാസ് വരുമ്പോൾ അവരുടെ വീട് നഷ്ടപ്പെടാൻ പോവുകയാണ്. ആ വീടിനോട് അവർക്കു വലിയ ആത്മബന്ധമുണ്ട്. ഇതിൽ മൂന്നുപേർ കസിൻസും ഒരാൾ അവരുടെ അയൽവാസിയുമാണ്. ഓരോ വർഷവും ഇവർ സമ്മർ വെക്കേഷനു കൂടുമ്പോൾ ആ വീട് പോയാലോ എന്ന ആശങ്കയെ എങ്ങനെയാണ് അവർ കൈകാര്യം ചെയ്യുന്നത്, വീടു സംരക്ഷിക്കാൻ അവർ എന്തു ചെയ്യുന്നു.... ഇതൊക്കെയാണു കഥ. ഇതിൽ ഒരു കുട്ടിയുടെ അമ്മ, ഈ കുട്ടികളുടെ ഗ്രേറ്റ് ഗ്രാൻഡ് മദർ എന്നീ വേഷങ്ങളാണ് എനിക്ക്. ആദ്യത്തേതു ശോഭ. വളരെ സൗമ്യമായി സ്നേഹത്തോടെ പെരുമാറുന്ന ഒരമ്മ. മറ്റേതു പാറയിൽ തെയ്യാമ്മ എന്ന റഫ് ആൻഡ് ടഫ് കഥാപാത്രം.

റോഷൻ ഞങ്ങളോട് ചില സന്ദർഭങ്ങളാണു പറഞ്ഞത്. ആക്ടേഴ്സ് പല ഗ്രൂപ്പുകളായി തിരിഞ്ഞ് അവയെ തങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുത്തി സംഭാഷണങ്ങളാക്കി. അവയിൽ യോജ്യമായതെടുത്ത് റോഷനും ഫ്രാൻസിസും ശ്രുതി രാമചന്ദ്രനും കൂടി നാടകത്തിന്റെ കഥപറച്ചിൽ രൂപത്തിലേക്ക് എത്തിച്ചു. ഇതിന്റെ ഒമ്പതാമത്തെയും പത്താമത്തെയും ഷോസാണ് കൊച്ചി ജെ.റ്റി. പാക്കിൽ സെപ്റ്റംബർ ആറിനും ഏഴിനും പിന്നത്തെയാഴ്ച ബംഗളൂരുവിൽ. ഓരോ ഷോയും മുന്നേ ചെയ്തതിന്റെ തനിപ്പകർപ്പല്ല എന്നതാണ് ഇതിലെ മറ്റൊരാവേശം.

സംഭവവിവരണം നാലരസംഘം (ദ ക്രോണിക്കിൾസ് ഓഫ് ദ 4.5 ഗ്യാങ്) ഗ്യാങ്സ്റ്റർ കോമഡിയാണ്. അഞ്ചു കഥാപാത്രങ്ങളാണ് ഈ നാലരസംഘത്തിൽ. ഇവരെയെല്ലാം ചെറുപ്പം മുതൽ മധ്യവയസുവരെ ഇതിൽ കാണാം. അവരുടെ ജീവിതത്തിൽ സംഭവിക്കുന്ന കുറേ കാര്യങ്ങൾ നർമത്തിൽ പറയുന്നു. ജഗദീഷ്, ഇന്ദ്രൻസ് തുടങ്ങിയ സീനിയേഴ്സും പുതിയ ആക്ടേഴ്സുമെല്ലാം ചേർന്ന കാസ്റ്റിംഗ്. ബ്ലാക്ക് ഹ്യൂമറാണ് ഇതിന്റെ ഭാഷ. ഏറെ കളർഫുൾ കാഴ്ചകളാണ്. സംഭവബഹുലമായ ഒരു സീരീസ്. കിങ്ങിണി-അതാണ് എന്റെ കഥാപാത്രം. ആ പേര് എനിക്ക് ഏറെ ഇഷ്ടമായി. ക്രിഷാന്ത് എന്ന ഫിലിംമേക്കറിന്റെ വേൾഡിലെത്തിയതിൽ സന്തോഷം. ഒരു സീനിലോ കഥാപാത്രസ്വഭാവത്തിലോ നമുക്കു ചേർക്കണമെന്നു തോന്നുന്ന കൃത്യമായ ആശയങ്ങൾക്ക് അവിടെ ഇടമുണ്ടാവും.

ഓരോ സമയത്തും ഓരോന്നാണ് ആസ്വാദ്യം. ഒന്നു ചെയ്തു കഴിയുമ്പോൾ മറ്റേതു മിസ് ചെയ്യും. ഒന്നു ചെയ്യുമ്പോൾ അതിനാവും മുൻഗണന. സംവിധായികയാവണമെന്ന് ആഗ്രഹമില്ല. എനിക്കതു വർധിച്ച ഉത്തരവാദിത്വമായി തോന്നാറുണ്ട്. എഴുത്താണ് ഇഷ്ടം. എഴുതിയില്ലെങ്കിൽ ക്രിയേറ്റ് ചെയ്യാൻ ഒന്നുമില്ല. മുരളിഗോപി എഴുതിയ സോഷ്യൽ പൊളിറ്റിക്കൽ ഡ്രാമ അനന്തൻകാട്, കൃഷാന്തിന്റെ മസ്തിഷ്ക മരണം, കമൽ കെ.എം. സിനിമ എന്നിവയാണ് അടുത്ത റിലീസുകൾ.





# ‘മൂന്നാം നൊമ്പരം’ പ്രദർശനത്തിനൊരുങ്ങി

ഏഴു നൊമ്പരങ്ങൾ, അതിൽ പന്ത്രണ്ടാം വയസിൽ മറിയത്തിന്റെ പുത്രൻ യേശുവിന്റെ തിരോധാനമാണ് മൂന്നാമത്തെ നൊമ്പരം. യെരുശലേം തിരുനാളിൽ പങ്കെടുത്ത് മടക്കയാത്രയ്ക്കൊടുവിൽ തന്റെ ഓമന പുത്രൻ കൂടെയില്ല എന്നുള്ള സത്യം ആ പിതാവും മാതാവും തിരിച്ചറിയുന്നു. പിന്നീടങ്ങോട്ട് മകനെ കണ്ടെത്തുംവരെ അവർ അനുഭവിച്ച നിരവധി യാതനകൾ. ഇതാണ് മൂന്നാം നൊമ്പരം എന്ന ചിത്രത്തിന്റെ കഥാ തന്തു. 26-ന് ചിത്രം തിയറ്ററുകളിലെത്തും.

സെസെൻ മീഡിയ ബംഗളൂരുവിന്റെ ബാനറിൽ ജിജി കാർമേലെത്ത് നിർമിച്ച്, ജോഷി ഇല്ലത്ത് രചന നടത്തി സംവിധാനം ചെയ്യുന്ന ചിത്രമാണ് മൂന്നാം നൊമ്പരം. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ സിമി ജോസഫ്. ഡിഒപി രാമചന്ദ്രൻ, എഡിറ്റർ കപിൽ കൃഷ്ണ.

ഗാനരചനയും സംഗീതസംവിധാനവും ജോഷി ഇല്ലത്ത് നിർവഹിച്ചിരിക്കുന്നു. ബാക്ക് ഗ്രൗണ്ട് സ്കോർ-മറിയദാസ് വട്ടമാക്കൽ, മേക്കപ്പ്-നെൽസൺ സി.വി, കോസ്റ്റ്യൂംസ്-മിനി ഷാജി, കൊറിയോഗ്രാഫി-വിസ്മയ ദേവൻ, ഡിടിഎസ് മിക്സിംഗ് അനൂപ് അനിൽ കുമാർ, സൗണ്ട് എഫക്ട്സ് എൻ. ഷാബു ചെറുവള്ളൂർ, ഡിഐ കളറിസ്റ്റ്-സുരേഷ് എസ്ആർ, വിഎഫ്എക്സ് ആൻഡ് ടൈറ്റിൽ ആനിമേഷൻ- ഷിറോയ് ഫിലിം സ്റ്റുഡിയോ, അസോസിയേറ്റ് ഡയറക്ടർ - ടോണി അത്തിക്കളം, നെൽസൺ സി.വി, ഫൈനാൻസ് കൺട്രോളർ-വിൽസൺ സി. വി, പ്രോഗ്രാമർ-മധു പോൾ, സ്റ്റുഡിയോസ്-ഫുൾ സ്ക്രീൻ സിനിമാസ് ആൻഡ് കെജിഎഫ് കൊച്ചി, പ്രൊഡക്ഷൻ കൺട്രോളർ-ദേവരാജൻ എൻ.കെ, ടൈറ്റിൽ ഗ്രാഫിക്സ്-സിമിൽ ജോസ്, പബ്ലിസിറ്റി-ഡിസൈൻസ്, കോളിൻസ് ലിയോഫിൽ.




# കുംഭമേളയിലെ വെള്ളാരംകണ്ണുള്ള പെണ്ണ് മലയാള സിനിമയിൽ



ലക്ഷക്കണക്കിന് പേർ പങ്കെടുത്ത കുംഭമേളയിൽ താരമായി മാറിയൊരു പെൺകുട്ടി മോനി ബോൺസ്ലെ (മൊണാലിസ) മലയാളസിനിമാരംഗത്തേക്ക്. കുംഭമേളയിൽ 100 രൂപയ്ക്ക് മാല വിറ്റു നടന്ന അവളെ ‘ബ്രൗൺ ബ്യൂട്ടി’ എന്നാണു ദേശീയ മാധ്യമങ്ങൾ വിശേഷിപ്പിച്ചത്. സോഷ്യൽ മീഡിയയിൽ മുഴുവനും മൊണാലിസ തന്നെ ആയിരുന്നു അന്നു താരം.

കാണാൻ വരുന്നവരുടെ തിരക്ക് വർധിച്ചതോടെ മാല വിൽപ്പന അവസാനിപ്പിച്ച് മോനിക്കു തിരികെ നാട്ടിലേക്ക് പോകേണ്ടി വന്നതെല്ലാം വലിയ വാർത്തയായിരുന്നു. ഇതിനെല്ലാം പിന്നാലെ ഒരു ഹിന്ദി ആൽബത്തിൽ അഭിനയിച്ച മോനി സിനിമയിൽ അഭിനയിക്കാൻ കരാർ ഒപ്പിട്ടിരുന്നു. അതിന്റെ അണിയറ പ്രവർത്തനങ്ങളെല്ലാം നടക്കുകയാണെന്നാണ് വിവരം.

ഇതിനിടെ കേരളത്തിലേക്ക് വീണ്ടും എത്തിയിരിക്കുകയാണ് മോനി. അതും ഒരു മലയാള സിനിമയിൽ അഭിയിക്കാനായി. പി.കെ. ബിനു വർഗീസ് സംവിധാനം ചെയ്യുന്ന ചിത്രത്തിലാണ് മോനി അഭിനയിക്കുക. നാഗമ്മ എന്നാണ് ചിത്രത്തിന്റെ പേര്. ജില്ലി ജോർജ് ആണ് നിർമാണം. സിബി മലയിൽ ആണു സ്വിച്ച് ഓൺ കർമം നിർവഹിച്ചത്. കൈലാഷ് ആണ് നായക കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. പൂജാ വേദിയിൽ മോനിയെ കൊണ്ട് ഓണാശംസകൾ പറയിപ്പിക്കുന്ന കൈലാഷിന്റെ വീഡിയോ ഏറെ ശ്രദ്ധനേടിയിരുന്നു. മധ്യപ്രദേശിലെ ഇൻഡോർ സ്വദേശിനിയാണ് മൊണാലിസ. പ്രയാഗ്‌രാജിൽവെച്ച് നടന്ന മഹാ കുംഭമേളയിൽ മാതാപിതാക്കൾക്കും സുഹൃത്തുക്കൾക്കും ഒപ്പമായിരുന്നു അവർ മാല വിൽക്കാൻ എത്തിയത്.

കാമറകളുടെ കണ്ണിൽ ഉടക്കിയതോടെയാണ് മൊണാലിസയുടെ ജീവിതം മാറിയത്. നാഷണൽ മീഡിയകളിലെല്ലാം വെള്ളാംകണ്ണുള്ള ഈ പെൺകുട്ടി വാർത്തയായി. ഇങ്ങ് കേരളത്തിലും മൊണാലിസ ശ്രദ്ധനേടിയിരുന്നു.

# സജിൻ ബാബു സംവിധാനം ചെയ്ത ചിത്രം ‘തിയേറ്റർ: ദി മിത്ത് ഓഫ് റിയാലിറ്റി’




പരമ്പരാഗത ആചാരങ്ങൾക്കപ്പുറം... സ്വന്തം അവകാശ സ്വാതന്ത്ര്യത്തിനുവേണ്ടി... നിശബ്ദതയും നിഴലുകളും ഭേദിച്ച് വെളിച്ചത്തിലേക്ക്!

ദേശീയ, അന്തർദേശീയ അവാർഡുകൾക്കൊപ്പം ഒട്ടേറെ അംഗീകാരങ്ങൾ കരസ്ഥമാക്കിയ ‘ബിരിയാണി’ എന്ന ചിത്രത്തിന് ശേഷം സജിൻ ബാബു തിരക്കഥയെഴുതി സംവിധാനം ചെയ്ത ‘തിയേറ്റർ: ദി മിത്ത് ഓഫ് റിയാലിറ്റി’ ഒക്ടോബർ പതിനാറിന് പ്രദർശനത്തിനെത്തുന്നു. കേരളത്തിലെ മാഞ്ഞുപോകുന്ന ആചാരങ്ങളും സ്ത്രീവിശ്വാസങ്ങളും ഐതിഹ്യവും യാഥാർത്ഥ്യവും തമ്മിലുള്ള അതിർത്തികളും അതിലൂടെ മനുഷ്യജീവിതത്തെ ബാധിക്കുന്ന അനുഭവങ്ങളും ആഴത്തിൽ അവതരിപ്പിക്കുന്ന ചിത്രമാണ് ‘തിയേറ്റർ’.

അഞ്ജന ടാക്കീസിന്റെ ബാനറിൽ അഞ്ജന ഫിലിപ്പ്, ഫിലിപ്പ് സക്കറിയ എന്നിവർ ചേർന്ന് നിർമ്മിച്ച ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ശ്യാമപ്രകാശ് എം.എസ്. നിർവ്വഹിക്കുന്നു. സഹനിർമ്മാണം-സന്തോഷ് കോട്ടായി. റിമ കല്ലിങ്കലും സരസ ബാലുശ്ശേരിയും പ്രധാന വേഷങ്ങളിലെത്തുന്ന ഈ ചിത്രത്തിൽ ഡൈൻ ഡേവിസ്, പ്രമോദ് വെളിയനാട്, കൃഷ്ണൻ ബാലകൃഷ്ണൻ, മേഘ രാജൻ, ആൻ സലിം, ബാലാജി ശർമ, ഡി. രഘൂത്തമൻ, അഖിൽ കവലയൂർ, അപർണ സെൻ, ലക്ഷ്മി പത്മ, മീന രാജൻ, ആർ.ജെ. അഞ്ജലി, മീനാക്ഷി രവീന്ദ്രൻ, അശ്വതി, അരുൺ സോൾ, രതീഷ് രോഹിണി തുടങ്ങിയവരാണ് മറ്റ് പ്രധാന താരങ്ങൾ. എഡിറ്റിംഗ്-അപ്പു എൻ ഭട്ടതിരി, മ്യൂസിക്-സയീദ് അബ്ബാസ്, സിങ്ക് സൗണ്ട്-ഹരികുമാർ മാധവൻ നായർ, സൗണ്ട് മിക്സിംഗ് ജുബിൻ രാജ്, സൗണ്ട് ഡിസൈൻ-സജിൻ ബാബു, ജുബിൻ രാജു, ആർട്ട്-സജി ജോസഫ്, കോസ്റ്റ്യൂംസ്-ഗായത്രി കിഷോർ, ആക്ഷൻ-അഷറഫ് ഗുരുക്കൾ, വിഎഫ്എക്സ്-പ്രശാന്ത് കെ. നായർ, മേക്കപ്പ്-സേതു ശിവാനന്ദൻ-ആശ് അഷ്റഫ്, ലൈൻ പ്രൊഡ്യൂസർ-സുഭാഷ് ഉണ്ണി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-അജിത്ത് സാഗർ, പ്രൊഡക്ഷൻ കൺട്രോളർ-സംഗീത് രാജ്, ഡിസൈൻ-പുഷ് 360, സ്റ്റിൽസ്-ജിതേഷ് കടയ്ക്കൽ, മാർക്കറ്റിംഗ്-ഡോ. സംഗീത ജനചന്ദ്രൻ (സ്റ്റോറീസ് സോഷ്യൽ).

# ഇസ്രയേൽ ആക്രമണം; ഗാസയിൽ 48 പേർ കൊല്ലപ്പെട്ടു

ജറുസലം: ഗാസ സിറ്റിയിൽ സെപ്റ്റംബർ 14-ന് ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ 48 പേർ കൊല്ലപ്പെട്ടു. മുപ്പതോളം പാർപ്പിട സമുച്ചയങ്ങൾ ഇസ്രയേൽ സൈന്യം ബോംബിട്ടു തകർത്തു. ശേഷിക്കുന്ന പലസ്തീൻകാരെയും കുടിയൊഴിപ്പിക്കാൻ വീടുകളും കെട്ടിടങ്ങളും നശിപ്പിക്കുന്നത് ഇസ്രയേൽ സൈന്യം തുടരുകയാണ്.

ഓഗസ്റ്റിനുശേഷം 13,000 അഭയാർത്ഥികൂടാരങ്ങൾക്കുപുറമേ ഗാസ സിറ്റിയിൽ 1,600 പാർപ്പിടകേന്ദ്രങ്ങൾ ഇസ്രയേൽ തകർത്തെന്ന് ഗാസ അധികൃതർ പറഞ്ഞു. 14-ന് രണ്ട് പലസ്തീൻകാർ പട്ടിണിമൂലം മരിച്ചു. ഇതോടെ പട്ടിണിമരണം 145 കുട്ടികളടക്കം 422 ആയി. ഇസ്രയേൽ ആക്രമണങ്ങളിൽ ഗാസയിൽ ഇതുവരെ 64,871 പലസ്തീൻകാർ കൊല്ലപ്പെട്ടു. അതിനിടെ, യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ 14-ന് ഇസ്രയേലിലെത്തി. ബന്ദിമോചനം വേഗത്തിലാക്കുകയാണു ലക്ഷ്യമെന്ന് റൂബിയോ പറഞ്ഞു.

# നൂറുമേനി വിജയികളുടെ മഹാസംഗമം നടത്തി

ചങ്ങനാശേരി: ചങ്ങനാശേരി അതിരൂപത ബൈബിൾ അപ്പോസ്തലേറ്റും കുടുംബ കൂട്ടായ്മയും മാക് ടിവിയും സംയുക്തമായി അതിരൂപതയിലെ 250 ഇടവകകളിൽ ഒരു ലക്ഷത്തോളം ആളുകൾ പങ്കെടുത്ത നൂറുമേനി വചന മനഃപാഠം പദ്ധതിയിലെ വിജയികളുടെ സംഗമവും 'എന്റെ സ്വന്തം ബൈബിൾ' പദ്ധതിയുടെ ഉദ്ഘാടനവും വചനമഹോത്സവമായി എസ്.ബി. കേളജിലെ മാർ കാവുകാട്ട് ഹാളിൽ സംഘടിപ്പിച്ച മഹാസംഗമം തിരുവനന്തപുരം ആർച്ച് ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് ഉദ്ഘാടനം ചെയ്തു. ജീവിക്കുന്ന ക്രിസ്തുവിന്റെ പ്രതീകമാണ് വചനമെന്നും വിശുദ്ധ കുർബാനയിലെന്നപോലെ വചനത്തിലൂടെയും ഈശോ ഹൃദയത്തിലേക്ക് കടന്നുവരുന്നതായും ആർച്ച്ബിഷപ് പറഞ്ഞു.

ആർച്ച്ബിഷപ് മാർ തോമസ് തറയിൽ അധ്യക്ഷത വഹിച്ചു, സുവിശേഷം നന്മയുടെയും മാനവികതയുടെയും സ്നേഹസന്ദേശമായതിനാലാണ് സുവിശേഷം പ്രഘോഷിക്കുന്ന ക്രൈസ്തവർ ഏറെ പീഡിപ്പിക്കപ്പെടുകയും വെല്ലുവിളികൾ നേരിടുകയും ചെയ്യുന്നതെന്ന് മാർ തോമസ് തറയിൽ പറഞ്ഞു.

നൂറ്റിപ്പത്തൊൻപതാം സങ്കീർത്തനം മനഃപാഠമാക്കിയ രണ്ടാം ക്ലാസ് വിദ്യാർത്ഥികളായ ലൂക്കാ രാകേഷ്, ഇവാൻ വി. ബിജോയ് എന്നിവർക്ക് പേഴ്സണൽ ബൈബിൾ നല്കി 'എന്റെ സ്വന്തം ബൈബിൾ' പദ്ധതിയുടെ ഉദ്ഘാടനം മാക് തോമസ് തറയിൽ നിർവഹിച്ചു.

ചലച്ചിത്രനിർമ്മാതാവും ഗാനരചയിതാവുമായ ലിസി ഫെർണാണ്ടസ്, അതിരൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ, മീഡിയ വില്ലേജ് കോ-ഓർഡിനേറ്റർ ഫാ. ജോജിൻ ഇലഞ്ഞിക്കൽ, നൂറുമേനി വചന പദ്ധതി ചെയർമാൻ സണ്ണി തോമസ് ഇടിമണ്ണിക്കൽ, ബൈബിൾ അപ്പോസ്തലേറ്റ് അതിരൂപതാ പ്രസിഡണ്ട് പ്രഫ. റൂബിൾ രാജ്, നൂറുമേനി ജനറൽ കൺവീനർ ഡോ. ജോബിൻ എസ്. കൊട്ടാരം എന്നിവർ പ്രസംഗിച്ചു. ഗ്രാൻഡ് ഫിനാലെ വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു.

അതിരൂപതയിലെ 250 ഇടവകകളിൽ നിന്നായി ഒരു ലക്ഷത്തോളം പേർ പങ്കെടുത്ത ബൈബിൾ വചന മനഃപാഠ പദ്ധതിയായ നൂറുമേനി സീസൺ 3 മത്സരത്തിന്റെ ഫിനാലെയിൽ 148 പോയിന്റ് നേടി തിരുവനന്തപുരം റീജിയണിലെ ഡോ. അഭിലാഷ് കെ. തോമസ്, ഡോ. റോണാ ജോസഫ് പി., സെബാസ്റ്റ്യൻ തോമസ് കുഴിക്കാട്ടിൽ എന്നിവരടങ്ങിയ കുടുംബം ജേതാക്കളായി.

147 പോയിന്റ് നേടി കോട്ടയം റീജിയണിലെ ഡോ. സുജിൽ ജോ മാത്യു, ഡോ. അനു വർഗീസ്, മരിയ റോസ് ജോ മണിയങ്ങാട്ട് എന്നിവരടങ്ങിയ കുടുംബം രണ്ടാം സ്ഥാനവും 140 പോയിന്റ് നേടി കുട്ടനാട് റീജിയണിലെ മാത്യു തോമസ്, മേരിക്കുട്ടി തോമസ്,, ഡോ. മെർലി ആൻ മാത്യു തറയിൽ കാനാച്ചേരി എന്നിവരടങ്ങിയ കുടുംബം മൂന്നാം സ്ഥാനവും 120 പോയിന്റ് നേടി ചങ്ങനാശേരി റീജിയണിലെ ജെയിംസ് കെ. ജേക്കബ്, ഷൈനി സെബാസ്റ്റ്യൻ കോലോത്ത്, മരിയ ജോസഫ് എന്നിവരടങ്ങിയ കുടുംബം നാലാം സ്ഥാനവും 101 പോയിന്റ് നേടി നെടുങ്കുന്നം റീജിയണിലെ സോജി ചാക്കോ, മരിയ മാത്യു കൂനാനിക്കൽ എന്നിവരുടെ കുടുംബം അഞ്ചാം സ്ഥാനവും നേടി.

# ശബരി എയർപോർട്ട്: സർവേ ഭാഗികമായി പൂർത്തിയായി

കോട്ടയം: എരുമേലിയിലെ നിർദിഷ്ട ശബരി എയർപോർട്ട് നിർമാണത്തിനു മുന്നോടിയായി മണിമല വില്ലേജ് പരിധിയിൽ ചെറുവള്ളി എസ്റ്റേറ്റ് വക ഒഴികെ മറ്റു വ്യക്തികളുടെ സ്ഥലം സർവേ പൂർത്തിയായി. ബിലീവേഴ്സ് ചർച്ചിനു കീഴിൽ അയന ചാരിറ്റബിൾ ട്രസ്റ്റിന്റെ കൈവശമുള്ള ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥത സംബന്ധിച്ച് സർക്കാരുമായുള്ള കേസിന് തീരുമാനമാകാതെ അവിടെ സർവേ നടക്കില്ല. ഇതൊഴികെ മണിമല വില്ലേജിൽ സ്വകാര്യ വ്യക്തികളുടെ 15 ഹെക്ടറിന്റെ സർവേയാണ് പൂർത്തിയായത്. ഇതിന്റെ റിപ്പോർട്ട് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

എരുമേലി തെക്ക് വില്ലേജിൽ സ്വകാര്യ വ്യക്തികളുടെ 20 ഹെക്ടറിലെ സർവേ കഴിഞ്ഞു. എരുമേലി തെക്ക് വില്ലേജ് പരിധിയിലുള്ള ചെറുവള്ളി എസ്റ്റേറ്റ് സർവേയും കേസിൽ തീരുമാനമുണ്ടാകാതെ നടക്കില്ല. കേസിനു തീരുമാനമുണ്ടായാലും ചെറുവള്ളി എസ്റ്റേറ്റിലെ മരങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയവയുടെ എണ്ണം തിട്ടപ്പെടുത്തി വേണം നഷ്ടപരിഹാര തുക നിശ്ചയിക്കാൻ.

എരുമേലി തെക്ക്, മണിമല വില്ലേജുകളിൽനിന്ന് 1039.676 ഹെക്ടറാണ് (2570 ഏക്കർ) വിമാനത്താവളത്തിന് ഏറ്റെടുക്കുന്നത്. ജീവനക്കാരുടെ കുറവും പ്രതികൂല കാലാവസ്ഥയും മൂലം സർവേ പ്രതീക്ഷിച്ച വേഗത്തിൽ മുന്നോട്ടുപോകുന്നില്ല. സർവേ പൂർത്തിയായശേഷം ഏറ്റെടുക്കുന്ന ഭൂമിയിൽ മരങ്ങളുടെ മൂല്യം സോഷ്യൽ ഫോറസ്ട്രി വകുപ്പും കെട്ടിടങ്ങളുടേത് പൊതുമരാമത്തും ഭൂമിവില റവന്യൂ വകുപ്പും നിശ്ചയിക്കണം.

ബിലീവേഴ്സ് ചർച്ചും സർക്കാരും തമ്മിൽ എസ്റ്റേറ്റ് ഉടമസ്ഥതാവകാശം സംബന്ധിച്ച കേസ് ധാരണയിലാക്കുകയോ മൂല്യവില നിശ്ചയിച്ചശേഷം നഷ്ടപരിഹാരം കോടതിയിൽ കെട്ടിവെച്ച് സ്ഥലം ഏറ്റെടുക്കുകയോ ചെയ്താൽ മാത്രമേ പദ്ധതിക്ക് വേഗമുണ്ടാകൂ.

ഇതിനൊപ്പം സ്ഥലം വിട്ടുകൊടുക്കുന്നവർക്ക് നഷ്ടപരിഹാരം, എസ്റ്റേറ്റ് തൊഴിലാളികളുടെയും പ്രദേശവാസികളുടെയും പുനരധിവാസം തുടങ്ങിയ നടപടികളും നടപ്പാകണം. വിമാനത്താവളം നിർമാണത്തിന് കേന്ദ്ര പരിസ്ഥിതി, വനം, വ്യോമയാന വകുപ്പുകളുടെ പരിശോധനയും അനുമതിയും ബാക്കിയുണ്ട്.

# ഫ്ളാറ്റ് വാങ്ങുന്നവരുടെ താല്പര്യം സംരക്ഷിക്കണം

ന്യൂഡൽഹി: ഫ്ളാറ്റ് വാങ്ങുന്നവർ വിലയുടെ 20 ശതമാനമെങ്കിലും അടച്ചിട്ടുണ്ടെങ്കിൽ, പുതിയ ഭവനപദ്ധതികൾക്കുള്ള റിയൽ എസ്റ്റേറ്റ് ഇടപാടുകൾ കമ്പനികൾ പ്രാദേശിക റവന്യൂ അതോറിറ്റികളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് സുപ്രീംകോടതി.

വീടുകളും ഫ്ളാറ്റുകളും വാങ്ങുന്നവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് ജസ്റ്റിസ് ജെ.ബി. പർദിവാല അധ്യക്ഷനായ ബെഞ്ചിന്റെ നിർദേശം. റിയൽ എസ്റ്റേറ്റിൽ ഊഹക്കച്ചവടത്തിനായി പണമിറക്കി നഷ്ടം സംഭവിച്ചവരുടെ അപ്പീൽ തള്ളിയുള്ള വിധിയിലാണ് സുപ്രീംകോടതിയുടെ നിർദേശം.

റെറയുടെ (റിയൽ എസ്റ്റേറ്റ് നിയന്ത്രണ നിയമം) വിൽപ്പനക്കരാറിൽനിന്ന് റിയൽ എസ്റ്റേറ്റ് കമ്പനികൾ വ്യതിചലിക്കുന്നതിൽനിന്ന് ഉപയോക്താക്കൾക്ക് സംരക്ഷണം ഏർപ്പെടുത്തും. മാതൃകാ കരാറിൽനിന്ന് വ്യതിചലിക്കുന്നുണ്ടെങ്കിൽ അതിന്റെ സമ്മതപത്രം ഉപഭോക്താക്കളിൽനിന്ന് കമ്പനി മുൻകൂട്ടി കൈപ്പറ്റണം.

കരാറിലെ മാറ്റത്തെത്തുടർന്നുള്ള നഷ്ടസാധ്യത മനസ്സിലാക്കിയിട്ടുണ്ടെന്ന് കാണിച്ച് റവന്യൂ അധികൃതർക്കു മുൻപാകെ നൽകിയ സത്യവാങ്മൂലമാണ് കമ്പനികൾ വാങ്ങേണ്ടത്.

## വഖഫ് നിയമഭേദഗതി

(ഒന്നാം പേജിൽ നിന്നും)

വഖഫ് നിയമത്തിൽ കേന്ദ്ര സർക്കാർ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതികളെല്ലാം വഖഫ് സ്വത്തുക്കൾ പിടിച്ചെടുക്കാൻ ലക്ഷ്യമിട്ടുള്ളതാണെന്നാണ് ഹർജിക്കാർ വാദിച്ചത്. ഒപ്പം മുസ്‌ലിം സമുദായത്തെ രാജ്യത്ത് വേർതിരിച്ചു കാണുകയാണ് കേന്ദ്രം ലക്ഷ്യമിടുന്നതെന്നും വാദത്തിന്റെ അവസാനഘട്ടത്തിൽ ഹർജിക്കാർ ചൂണ്ടിക്കാട്ടി. ഇത്തരം വ്യവസ്ഥകൾ മറ്റു മതങ്ങളുടെ കാര്യത്തിൽ ഇല്ലെന്നും ഇക്കാര്യത്തിൽ ഗൂഢോദ്ദേശ്യമുണ്ടെന്നും ഹർജിക്കാർ ഉന്നയിച്ചു. എന്നാൽ, ഹർജിക്കാരുടെ വാദത്തെ പ്രതിരോധിച്ച കേന്ദ്രം 'വഖഫ് ബൈ യൂസർ' സ്വത്തുക്കളെക്കുറിച്ചുള്ള അവകാശം സർക്കാരിനു തിരിച്ചെടുക്കാൻ കഴിയുമെന്നാണ് വാദിച്ചത്. 1954-ൽ വഖഫ് ബൈ യൂസർ പ്രാബല്യത്തിൽ വന്നത് നയപരമായ തീരുമാനത്തിന്റെ ഭാഗമായിരുന്നു. ദുരുപയോഗം തടയാൻ അത് തിരിച്ചെടുക്കാനാവുമെന്നാണ് സോളിസിറ്റർ ജനറൽ (എസ്ജി) തുഷാർ മേത്ത വാദിച്ചത്.

## നിയമസഭയിലെത്തി

(ഒന്നാം പേജിൽ നിന്നും)

പി.വി. അൻവറിനു നൽകിയ സീറ്റാണ് ഇപ്പോൾ രാഹുലിന് നൽകിയിരിക്കുന്നത്. സഭയിൽ യുഡിഎഫ് ബ്ലോക്ക് തീർന്നതിനുശേഷം വരുന്ന അടുത്ത സീറ്റാണിത്. കഴിഞ്ഞ 20 ദിവസത്തിലധികമായി രാഹുൽ പൊതുപരിപാടികളിൽ ഒഴിവാക്കി വീട്ടിലാണ് ചെലവഴിച്ചത്. പ്രതിപക്ഷ നേതാവ് വി.ഡി. സതീശന്റെ എതിർപ്പ് തള്ളിയാണ് രാഹുൽ സഭയിലെത്തിച്ചേർന്നത്. ഇത് പാർട്ടിക്കുള്ളിൽ ശക്തമായ അഭിപ്രായ വ്യത്യാസങ്ങൾ ഉയരാനുള്ള സാധ്യതകളാണ് വിരൽചൂണ്ടുന്നത്.

രാഹുലിനെതിരെയുള്ള ആരോപണങ്ങളിൽ ക്രൈംബ്രാഞ്ച് അന്വേഷണം പുരോഗമിക്കുകയാണ്. ആരോപണങ്ങളെ തുടർന്ന് രാഹുൽ യൂത്ത് കോൺഗ്രസ് അധ്യക്ഷപദം രാജിവെച്ചിരുന്നു. അതിനിടെ, പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടത്തിലിനെ എസ്എഫ്ഐ പ്രവർത്തകർ തടഞ്ഞു. എംഎൽഎ ഹോസ്റ്റലിന് അടുത്തായാണു തടഞ്ഞത്. സഭാ സമ്മേളനത്തിൽ പങ്കെടുത്തശേഷം എംഎൽഎ ഹോസ്റ്റലിലേക്കു പോകുകയായിരുന്നു രാഹുൽ. സംഭവം നടക്കുന്ന സമയം പോലീസ് സ്ഥലത്തുണ്ടായിരുന്നില്ല. പിന്നീട് പോലീസെത്തി പ്രവർത്തകരെ നീക്കി. രാഹുൽ കാറിൽനിന്ന് ഇറങ്ങിയില്ല. ഡിസിപി ഉൾപ്പെടെയുള്ളവർ സ്ഥലത്തെത്തി. ജനാധിപത്യ സമരങ്ങൾക്ക് എതിരല്ലെന്നും മാധ്യമങ്ങളെ കാണുമെന്നും രാഹുൽ പ്രതികരിച്ചു.

നിയമസഭാ സമ്മേളനം 14-ന് തുടങ്ങിയെങ്കിലും മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, മുൻ സ്പീക്കർ പി.പി. തങ്കച്ചൻ, പീരുമേട് നിയമസഭാംഗമായ വാഴൂർ സോമൻ എന്നിവർക്കുള്ള ചരമോപചാരം മാത്രമാണ് ആദ്യ ദിവസത്തെ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# ലേണേഴ്സ് ലൈസൻസ് പരീക്ഷ രൂപം മാറുന്നു

തിരുവനന്തപുരം: ഒക്ടോബർ ഒന്നു മുതൽ മോട്ടോർ വാഹനവകുപ്പ് ലേണേഴ്സ് ലൈസൻസ് പരീക്ഷയുടെ രൂപം മാറും. ലേണേഴ്സ് ടെസ്റ്റിന്റെ ഓൺലൈൻ പരീക്ഷയിൽ ചോദ്യങ്ങളുടെ എണ്ണം 20-ൽ നിന്ന് 30 ആകും. വിജയിക്കാൻ 60 ശതമാനം മാർക്ക് വേണ്ടതിനാൽ 18 ചോദ്യങ്ങൾക്കെങ്കിലും ശരിയുത്തരം നല്കണം. ഓരോ ചോദ്യത്തിനും 30 സെക്കൻഡ് സമയം ലഭിക്കും. മോട്ടോർവാഹന വകുപ്പിന്റെ പുതിയ എംവിഡി ലീഡ്സ് മൊബൈൽ ആപ് അടിസ്ഥാനമാക്കിയായിരിക്കും പരീക്ഷ. സിലബസ് ആപ്പിൽ ലഭിക്കും. യഥാർത്ഥ പരീക്ഷക്ക് മുൻപ് ഈ ആപ്പിൽ പരിശീലന ടെസ്റ്റുകളും മോക്ക് ടെസ്റ്റുകളും നടത്തി പരിശീലിക്കാം. ലീഡ്സ് ആപ്പിലെ മോക്ക് ടെസ്റ്റുകളിൽ വിവിധ ഘട്ടങ്ങൾ വിജയിക്കുന്നവർക്ക് റോഡ് സുരക്ഷാ സർട്ടിഫിക്കറ്റ് ലഭിക്കും. ഈ സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്ക് ലേണേഴ്സിനു മുൻപുള്ള നിർബന്ധിത റോഡ് സുരക്ഷാ ക്ലാസിൽ പങ്കെടുക്കുന്നതിൽ നിന്ന് ഇളവ് ലഭിക്കും.

റോഡ് സുരക്ഷ സംബന്ധിച്ച് മോട്ടോർവാഹന വകുപ്പ് ജീവനക്കാർക്കും ഡ്രൈവിംഗ് പരിശീലകർക്കും പരീക്ഷയുണ്ടാകും. ഡ്രൈവിങ് പരിശീലനം തുടരാനും ഇൻസ്ട്രക്ടർക്ക് ലൈസൻസ് നിലനിർത്താനും ഡ്രൈവിങ് സ്കൂൾ പരിശീലകർ ലീഡ്സ് ആപ്പിലെ പരീക്ഷ പാസായി സർട്ടിഫിക്കറ്റ് നേടുന്നത് നിർബന്ധമാക്കും. ആപ് ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ബസിൽ കൺസഷൻ ലഭിക്കുമെന്നും വകുപ്പ് അറിയിച്ചു. ആപ്പിലെ ക്യൂആർ കോഡ് കാണിച്ചാൽ വിദ്യാർത്ഥികൾക്ക് കെഎസ്ആർടിസി, സ്വകാര്യ ബസുകളിൽ സ്റ്റുഡന്റ് ടിക്കറ്റ് കൺസഷൻ ലഭിക്കും. വകുപ്പിലെ എല്ലാ ജീവനക്കാരും റോഡ് സുരക്ഷാ സർട്ടിഫിക്കറ്റ് പരീക്ഷ പാസാകണമെന്നതും നിർബന്ധമാക്കി. ജീവനക്കാരുടെ വാർഷിക പെർഫോമൻസ് റിപ്പോർട്ടിലും സർവീസ് ആനുകൂല്യങ്ങളിലും ഈ പരീക്ഷാഫലം ഉൾപ്പെടുത്തും.

# പവൻകുമാർ ശർമ ഡപ്യൂട്ടി ഇലക്ഷൻ കമ്മീഷണർ

ന്യൂഡൽഹി: മുതിർന്ന ഉദ്യോഗസ്ഥൻ പവൻ കുമാർ ശർമയെ ഡപ്യൂട്ടി ഇലക്ഷൻ കമ്മീഷണറായി നിയമിച്ചു. 1999 ബാച്ച് മധ്യപ്രദേശ് കേഡർ ഐഎഎസ് ഉദ്യോഗസ്ഥനായ ഇദ്ദേഹം പ്രതിരോധ മന്ത്രാലയത്തിൽ അഡീഷണൽ സെക്രട്ടറിയാണ്. ഇതുൾപ്പെടെ 35 സിവിൽ സർവീസ് ഉദ്യോഗസ്ഥർക്കു വിവിധ കേന്ദ്രസർക്കാർ വകുപ്പുകളിൽ നിയമനം നൽകി. കേരള കേഡറിലെ മലയാളി ഉദ്യോഗസ്ഥൻ എസ്. ഹരികിഷോറിനെ ടൂറിസം മന്ത്രാലയത്തിൽ ജോയിന്റ് സെക്രട്ടറിയാക്കി. ഹരികിഷോറിന്റെ അപേക്ഷ പരിഗണിച്ചാണു നടപടി.

2008 ബാച്ച് ബംഗാൾ കേഡർ ഐഎഎസ് ഉദ്യോഗസ്ഥ വി. ലളിതാലക്ഷ്മിയെ ഉപരാഷ്ട്രപതി സെക്രട്ടേറിയറ്റിൽ ജോയിന്റ് സെക്രട്ടറിയായി നിയമിച്ചു. ഇൻഫർമേഷൻ സർവീസിലെ മുതിർന്ന ഉദ്യോഗസ്ഥ നിധി പാണ്ഡെയെ അറ്റോമിക് എനർജി വകുപ്പിൽ ജോയിന്റ് സെക്രട്ടറിയായും നിയമിച്ചു.

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*



K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

**Tel: 847-724-3020 • Cell: 847-833-6038**

CPA℠ America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



# Grace CONVENTION CENTER

Punnamoodu, Mavelikara




DESTINATION Wedding Package in KERALA

**Rate : $ 25,000 /- (Dollars Only)**

(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| | BETROTHAL, BAPTISM, |
| FUSION, TALLMAN SECURITY, | BIRTHDAY PARTIES, |
| PREMIUM CARS, ENTERTAINMENT | HOUSE WARMING |
| CHURCH CHOIR, ANCHORING | BUSINESS CONFERENCE |
| LED WALL, LIVE STREAMING | GET TOGETHER Etc; |



TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**